# സാമൂഹ്യശാസ്ത്രം I

## ഭാഗം - 2

## സ്റ്റാൻഡേർഡ് IX

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2024

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

**സാമൂഹ്യശാസ്ത്രം I**

**9**

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in
e-mail : scertkerala@gmail.com, Phone : 0471 - 2341883,
Typesetting and Layout : SCERT
First Edition : 2024
*Printed at* : KBPS, Kakkanad, Kochi-30
© Department of General Education, Government of Kerala

പ്രിയപ്പെട്ട കുട്ടികളേ,

സമകാലീനസമൂഹത്തെ തിരിച്ചറിയുന്നതിനും ഫലപ്രദമായ ഇടപെടലുകൾ നടത്തിക്കൊണ്ട് ഉത്തരവാദിത്തപൂർണ്ണമായ പൗര ജീവിതം നയിക്കുന്നതിനും നമുക്കു കഴിയണം. അതിന്, സാമൂഹ്യ ശാസ്ത്രപഠനം നമ്മെ സഹായിക്കുന്നു. ചോളനാട്ടിൽ നിന്നും ഡൽഹി യിലേക്ക് എന്ന ആറാമത്തെ പ്രമേയത്തിൽ ചോളരാജ്യം മുതൽ ഡൽഹി സൽത്തനത്ത് വരെയുള്ള ചരിത്രം പ്രതിപാദിക്കുന്നു. ജനാധിപത്യത്തിന്റെ വ്യാപനം സ്ഥാപനങ്ങളിലൂടെ എന്ന ഏഴാമത്തെ പ്രമേയത്തിൽ വിവിധ സ്ഥാപനങ്ങളിലൂടെ ജനാധിപത്യത്തിന്റെ വ്യാപനത്തെപ്പറ്റി ചർച്ച ചെയ്യുന്നു. ലിംഗവിവേചനമില്ലാത്ത സമൂഹ ത്തിലേക്ക് എന്ന എട്ടാമത്തെ പ്രമേയത്തിൽ ലിംഗവ്യത്യാസം, ലിംഗപദവി, ധർമ്മങ്ങൾ, ഭരണഘടനയിലെ ലിംഗപദവി എന്നിവ ചർച്ച ചെയ്യുന്നു. പ്രധാന വിവര സ്രോതസുകളെ പരിചയപ്പെട്ടും വിശകലനം ചെയ്തും വ്യാഖ്യാനിച്ചും അറിവു നിർമ്മാണം നടക്കുന്ന രീതിയിലാണ് പാഠങ്ങൾ വിഭാവനം ചെയ്തിട്ടുള്ളത്. ശാസ്ത്ര-സാങ്കേതിക സൗകര്യങ്ങളെ പഠനത്തിൽ പ്രയോജനപ്പെടുത്തുന്നതിന് അവസരമുണ്ട്. ജനാധിപത്യ മതേതര മൂല്യങ്ങളോടൊപ്പം ശാസ്ത്രീയവും ബഹുസ്വരതയെ ഉൾക്കൊള്ളുന്ന തുമായ മനോഭാവവും ഇതിലൂടെ കുട്ടികളിൽ രൂപപ്പെടേണ്ടതാണ്.

ആശംസകളോടെ,

**ഡോ. ജയപ്രകാശ് ആർ. കെ.**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

# പാഠപുസ്തകരചനാസമിതി

## അഡൈ്വസർ

**ഡോ. കെ.എൻ. ഗണേഷ്**
ചെയർമാൻ, കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച്

## ചെയർപേഴ്സൺ

**ഡോ. ശിവദാസൻ പി.**
സീനിയർ പ്രൊഫസർ, ഡിപ്പാർട്ടുമെന്റ് ഓഫ് ഹിസ്റ്ററി, കാലിക്കട്ട് യൂണിവേഴ്സിറ്റി

## വിദഗ്ധർ

**ഡോ. ബൈജു കെ.സി.**
പ്രൊഫസർ & വൈസ് ചാൻസിലർ (ഇൻ-ചാർജ്)
ഡിപ്പാർട്ടുമെന്റ് ഓഫ് ഇക്കണോമിക്സ്,
സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള, കാസർഗോഡ്

**ഡോ. കെ.കെ. രാധ**
പ്രിൻസിപ്പൽ (റിട്ട)
ഗവ. വിമൻസ് കോളേജ്
തിരുവനന്തപുരം

**ഡോ. പ്രദീപ്കുമാർ കെ.**
അസോസിയേറ്റ് പ്രൊഫസർ & ഹെഡ്
ഡിപ്പാർട്ടുമെന്റ് ഓഫ് പൊളിറ്റിക്കൽ സയൻസ്
ഗവ. കോളേജ്, ആറ്റിങ്ങൽ, തിരുവനന്തപുരം

## അംഗങ്ങൾ

**ബിനോ പി. ജോസ്**
അസിസ്റ്റന്റ് പ്രൊഫസർ
സെന്റ് ഡൊമനിക് കോളേജ്
കാഞ്ഞിരപ്പള്ളി, കോട്ടയം

**ഡോ. നന്ദകുമാർ ബി.വി.**
അസിസ്റ്റന്റ് പ്രൊഫസർ
എസ്.എൻ. കോളേജ്
വർക്കല, തിരുവനന്തപുരം

**യൂസഫ് കുമാർ എസ്.എം.**
പ്രിൻസിപ്പൽ, ജി.എച്ച്.എസ്.എസ്.
ചിതറ, കൊല്ലം

**അജു എസ്.**
എച്ച്.എസ്.എസ്.ടി., ഹിസ്റ്ററി
ജി.എച്ച്.എസ്.എസ്.
വെച്ചൂച്ചിറ കോളനി, പത്തനംതിട്ട

**പ്രദീപൻ ടി.**
എച്ച്.എസ്.എസ്.ടി., ഹിസ്റ്ററി
ജി.എച്ച്.എസ്.എസ്. പാലയാട്, കണ്ണൂർ

**നജീം എ.**
പ്രിൻസിപ്പാൾ, ജി.എച്ച്.എസ്.എസ്.
കടയ്ക്കൽ, കൊല്ലം

**രാജൻ എം.**
എച്ച്.എസ്.ടി., സോഷ്യൽ സയൻസ്
ജി.എച്ച്.എസ്. നാഗലശ്ശേരി, പാലക്കാട്

**ശ്രീജിത്ത് എം. മൂത്തേടത്ത്**
എച്ച്.എസ്.ടി., സോഷ്യൽ സയൻസ്
സി.എൻ.എൻ. ജി.എച്ച്.എസ്. ചേർപ്പ്, തൃശ്ശൂർ

**സന്ധ്യാറാണി പി.എസ്.**
എച്ച്.എസ്.ടി., സോഷ്യൽ സയൻസ്
ജി.എച്ച്.എസ്.എസ്. അഞ്ചൽ വെസ്റ്റ്, കൊല്ലം

## അക്കാദമിക് കോഡിനേറ്റർ

**സുരേഷ്കുമാർ എസ്.**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി, കേരളം

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# ഉള്ളടക്കം


06 ചോളനാട്ടിൽ നിന്നും ഡൽഹിയിലേക്ക് 111-128

07 ജനാധിപത്യത്തിന്റെ വ്യാപനം സ്ഥാപനങ്ങളിലൂടെ 129-150

08 ലിംഗവിവേചനമില്ലാത്ത സമൂഹത്തിലേക്ക് 151-166


ഈ പുസ്തകത്തിൽ പഠനസൗകര്യത്തിനായി ചില ചിഹ്നങ്ങൾ ഉപയോഗിച്ചിരിക്കുന്നു


അധികവായനയ്ക്ക് - വിലയിരുത്തലിന് വിധേയമാക്കേണ്ടതില്ല


പഠനപ്രവർത്തനം


വിലയിരുത്തൽ ചോദ്യങ്ങൾ


തുടർപ്രവർത്തനങ്ങൾ


കുറിപ്പ് തയ്യാറാക്കുക


കൊളാഷ് നിർമ്മാണം


പ്ലക്കാർഡ് നിർമ്മാണം


ചർച്ചചെയ്യാം

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കുതന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക്" എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).



# 6 ചോളനാട്ടിൽ നിന്നും ഡൽഹിയിലേക്ക്

"നികുതി ഒടുക്കേണ്ട ഭൂമി  രാജകേസരി
എന്ന ആദവല്ലവന്റെ പേരിൽവിളിക്കുന്ന
തായ മരക്കാലുകൊണ്ട് അളന്ന് നെല്ലായും,
കൂടാതെ, സ്വർണ്ണമായും, കാശായും
നികുതി അടക്കേണ്ടതും ... അരുൾമൊഴി
ദേവ വളനാട് എന്നുകൂടി അറിയപ്പെടുന്ന
തെൻകടുവായിലെ ഇങ്കനാട്ടിലുള്ള
പാലൈയുർഗ്രാമം ... ജൈനക്ഷേത്രവും
ഗുരുക്കന്മാരും ഉൾപ്പെടുന്നതാണ് ...
പന്തീരായിരത്തി  അഞ്ഞൂറ്റി മുപ്പത്
കലവും രണ്ട് തൂണിയും  ഒരു
കുറുണിയും ഒരു നാഴിയും നെല്ല്
ഒരു രാജകേസരിയുടെ പേരിലുള്ള മരക്കാ
ലുകൊണ്ട് അളന്ന് നികുതിയായി ഒടുക്കേ
ണ്ടതാണ്."

*South Indian Inscriptions* (Vol. 2., pages 47-48)

തഞ്ചാവൂരിലെ ബൃഹദീശ്വര ക്ഷേത്രത്തിന്റെ രണ്ടാം നിലയിലെ തെക്കേ ഭിത്തിയിൽ കാണപ്പെട്ട രാജരാജചോളന്റെ ലിഖിതത്തിലെ ഏതാനും ഭാഗങ്ങളാണ് മുകളിൽ തന്നിട്ടുള്ളത്. ഇതിൽ എന്തൊക്കെയാണ് പറയുന്നതെന്ന് നോക്കാം. രാജാവിന്റെ പേരിലുള്ള മരക്കാലുകൊണ്ട് (അളവു പാത്രം) അളന്ന് നെല്ലായും സ്വർണ്ണമായും കാശായും നികുതി അടയ്ക്കേണ്ടതാണ്. തെൻകടുവായ് പ്രദേശത്തിന്റെ ഭാഗമായ ഇങ്കനാട്ടിലെ പാലയൂർ ഗ്രാമത്തിൽ അളന്നതു പ്രകാരം ഇത്രയും സ്ഥലത്ത് ജൈനക്ഷേത്രവും ജൈന ഗുരുക്കന്മാരുടെ സമൂഹവും ഉൾപ്പെടുന്നു. 12530 കലവും രണ്ട് തൂണിയും ഒരു കുറുണിയും (ധാന്യം അളക്കാനുള്ള അളവിന്റെ പേരുകൾ) ഒരു നാഴിയും അളവിൽ നെല്ലാണ് ഇവിടെ നിന്നും ലഭിക്കേണ്ടത്. ഇത് അളക്കേണ്ടത് രാജകേസരിയായ ആദവല്ലന്റെ (രാജരാജ ചോളൻ) പേരിൽ വിളിക്കപ്പെടുന്ന മരക്കാൽ കൊണ്ടാണ്.

സി.ഇ. ഒൻപതാം നൂറ്റാണ്ടുമുതൽ പതിമൂന്നാം നൂറ്റാണ്ടുവരെ ദക്ഷിണേന്ത്യയിൽ ഭരണം നടത്തിയിരുന്ന ചോളന്മാരുടെ രാജ്യത്തെക്കുറിച്ചാണ് ഈ ലിഖിതത്തിൽ വിവരിച്ചിരിക്കുന്നത്. ചോളരാജ്യത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചാണ് ഇതിൽ പരാമർശിക്കുന്നത്. എന്തെല്ലാം വിവരങ്ങളാണ് ഇതിൽ നിന്നും നമുക്ക് ലഭിക്കുന്നത്?

- ..........................................................................
- ..........................................................................
- ..........................................................................

തഞ്ചാവൂരിന് ചുറ്റുമുള്ള ചോള മണ്ഡലമായിരുന്നു അവരുടെ ആസ്ഥാനം. നിങ്ങൾ മുൻക്ലാസുകളിൽ പരിചയപ്പെട്ട പല്ലവന്മാരിൽ നിന്നുമാണ് ചോളരാജാക്കന്മാർ അധികാരം പിടിച്ചെടുത്തത്. അക്കാലത്ത് ദക്ഷിണേന്ത്യയുടെ ഭൂരിഭാഗം പ്രദേശങ്ങളും ചോള രാജാക്കന്മാരുടെ അധീനതയിലായിരുന്നു. സാമൂഹിക-സാമ്പത്തികരംഗത്ത് സ്ഥിരത കൈവരിക്കാൻ ഇത് സഹായകമായി.




തന്നിട്ടുള്ള ഭൂപടം നിരീക്ഷിച്ച് ഇന്നത്തെ ദക്ഷിണേന്ത്യയുടെ ഏതെല്ലാം പ്രദേശങ്ങൾ ചോളരാജ്യത്തിൽ ഉൾപ്പെട്ടിരുന്നുവെന്ന് കണ്ടെത്തി പട്ടികപ്പെടുത്തുക.

ചോളരാജ്യത്തിന്റെ സമ്പദ്സമൃദ്ധിക്ക് ഏറ്റവും സഹായകമായ നദി ഏതായിരുന്നുവെന്ന് ഭൂപടത്തിൽ നിന്നും കണ്ടെത്താൻ കഴിയുമോ? ഒരു നദി എങ്ങനെയെല്ലാമായിരിക്കും നാടിന്റെ പുരോഗതിക്ക് സഹായകമാവുക?

### തമിഴകത്തിന്റെ നെല്ലറ

തമിഴ്നാടിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന വിശാലമായ ഒരു പ്രദേശമാണ് തഞ്ചാവൂർ. നദികളുടെയും കനാലുകളുടെയും സാന്നിധ്യം ഈ പ്രദേശത്തെ കൃഷിക്കനുയോജ്യമായ സ്ഥലമാക്കി മാറ്റി. നെൽപ്പാടങ്ങളും തെങ്ങ്, വാഴ, പ്ലാവ് എന്നിവയുടെ തോട്ടങ്ങളും ധാരാളമുള്ള ഇവിടമായിരുന്നു 'തമിഴ്നാടിന്റെ നെല്ലറ' എന്നറിയപ്പെട്ടത്.

നിങ്ങൾ കണ്ടെത്തിയതുപോലെ കാവേരി നദിയുടെ താഴ്വാരത്താണ് ചോളരാജ്യം സ്ഥിതി ചെയ്തിരുന്നത്. അതിനാൽ തന്നെ ആ പ്രദേശം വിഭവസമൃദ്ധവുമായിരുന്നു. ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയായതിനാൽ ഭൂരിഭാഗം ജനങ്ങളും ഗ്രാമങ്ങളിലാണ് താമസിച്ചിരുന്നത്. അവിടെ അവർ ഭക്ഷ്യധാന്യങ്ങൾ, പഴവർഗങ്ങൾ, പയർവർഗങ്ങൾ, കരിമ്പ്, വെറ്റില, അടയ്ക്ക, ഇഞ്ചി, മഞ്ഞൾ, വിവിധതരം പൂക്കൾ എന്നിവ കൃഷി ചെയ്തു. കൃഷിക്ക് ജലസേചനത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയ ഭരണാധികാരികൾ വ്യത്യസ്തങ്ങളായ ജലസേചന സൗകര്യങ്ങൾ ഒരുക്കി. അവയിൽ കുളങ്ങൾ, ജലസംഭരണികൾ, കനാലുകൾ, കിണറുകൾ എന്നിവ ഉൾപ്പെടുന്നു. ഇതിനു പുറമെ നദികൾക്ക് കുറുകെ തടയണ കെട്ടി വെള്ളം തടഞ്ഞ ശേഷം ആ ജലസംഭരണിയിൽ നിന്നും ചാലുകൾ കീറി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വെള്ളം എത്തിച്ചു. പ്രകൃതിദത്തമായ അരുവികൾ ഇല്ലാത്തിടത്ത് ഭീമാകാരങ്ങളായ കുളങ്ങൾ കെട്ടി അവയിൽ മഴക്കാലത്ത് വെള്ളം സംഭരിച്ചു. വെള്ളം വറ്റിപ്പോകാതെ സംരക്ഷിക്കപ്പെട്ട ഇത്തരം സംഭരണികൾ 'ഏരിപ്പട്ടി' എന്നറിയപ്പെട്ടു. മാത്രമല്ല കൃഷിയുടെ പുരോഗതിക്കായി കർഷകർക്ക് നികുതിയിളവുകൾ നൽകുകയും തരിശ് കിടന്ന ഭൂമി കൃഷിക്കുപയുക്തമാക്കാൻ പ്രോത്സാഹനം നൽകുകയും ചെയ്തു. ക്ഷേത്രങ്ങൾക്കും ബ്രാഹ്മണർക്കും ഭൂമി ദാനം നൽകിയതിലൂടെയും കൂടുതൽ പ്രദേശത്തേക്ക് കൃഷി വ്യാപിപ്പിക്കാൻ സാധിച്ചു. എന്നാൽ ഇത്തരം ഭൂമികളിൽ കൃഷിപ്പണി ചെയ്തത് അടിമസമാനമായ ജീവിതം നയിച്ച കർഷകത്തൊഴിലാളികളായിരുന്നു.



ഏരിപ്പട്ടി

ചോളരാജ്യത്തിന്റെ സമ്പദ്ഘടനയിൽ കാർഷികമേഖല വഹിച്ച പങ്ക് വിശകലനം ചെയ്യുക.

കാർഷികപുരോഗതിയിലൂടെ കൈവരിക്കുന്ന മിച്ചോൽപാദനം വാണിജ്യത്തിന് വഴിതെളിക്കുമെന്ന് മുൻക്ലാസുകളിൽ നമ്മൾ ചർച്ചചെയ്തതാണല്ലോ. ചോളരാജ്യത്തിലും ആഭ്യന്തരവാണിജ്യവും വിദൂരകടൽവാണിജ്യവും

വികാസം പ്രാപിച്ചിരുന്നതായി അക്കാലത്തെ ലിഖിതങ്ങൾ തെളിവ് നൽകുന്നു. പ്രാദേശിക കമ്പോളങ്ങളിൽ നിരവധി ഉൽപന്നങ്ങൾ വിറ്റഴിച്ചിരുന്നു. നെയ്ത്ത് ഒരു പ്രധാന വ്യവസായമായിരുന്നു. നെയ്ത്തുകാരുടെ സംഘങ്ങൾ അക്കാലത്ത് നിലനിന്നിരുന്നു. മെച്ചപ്പെട്ട തുണിത്തരങ്ങൾ ഉത്തരേന്ത്യയിലേക്കും മറ്റും കയറ്റുമതി ചെയ്തിരുന്നു. കരിമ്പും ഒരു പ്രധാനപ്പെട്ട വാണിജ്യ ഉൽപന്നമായിരുന്നു. കൃഷിക്കു പുറമേ ലോഹപ്പണിയും വികാസംപ്രാപിച്ചിരുന്നു. ക്ഷേത്രങ്ങളിൽ കാണപ്പെട്ടിരുന്ന വിഗ്രഹങ്ങളും പാത്രങ്ങളും ഇതിന് തെളിവാണ്. സ്വർണ്ണം, വെള്ളി എന്നിവ കൊണ്ടുള്ള ആഭരണനിർമ്മാണവും ഇരുമ്പുപകരണങ്ങളുടെ നിർമ്മാണവും പുരോഗതി പ്രാപിച്ചിരുന്നു. സമുദ്രതീരത്തു നിന്നും മുത്തും പവിഴവും ശേഖരിച്ച് വിദേശത്തേക്ക് കയറ്റുമതി ചെയ്തിരുന്നു. കംബോഡിയയിൽ നിന്നുള്ള ഒരു കച്ചവടദൗത്യസംഘം പതിനൊന്നാം നൂറ്റാണ്ടിൽ ചോളരാജ്യം സന്ദർശിച്ചിരുന്നു. നാഗപട്ടണം, മഹാബലിപുരം, കാവേരിപൂംപട്ടണം, ശാലിയൂർ, കോർകൈ എന്നിവ അക്കാലത്തെ പ്രധാന തീരദേശ വാണിജ്യ കേന്ദ്രങ്ങളായിരുന്നു. ഇന്നത്തെ വിശാഖപട്ടണം തുറമുഖം സ്ഥിതിചെയ്യുന്ന സ്ഥലം 'കുലോത്തുംഗചോളപട്ടണം' എന്നാണറിയപ്പെട്ടിരുന്നത്. ചോളരാജ്യത്തെ ഭരണാധികാരിയായിരുന്നു കുലോത്തുംഗചോളൻ. നഗരത്താർ, മണിഗ്രാമം തുടങ്ങിയ സമ്പദ്സമൃദ്ധമായ കച്ചവടസംഘങ്ങൾ ശക്തമായ വ്യാപാരം സാധ്യമാക്കി.




ചോളന്മാരുടെ വാണിജ്യ ശൃംഖല

ഭൂപടം നിരീക്ഷിച്ച് ചോളരാജ്യത്തിന് ഏതെല്ലാം നാടുകളുമായി വാണിജ്യ ബന്ധമുണ്ടായിരുന്നുവെന്ന് കണ്ടെത്തി പട്ടികപ്പെടുത്തുക.

ചോളന്മാരുടെ തലസ്ഥാനമായിരുന്ന തഞ്ചാവൂരിൽ സ്ഥിതി ചെയ്യുന്ന ലോകപ്രശസ്തമായ ക്ഷേത്രം ഏതെന്നറിയാമോ? രാജരാജ ചോളന്റെ കാലത്ത് (985 – 1014) നിർമ്മിക്കപ്പെട്ട ബൃഹദീശ്വര ക്ഷേത്രമാണിത്. അദ്ദേഹത്തിന്റെ പിൻഗാമിയായ രാജേന്ദ്രചോളൻ ഒന്നാമന്റെ കാലത്താണ് (1014 – 1044) ഗംഗൈ കൊണ്ട ചോളപുരത്തെ ക്ഷേത്രം നിർമ്മിക്കപ്പെട്ടത്. അക്കാലത്തെ ക്ഷേത്രങ്ങളും അതിസമ്പന്നമായിരുന്നു. സമ്പന്നമായ ഖജനാവാണ് ക്ഷേത്രനിർമ്മാണത്തിന് രാജാക്കന്മാർക്ക് പ്രചോദനമായത്. ദാനമായി ലഭിച്ച ഭൂമിയിൽ നിന്നുള്ള വരുമാനം, ഗ്രാമസഭകളിൽ നിന്നുള്ള സംഭാവനകൾ, നികുതി പിരിക്കാൻ അവകാശമുള്ള ഭൂമിയിൽ നിന്നും പിരിക്കുന്ന നികുതികൾ, ഭക്തരുടെ സംഭാവനകൾ, ഗ്രാമങ്ങളിലെ സാമ്പത്തിക ഇടപാടുകൾ നടത്തുന്ന സ്ഥാപനം എന്ന രീതിയിൽ ലഭിക്കുന്ന സമ്പത്ത് തുടങ്ങിയവയായിരുന്നു ക്ഷേത്രങ്ങളുടെ വരുമാനമാർഗങ്ങൾ. ക്ഷേത്രങ്ങളോട് ചേർന്ന് വിദ്യാഭ്യാസസ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവയും പ്രവർത്തിച്ചിരുന്നു. ക്ഷേത്രങ്ങളുടെ നിർമ്മാണം, അവയുടെ പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട് നിരവധിപേർക്ക് തൊഴിൽ ലഭിച്ചിരുന്നു. കൈത്തൊഴിലുകാരും കരകൗശല വിദഗ്ധരും ഉപജീവനത്തിനായി ക്ഷേത്രങ്ങളെ ആശ്രയിച്ചിരുന്നു.



**ബൃഹദീശ്വര ക്ഷേത്രം**

തമിഴ്നാട്ടിലെ തഞ്ചാവൂർ നഗരത്തിൽ സ്ഥിതിചെയ്യുന്ന സുപ്രധാന ചരിത്രസ്മാരകമാണ് ബൃഹദീശ്വരക്ഷേത്രം അഥവാ രാജരാജേശ്വര ക്ഷേത്രം. തഞ്ചൈപെരിയ കോവിൽ എന്നും ഇതറിയപ്പെടുന്നു. ശിവഗംഗ കോട്ടയാൽ ചുറ്റപ്പെട്ടാണ് ഇത് സ്ഥിതിചെയ്യുന്നത്. കൊത്തുപണികളുള്ള രണ്ട് വലിയ ഗോപുരങ്ങളാണ് ഇതിന്റെ പ്രവേശനകവാടങ്ങൾ. പ്രതിഷ്ഠയുടെ മുകളിലുള്ള കമാനത്തിന് പതിമൂന്ന് നിരകളാണുള്ളത്. യുനസ്കോ ഈ ക്ഷേത്രത്തെ ലോകപൈതൃക കേന്ദ്രമായി പ്രഖ്യാപിച്ചിട്ടുണ്ട്.

ചോളരാജ്യത്തിന്റെ സാമൂഹിക-സാമ്പത്തിക ജീവിതത്തിൽ ക്ഷേത്രങ്ങൾ വഹിച്ച പങ്ക് വിലയിരുത്തുക.

നമ്മുടെ അയൽരാജ്യമായ ശ്രീലങ്കയുമായും മറ്റും ചോളന്മാർ വാണിജ്യബന്ധം നിലനിർത്തിയിരുന്നതായി മനസ്സിലാക്കിയല്ലോ. ശ്രീലങ്കയിൽ വാണിജ്യബന്ധം മാത്രമല്ല അവർ ആധിപത്യവും സ്ഥാപിച്ചിരുന്നു. ചോളന്മാരുടെ ലിഖിതങ്ങളും മഹാവംശം, ചൂളവംശം തുടങ്ങിയ ശ്രീലങ്കൻ കൃതികളും ഇത് ശരിവയ്ക്കുന്നു. തെക്കുകിഴക്കേഷ്യയുമായി ദക്ഷിണേന്ത്യക്കുണ്ടായിരുന്ന ബന്ധവും സൗഹൃദവും ഏറ്റവും ശക്തമായതും ചോള ഭരണകാലത്തായിരുന്നു. സുമാത്ര, ജാവ, മലേഷ്യ തുടങ്ങിയ സ്ഥലങ്ങളിലേക്ക് ചോളനാട്ടിൽ നിന്നും കച്ചവടക്കാർ മാത്രമല്ല, ബൗദ്ധ-ഹൈന്ദവ സന്യാസിമാരും പണ്ഡിതരും ധാരാളമായി യാത്ര ചെയ്തിരുന്നു. ഈ യാത്രകൾ ചോള രാജ്യത്തെ ഭാഷ, മതം, ആശയങ്ങൾ, വാസ്തുശില്പകല എന്നിവ ആ നാടുകളിലേക്ക് വ്യാപിക്കാൻ കാരണമായി.



### ഗംഗൈകൊണ്ട ചോളപുരം

തമിഴ്നാട്ടിലെ കുംഭകോണത്തിന് 36 കിലോമീറ്റർ വടക്കായാണ് ഗംഗൈകൊണ്ട ചോളപുരം എന്ന ചോളന്മാരുടെ പിൽക്കാല തലസ്ഥാനം സ്ഥിതിചെയ്യുന്നത്. രാജേന്ദ്രചോളനാണ് തലസ്ഥാനം തഞ്ചാവൂരിൽ നിന്നും ഇവിടേക്ക് മാറ്റിയത്. ഗംഗാനദി കടന്ന് ഉത്തരേന്ത്യയിലേക്ക് അദ്ദേഹം നടത്തിയ പടയോട്ടത്തിന്റെ ഓർമ്മയ്ക്കായാണ് ഈ പട്ടണവും ഇവിടത്തെ ക്ഷേത്രവും നിർമ്മിച്ചത്.

### ചോളതടാകം

ബംഗാൾ ഉൾക്കടലിന് ചുറ്റുമുള്ള പ്രദേശങ്ങളിൽ ചോളന്മാർ ആധിപത്യം സ്ഥാപിച്ചിരുന്നു. ചോളന്മാരുടെ നാവികപ്പടയുടെ ആധിപത്യവും ബംഗാൾ ഉൾക്കടലിൽ നിലനിന്നിരുന്നു. അതിനാൽ ബംഗാൾ ഉൾക്കടലിനെ ചോളതടാകം എന്ന് വിശേഷിപ്പിച്ചിരുന്നു.

ദക്ഷിണേന്ത്യയുടെ സംസ്കാരവും തമിഴ് ഭാഷയും തെക്കുകിഴക്കേഷ്യയിലേക്ക് വ്യാപിപ്പിക്കുന്നതിൽ ചോളന്മാർ വഹിച്ച പങ്കും അവ തെക്ക് കിഴക്കേഷ്യയുടെ ജനജീവിതത്തിൽ ചെലുത്തിയ സ്വാധീനവും ചർച്ച ചെയ്യുക.

## ചോളഭരണം

ചോളരാജ്യത്തെ പ്രധാനപ്പെട്ട രാജാക്കന്മാരെ നമ്മൾ പരിചയപ്പെട്ടല്ലോ. രാജാവിനെ ഭരണത്തിൽ സഹായിക്കാൻ മന്ത്രിമാരുടെ ഒരു സമിതി ഉണ്ടായിരുന്നു. നാവികപ്പടയടക്കമുള്ള ശക്തമായ ഒരു സൈന്യം ചോളന്മാർക്കുണ്ടായിരുന്നതായി പതിമൂന്നാംനൂറ്റാണ്ടിൽ ഇന്ത്യ സന്ദർശിച്ച വെനീഷ്യൻ സഞ്ചാരിയായ മാർക്കോപോളോ അഭിപ്രായപ്പെടുന്നുണ്ട്. രാജ്യത്തെ ഭരണസൗകര്യത്തിനായി മണ്ഡലങ്ങൾ, വളനാട്, നാട് എന്നിങ്ങനെ തിരിച്ചിരുന്നു. കച്ചവടത്തിന്റെ പുരോഗതിക്കും സൈന്യത്തിന്റെ സഞ്ചാരത്തിനുമായി ഭരണാധികാരികൾ നിരവധി പാതകൾ നിർമ്മിച്ചിരുന്നു. ഭൂനികുതിക്കു പുറമെ വനങ്ങൾ, ഖനികൾ, ഉപ്പ് എന്നിവയുടെ മേൽ നികുതി ചുമത്തി. കച്ചവടനികുതിയും തൊഴിൽക്കരവും പിരിച്ചിരുന്നു. 'വെറ്റി' എന്ന പേരിലറിയപ്പെട്ട വേതനമില്ലാത്ത അധ്വാനത്തെയും നികുതിക്ക് തുല്യമായി കണക്കാക്കിയിരുന്നു.

ചോളന്മാരുടെ ഗ്രാമസ്വയംഭരണത്തെക്കുറിച്ച് അക്കാലത്തെ നിരവധി ലിഖിതങ്ങൾ തെളിവ് നൽകുന്നുണ്ട്. ഉത്തരമേരൂർ ലിഖിതമാണ് അവയിൽ ഏറ്റവും പ്രധാനപ്പെട്ടത്. ഊർ, സഭ എന്നീ പേരുകളുള്ള രണ്ട് സഭകൾ അക്കാലത്ത് നിലനിന്നിരുന്നു. ഇവയ്ക്ക് സ്വയംഭരണാധികാരമുണ്ടായിരുന്നു.

**ചോള ഗ്രാമസ്വയംഭരണം**

- **ഊർ** → **ജനങ്ങളുടെ പൊതുസഭ**
- **സഭ** → **ബ്രാഹ്മണഗ്രാമങ്ങളിലെ മുതിർന്നവരുടെ സഭ**

കുളങ്ങൾ, കിണറുകൾ, റോഡുകൾ തുടങ്ങിയവയുടെ പരിപാലനച്ചുമതല പ്രാദേശികഭരണകൂടങ്ങൾക്കായിരുന്നു. എന്നാൽ മുൻക്ലാസിൽ നിങ്ങൾ പരിചയപ്പെട്ട നാടുവാഴിത്തവ്യവസ്ഥയുടെ വളർച്ച ഈ സഭകളുടെ പ്രവർത്തനത്തെ പരിമിതപ്പെടുത്തി.

ചോളരാജ്യത്തെ സമൂഹം ഒരു സമത്വാധിഷ്ഠിത സമൂഹമായിരുന്നില്ല, ജാതിവ്യവസ്ഥയും നിരവധി ഉച്ചനീചത്വങ്ങളും നിലനിന്നിരുന്നു. ബ്രാഹ്മണരായിരുന്നു സമൂഹത്തിലെ ഏറ്റവും ഉയർന്നവിഭാഗം. സ്വന്തമായി കൃഷിഭൂമിയില്ലാത്ത കർഷകത്തൊഴിലാളികളും അടിമവേല ചെയ്യുന്നവരും നിരവധിയുണ്ടായിരുന്നു.

ആധുനികകാലത്തെ ഭരണസമ്പ്രദായങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ചോളന്മാരുടെ ഭരണം എത്രമാത്രം കാര്യക്ഷമമായിരുന്നുവെന്ന് വിലയിരുത്തുക.

## ചാലൂക്യർ

കർണ്ണാടകത്തിലെ വാതാപിയിലെ (ബദാമി) പാറ വെട്ടിയെടുത്ത് നിർമ്മിച്ച ക്ഷേത്രത്തിന്റെ (Rock cut temple) ചിത്രമാണ് തന്നിട്ടുള്ളത്. സി.ഇ. ആറാം നൂറ്റാണ്ടുമുതൽ പന്ത്രണ്ടാം നൂറ്റാണ്ടുവരെ ദക്ഷിണേന്ത്യയിലും ഡക്കാണിലുമായി ഭരണം നടത്തിയിരുന്ന ചാലൂക്യരാണ് ഇത് നിർമ്മിച്ചത്. ജൈന-ശൈവ-വൈഷ്ണവ പ്രതിഷ്ഠകളാണ് ഇത്തരം ക്ഷേത്രങ്ങളിൽ ഉണ്ടായിരുന്നത്.



വാതാപിയിലെ ക്ഷേത്രം


വിരൂപാക്ഷ ക്ഷേത്രം - പട്ടടയ്ക്കൽ

ഈ കാലഘട്ടത്തിൽ ചാലൂക്യർ നിരവധി ക്ഷേത്രങ്ങൾ നിർമ്മിച്ചു. ആദ്യഘട്ടത്തിൽ അവർ പാറക്കല്ല് വെട്ടിയെടുത്തുള്ള ഗുഹാക്ഷേത്രങ്ങളാണ് നിർമ്മിച്ചതെങ്കിൽ പിന്നീട് ഘടനാക്ഷേത്രങ്ങളായിരുന്നു (Structured temples) നിർമ്മിച്ചത്. കർണ്ണാടകത്തിലെ ഐഹോളിലെ മെഗുട്ടി ജൈനക്ഷേത്രം, പട്ടടയ്ക്കലിലെ വിരൂപാക്ഷക്ഷേത്രം എന്നിവ ചാലൂക്യരുടെ ഘടനാക്ഷേത്രങ്ങൾക്ക് ഉദാഹരണങ്ങളാണ്. ക്ഷേത്രങ്ങളിൽ അവയുടെ മേൽക്കൂരയെ താങ്ങി നിർത്തുന്ന തൂണുകളിൽ കൊത്തുപണികളും കാണാവുന്നതാണ്.

ചാലൂക്യരുടെ ക്ഷേത്രങ്ങൾ ഗുപ്തശൈലിയിൽ നിന്ന് രൂപപ്പെട്ട് വന്നതാണെങ്കിലും ദക്ഷിണേന്ത്യയിലെ പ്രാദേശിക പാരമ്പര്യശൈലിയായ ദ്രാവിഡ ശൈലിയാണ് അവയിൽ പ്രതിഫലിച്ചത്. പാറക്കല്ലുകൊണ്ടുള്ള നിർമ്മിതിയായിരുന്നു ദ്രാവിഡ വാസ്തുവിദ്യാശൈലിയുടെ മുഖ്യസവിശേഷത. സഹ്യപർവതത്തിൽ നിന്നും ഡക്കാൻ പീഠഭൂമിയിൽ നിന്നും യഥേഷ്ടം പാറ ലഭിച്ചു. പ്രകൃതിദത്തമായ പാറകൊണ്ട് സമർഥരായ ശില്പികൾ മനോഹരങ്ങളായ ക്ഷേത്രങ്ങൾ കൊത്തിയെടുത്തു.

ദക്ഷിണേന്ത്യയുടെ ഭൂമിശാസ്ത്രസവിശേഷതകൾ ചാലൂക്യരുടെ ക്ഷേത്രനിർമ്മാണത്തെ സ്വാധീനിച്ചതെങ്ങനെ?

ഇത്രയും ക്ഷേത്രങ്ങൾ നിർമ്മിക്കാൻ ചാലൂക്യരാജാക്കന്മാർക്ക് സാധിച്ചത് എങ്ങനെയാണെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? വിഭവങ്ങൾ, തൊഴിലാളികൾ, സമ്പത്ത് എന്നിവ എങ്ങനെയെല്ലാമായിരിക്കാം ഇവർ സമാഹരിച്ചിട്ടുണ്ടാവുക?

ക്ഷേത്രങ്ങൾ നിർമ്മിക്കാനാവശ്യമായ പാറക്കല്ലുകൾ ലഭ്യമായതിനെക്കുറിച്ച് നമ്മൾ ചർച്ചചെയ്തല്ലോ. ഫലഭൂയിഷ്ഠമായ ഡക്കാൻ പ്രദേശത്തെ കൃഷിയിൽ നിന്നാണ് അവർ സമ്പത്ത് സ്വരൂപിച്ചത്. കൃഷ്ണ, ഗോദാവരി നദീതടങ്ങളിലെ കൃഷിയിലൂടെ അവർ മിച്ചോൽപാദനം നടത്തി. മിച്ചോൽപാദനം പുറത്തുനിന്നും തൊഴിലാളികളെ കൊണ്ടുവന്ന് പണിയെടുപ്പിക്കാൻ സാഹചര്യമൊരുക്കി.

മുൻക്ലാസിൽ നമ്മൾ പരിചയപ്പെട്ട ചോളന്മാരുടേതുപോലെ ഒരു കേന്ദ്രീകൃത രാജവാഴ്ച ഇവിടെ ഉണ്ടായിരുന്നില്ല. മറിച്ച്, ക്ഷേത്രങ്ങൾ, ബ്രഹ്മദേയ ഭൂമിയുടെ ഉടമകളായ ബ്രാഹ്മണർ, സാമന്തന്മാർ എന്നിവരാൽ നിയന്ത്രിതമായ ഒരു രാജവാഴ്ചയാണ് നിലനിന്നിരുന്നത്. അതിനാൽ തന്നെ അധികാര കേന്ദ്രങ്ങൾ മാറിവന്നുകൊണ്ടിരുന്നു. വാതാപി, വെങ്കി, കല്യാണി എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ചായിരുന്നു ചാലൂക്യർ, സി.ഇ ആറാംനൂറ്റാണ്ടു മുതൽ പന്ത്രണ്ടാംനൂറ്റാണ്ടുവരെ ഭരണം നടത്തിയിരുന്നത്.






ഭൂപടം നിരീക്ഷിച്ച് ഇന്നത്തെ ഏതെല്ലാം സംസ്ഥാനങ്ങളിൽ ചാലൂക്യഭരണം വ്യാപിച്ചിരുന്നുവെന്ന് കണ്ടെത്തുക.

കേന്ദ്രീകൃതമായ നികുതിസമ്പ്രദായവും സംഘടിതമായ ഉദ്യോഗസ്ഥവൃന്ദവും ഉണ്ടായിരുന്നെങ്കിലും സൈനികശക്തിയിലധിഷ്ഠിതമായ പ്രഭുക്കന്മാരെ കേന്ദ്രീകരിച്ചാണ് ഭരണം നിലനിന്നിരുന്നത്. സ്ഥിരമായ ഒരു സൈന്യവും നിലവിലില്ലായിരുന്നു. ചോളന്മാരുടേതുപോലെ രാജാവിനെ ഭരണത്തിൽ സഹായിക്കാൻ മന്ത്രിസഭയും ഉണ്ടായിരുന്നില്ല. രാജകുടുംബാംഗങ്ങൾ തന്നെയാണ് അധികാരം വിനിയോഗിച്ചിരുന്നത്. പുലികേശി രണ്ടാമനായിരുന്നു ശ്രദ്ധേയനായ ചാലൂക്യ ഭരണാധികാരി.



ചുവടെ തന്നിട്ടുള്ള സൂചനകളുടെ അടിസ്ഥാനത്തിൽ ചോള - ചാലൂക്യ ഭരണങ്ങളെ താരതമ്യം ചെയ്യുക.

- കേന്ദ്രീകൃതഭരണം
- സാമന്തവാഴ്ച
- പ്രാദേശികഭരണം
- ക്ഷേത്രങ്ങളുടെ സ്വാധീനം



നളന്ദ സർവകലാശാല



വിക്രമശില സർവകലാശാല



ബുദ്ധവിഹാരം

## ത്രികക്ഷികൾ

സി.ഇ. അഞ്ചാംനൂറ്റാണ്ടിൽ ഇന്ത്യയിൽ നിലനിന്നിരുന്ന ബുദ്ധമതപഠന കേന്ദ്രമായിരുന്ന നളന്ദയുടെ ചിത്രമാണ് നൽകിയിട്ടുള്ളത്. ചൈനീസ് സഞ്ചാരിയായിരുന്ന ഹുയാൻസാങ് അടക്കം നിരവധി പേർ സന്ദർശിക്കുകയും പഠനം നടത്തുകയും ചെയ്ത ഈ വിശ്വവിജ്ഞാന കേന്ദ്രം പിൽക്കാലത്ത് തകർച്ചയെ നേരിട്ടു. എന്നാൽ നളന്ദ സർവകലാശാലയെ പുനരുദ്ധരിച്ച ഭരണാധികാരികളിൽ പ്രധാനിയായിരുന്നു പാലരാജാവായ ധർമ്മപാലൻ. നളന്ദയുടെ ചെലവിലേക്കായി അദ്ദേഹം ഇരുനൂറ് ഗ്രാമങ്ങൾ ദാനം നൽകി. മാത്രമല്ല, മഗധയിൽ ഗംഗാനദിയുടെ തീരത്ത് കുന്നിൻ മുകളിലായി വിജ്ഞാനത്തിന്റെ വളർച്ചയ്ക്കായി വിക്രമശില സർവകലാശാല സ്ഥാപിച്ചതും അദ്ദേഹമായിരുന്നു. സി.ഇ.എട്ടാം നൂറ്റാണ്ടുമുതൽ ഒൻപതാം നൂറ്റാണ്ടിന്റെ പകുതിവരെ കിഴക്കേ ഇന്ത്യ (ബംഗാൾ) കേന്ദ്രമാക്കി ഭരിച്ച പാലന്മാർ നിരവധി ബുദ്ധവിഹാരങ്ങൾ നിർമ്മിച്ചു.

അയൽനാടായ ടിബറ്റുമായി അവർ ബന്ധം സ്ഥാപിച്ചു. തൽഫലമായി ടിബറ്റിൽ നിന്നും നിരവധി ബുദ്ധമതാനുയായികൾ പഠനത്തിനായി നളന്ദയിലേക്കും വിക്രമശിലയിലേക്കും വന്നിരുന്നു. അറേബ്യയിലെ ഖലീഫയുമായും തെക്കുകിഴക്കേഷ്യയുമായും പാലന്മാർ ബന്ധം പുലർത്തി. ഈ പ്രദേശങ്ങളുമായുള്ള വ്യാപാരത്തിലൂടെ പാലരാഷ്ട്രത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെട്ടു. മാത്രമല്ല, മലയ, ജാവ, സുമാത്ര എന്നീ പ്രദേശങ്ങൾ ഭരിച്ചിരുന്ന ശൈലേന്ദ്ര രാജാക്കന്മാർ പാലന്മാരുടെ കൊട്ടാരത്തിലേക്ക് നയതന്ത്ര പ്രതിനിധികളെ അയച്ചിരുന്നു.

ഇന്ത്യൻ സംസ്കാരത്തിന്റെയും ബുദ്ധമതത്തിന്റെയും വ്യാപനത്തിന്റെ കാലഘട്ടമായിരുന്നു പാലന്മാരുടെ ഭരണകാലം. പ്രസ്താവനയെ അടിസ്ഥാനപ്പെടുത്തി ഒരു ഡിജിറ്റൽ പതിപ്പ് തയ്യാറാക്കി അവതരിപ്പിക്കുക.

പാലന്മാരുടെ അതേ കാലഘട്ടത്തിൽ (സി.ഇ.എട്ടാം നൂറ്റാണ്ടു മുതൽ പത്താം നൂറ്റാണ്ടു വരെ) ഉത്തരേന്ത്യയുടെ പടിഞ്ഞാറൻ പ്രദേശം ഭരിച്ചവരായിരുന്നു പ്രതിഹാരന്മാർ. പത്താംനൂറ്റാണ്ടിന്റെ ആദ്യം ഗുജറാത്ത് സന്ദർശിച്ച ബാഗ്ദാദ് കാരനായ അൽ-മസൂദി പ്രതിഹാരരാജാക്കന്മാരുടെ നേട്ടങ്ങളെക്കുറിച്ച് വിവരിക്കുന്നു. ഭോജൻ ആയിരുന്നു ശ്രദ്ധേയനായ പ്രതിഹാര ഭരണാധികാരി.

കലയെയും സാഹിത്യത്തെയും പ്രതിഹാരർ പ്രോത്സാഹിപ്പിച്ചിരുന്നു. സംസ്കൃതഭാഷയിലെ കവിയും നാടകകാരനും 'കാവ്യമീമാംസ', 'കർപ്പൂരമഞ്ജരി' എന്നീ കൃതികളുടെ രചയിതാവുമായ രാജശേഖരൻ പ്രതിഹാരരുടെ കൊട്ടാരത്തിലാണ് ജീവിച്ചിരുന്നത്. ഇന്നത്തെ ഉത്തർപ്രദേശിലെ കനൗജിൽ അവർ മനോഹരങ്ങളായ നിരവധി ക്ഷേത്രങ്ങളും കെട്ടിടങ്ങളും നിർമ്മിച്ചു. എട്ട്, ഒൻപത് നൂറ്റാണ്ടുകളിൽ ഇന്ത്യയിൽ നിന്നുള്ള പണ്ഡിതരെ ബാഗ്ദാദിലെ ഖലീഫയുടെ കൊട്ടാരത്തിലേക്ക് നയതന്ത്രപ്രതിനിധികളായി അയച്ചിരുന്നു. അവർ ഇന്ത്യൻ ശാസ്ത്രവും ഗണിതശാസ്ത്രവും അറബിലോകത്ത് പ്രചരിപ്പിച്ചു. സിന്ധിലെ അറബ് ഭരണാധികാരികളുമായി പ്രതിഹാരർ ശത്രുതയിലായിരുന്നുവെങ്കിലും ഉൽപന്നങ്ങളുടെ കൈമാറ്റവും പണ്ഡിതരുടെ സഞ്ചാരവും യഥേഷ്ടം ഇന്ത്യക്കും പടിഞ്ഞാറൻ ഏഷ്യക്കും ഇടയിൽ ഇക്കാലത്ത് നടന്നിരുന്നു.



തെലി കാ മന്ദിർ-ഗ്വാളിയോർ
(പ്രതിഹാര കാലഘട്ടത്തിൽ നിർമ്മിക്കപ്പെട്ട ക്ഷേത്രം)

കല, സാഹിത്യം എന്നീ രംഗങ്ങളിലെ പ്രതിഹാരരുടെ നേട്ടങ്ങൾ വ്യക്തമാക്കുന്ന ഒരു ആൽബം തയ്യാറാക്കുക.

കർണ്ണാടകത്തിലെ ഗുൽബർഗ ജില്ലയിൽ സ്ഥിതി ചെയ്യുന്ന മാൽഖേദ് (മന്യാഖേദ) കോട്ടയുടെ ചിത്രമാണ് നൽകിയിട്ടുള്ളത്. 'ഷഹബാദ് ശില' എന്ന് ഈ പ്രദേശങ്ങളിൽ അറിയപ്പെട്ടിരുന്ന ചുണ്ണാമ്പുകല്ല് കൊണ്ടാണ് ഇത് നിർമ്മിച്ചിട്ടുള്ളത്. അതിൽ നിന്നുതന്നെ വളരെ പൗരാണികമായ കോട്ടയാണിതെന്ന് മനസ്സിലായല്ലോ.



മാൽഖേദ് കോട്ട

സി.ഇ. എട്ടാംനൂറ്റാണ്ടു മുതൽ പത്താംനൂറ്റാണ്ടു വരെ ഡക്കാണിലും ദക്ഷിണേന്ത്യയിലും ആധിപത്യം സ്ഥാപിച്ചിരുന്ന രാഷ്ട്രകൂടരാണ് ഇത് നിർമ്മിച്ചത്. ഗോവിന്ദൻ III, അമോഘ വർഷൻ തുടങ്ങിയവരായിരുന്നു ശ്രദ്ധേയരായ രാഷ്ട്രകൂടഭരണാധികാരികൾ. അമോഘവർഷൻ കന്നഡഭാഷയിൽ രചിച്ച ശ്രദ്ധേയമായ കൃതിയാണ് 'കവിരാജമാർഗം'. മതസഹിഷ്ണുത പുലർത്തിയിരുന്ന രാഷ്ട്രകൂടഭരണാധികാരികൾ ശൈവമതത്തോടും വൈഷ്ണവമതത്തോടുമൊപ്പം ജൈനമതത്തെയും പ്രോത്സാഹിപ്പിച്ചു. മുസ്ലീം വ്യാപാരികൾക്ക് വ്യാപാരം നടത്താനും സ്ഥിരവാസത്തിനും വിശ്വാസം പ്രചരിപ്പിക്കാനും ആവശ്യമായ സൗകര്യങ്ങൾ അവർ ഒരുക്കി. ഇത് വിദേശവ്യാപാരത്തെ ശക്തിപ്പെടുത്തി. രാഷ്ട്രകൂടർ കലയെയും സാഹിത്യത്തെയും പ്രോത്സാഹിപ്പിച്ചു. അവരുടെ


കൈലാസ ക്ഷേത്രം - എല്ലോറ

കൊട്ടാരത്തിൽ സംസ്കൃതപണ്ഡിതന്മാർക്കു പുറമേ മറ്റ് ഭാഷകളിൽ എഴുതുന്ന സാഹിത്യകാരന്മാരും ജീവിച്ചിരുന്നു. എല്ലോറയിലെ കൽ വെട്ട് ക്ഷേത്രം നിർമ്മിച്ചത് രാഷ്ട്രകൂടരായിരുന്നു.

രാഷ്ട്രകൂടരുടെ ഭരണകാലത്ത് സമൂഹം ജാതി അധിഷ്ഠിതമായി കൂടുതൽ വിഭജിക്കപ്പെട്ടു. ചാതുർവർണ്യത്തിന് പുറമേ പലതരം വിവേചനങ്ങൾക്കും അയിത്തത്തിനും വിധേയരായ സമൂഹങ്ങളും നിലനിന്നിരുന്നു. മരപ്പണിക്കാർ, ചെരുപ്പ് നിർമ്മാതാക്കൾ, മീൻപിടിത്തക്കാർ തുടങ്ങിയവർ ഇതിൽ ഉൾപ്പെടുന്നു. സമൂഹത്തിലെ ആധിപത്യവിഭാഗങ്ങളായ ബ്രാഹ്മണരും ക്ഷത്രിയരും അവരുടെ പദവി നിലനിർത്തി. എന്നാൽ വാണിജ്യത്തിന്റെ തകർച്ചയും കൃഷിയുടെ പുരോഗതിയും വൈശ്യരുടെ പദവിക്ക് കോട്ടംവരുത്തുകയും ശൂദ്രരുടെ സ്ഥിതി മെച്ചപ്പെടുത്തുകയും ചെയ്തു. സൈന്യത്തിൽ അംഗങ്ങളായതും ശൂദ്രരുടെ പദവി മെച്ചപ്പെടുന്നതിന് കാരണമായി.

കല, സാഹിത്യം എന്നീ മേഖലകളിൽ പുരോഗതി കൈവരിച്ചിരുന്നുവെങ്കിലും രാഷ്ട്രകൂടഭരണകാലസമൂഹത്തെ ഒരു സമത്വാധിഷ്ഠിത സമൂഹമായി പരിഗണിക്കാൻ കഴിയുമോ? വിലയിരുത്തുക.

നമ്മൾ പരിചയപ്പെട്ട ഈ മൂന്ന് രാഷ്ട്രങ്ങളും തമ്മിൽ നിരന്തരം യുദ്ധങ്ങളിൽ ഏർപ്പെട്ടിരുന്നുവെങ്കിലും തങ്ങളുടെ ഭരണപ്രദേശങ്ങളിൽ അവർ സ്ഥായിയായ ഭരണം ഉറപ്പാക്കി. കൃഷിയോടൊപ്പം കല, സാഹിത്യം, ക്ഷേത്രനിർമ്മാണം എന്നിവയെയും പ്രോത്സാഹിപ്പിച്ചു.

സി.ഇ.എട്ടാം നൂറ്റാണ്ടുമുതൽ പന്ത്രണ്ടാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തിൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിലനിന്നിരുന്ന പ്രാദേശിക രാജ്യങ്ങളിലെ സ്ഥിതിഗതികൾ വിലയിരുത്തുക.

## ഡൽഹി സൽത്തനത്ത്

ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ നിലനിന്ന പ്രാദേശികരാജ്യങ്ങളെക്കുറിച്ചാണല്ലോ നമ്മൾ ചർച്ചചെയ്തത്. സി.ഇ.പതിമൂന്നാം നാറ്റാണ്ടിന്റെ ആരംഭത്തോടെ ഇന്ത്യയുടെ ഭൂരിഭാഗം പ്രദേശങ്ങളും ഡൽഹി കേന്ദ്രമാക്കിയുള്ള ഒരു ഭരണസമ്പ്രദായത്തിന്റെ കീഴിലേക്ക് മാറി. അതിന്റെ പശ്ചാത്തലവും പ്രത്യേകതകളും എന്തൊക്കെയാണെന്ന് നോക്കാം. ഇന്ത്യയുമായി അറബികൾക്ക്

വാണിജ്യ-സാംസ്കാരിക ബന്ധമുണ്ടായിരുന്നുവെന്ന് മുൻക്ലാസിൽ നമ്മൾ മനസ്സിലാക്കിയല്ലോ? എന്നാൽ സി.ഇ. എട്ടാം നൂറ്റാണ്ടിന്റെ ആദ്യം അറബികൾ ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ പടിഞ്ഞാറേ സമുദ്രതീരത്തെ പ്രദേശമായിരുന്ന സിന്ധ് ആക്രമിച്ചു. ഇന്ത്യയുടെ സമ്പത്തും അറബികളുടെ കച്ചവടതാൽപര്യവുമായിരുന്നു ഈ ആക്രമണത്തിന്റെ പിന്നിലെ ലക്ഷ്യം.

## അറബികളുടെ സിന്ധാക്രമണം




സി.ഇ. 712 ലാണ് അറബികൾ സിന്ധ് ആക്രമിച്ചത്. ഉമയ്യാദ് ഖലീഫയുടെ സൈനിക മേധാവിയായിരുന്ന മുഹമ്മദ് ബിൻ കാസിം ആണ് ഇതിന് നേതൃത്വം നൽകിയത്. ഖലീഫയ്ക്കും ഗവർണറായിരുന്ന അൽ-ഹജ്ജാജിനും പാരിതോഷികങ്ങളുമായി സിലോണിൽ നിന്നും അറേബ്യയിലേക്ക് പോയ കപ്പൽ സിന്ധിന് സമീപം കടൽക്കൊള്ളക്കാർ ആക്രമിച്ചതായിരുന്നു അറബികളുടെ സിന്ധാക്രമണത്തിന്റെ പെട്ടന്നുള്ള കാരണം.

ഈ ആക്രമണത്തോടെ ഇന്ത്യയിലെ വിവിധ ഭരണാധികാരികളുടെ ദൗർബല്യം മറ്റ് രാജ്യങ്ങൾക്ക് ബോധ്യപ്പെട്ടു. തുടർന്ന് തുർക്കികളായ ഗസ്നിയിലെ മഹമ്മൂദും ഗോറിലെ മുഹമ്മദും പതിനൊന്നും പന്ത്രണ്ടും നൂറ്റാണ്ടുകളിൽ ഇന്ത്യയെ ആക്രമിച്ചു. മഹമ്മൂദ് പതിനേഴ് തവണ ഇന്ത്യയെ ആക്രമിച്ചതായി പറയപ്പെടുന്നു. ഇതിൽനിന്നുതന്നെ ഇന്ത്യയുടെ വർധിച്ച സമ്പത്തിനോട് അവർക്കുണ്ടായിരുന്ന താൽപര്യം വെളിവാകുന്നുണ്ട്. ഈ ആക്രമണങ്ങൾ ക്രമേണ ഡൽഹി കേന്ദ്രീകരിച്ചുള്ള സുൽത്താൻ ഭരണത്തിന് (ഡൽഹി സൽത്തനത്ത്) വഴിയൊരുക്കി. ഉത്തരേന്ത്യയും മധ്യേന്ത്യയും ദക്ഷിണേന്ത്യയുടെ ചില ഭാഗങ്ങളും സുൽത്താൻ ഭരണത്തിൻ കീഴിലായിരുന്നു. സി.ഇ. 1206 മുതൽ 1526 വരെ നിലനിന്ന സുൽത്താൻ ഭരണത്തിന്റെ കാലത്ത് അഞ്ച് രാജവംശങ്ങൾ അധികാരത്തിലിരുന്നു. അവ താഴെപ്പറയുന്നു.

### ഡൽഹിയിലെ സൽത്തനത്ത് കാലത്തെ രാജവംശങ്ങൾ

മാമ്‌ലുക്ക് → ഖൽജി → തുഗ്ലക്ക് → സയ്യിദ് → ലോദി

നിരവധി ഭരണപരിഷ്കാരങ്ങൾക്കും പരീക്ഷണങ്ങൾക്കും സാക്ഷ്യംവഹിച്ച കാലഘട്ടമായിരുന്നു ഇത്. അവയിൽ സുപ്രധാനമായിരുന്നു അലാവുദ്ദീൻ ഖൽജിയുടെ ഭരണകാലത്ത് (1296-1316) നടപ്പിലാക്കിയ കമ്പോളനിയന്ത്രണം.

എല്ലാ ഉൽപന്നങ്ങളുടെയും വില പൊതുവെയും ഭക്ഷ്യസാധനങ്ങളുടെ വില പ്രത്യേകിച്ചും നിയന്ത്രിക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. മംഗോളിയൻ ആക്രമണത്തെ തുടർന്ന് അലാവുദ്ദീന് ശക്തമായ ഒരു സൈന്യത്തെ കെട്ടിപ്പടുക്കേണ്ടിവന്നു. വിശാലമായ ഒരു സൈന്യത്തിന് ശമ്പളമായി വലിയ ഒരു തുക നൽകേണ്ടിവരും എന്ന ആശങ്കയാണ് അദ്ദേഹത്തെ ഇത്തരമൊരു പരിഷ്കാരത്തിന് പ്രേരിപ്പിച്ചത്. ഉൽപന്നങ്ങൾക്ക് വില കുറവാണെങ്കിൽ കുറഞ്ഞതുക ശമ്പളമായി നൽകിയാൽ മതിയല്ലോ. ഇതിന്റെ ഭാഗമായി അദ്ദേഹം സംഭരണശാല സ്ഥാപിക്കുകയും ഉയർന്നവില ഈടാക്കുന്നവർക്കും പൂഴ്ത്തിവയ്പുകാർക്കും ശിക്ഷകൾ നൽകുകയും ചെയ്തു.

## റസിയ സുൽത്താന
**(1236-39)**

മാമ്ലുക്ക് രാജവംശത്തിലെ ശ്രദ്ധേയനായ ഇൽത്തുമിഷിന്റെ മകളായിരുന്നു റസിയ. തന്റെ ആൺമക്കളൊന്നും തനിക്ക് ശേഷം സിംഹാസനത്തിലിരിക്കാൻ യോഗ്യരല്ല എന്ന് കരുതിയ ഇൽത്തുമിഷ് തന്റെ അനന്തരാവകാശിയായി നിർദേശിച്ചത് മകളെയായിരുന്നു. ഇറാനിലും ഈജിപ്തിലുമൊക്കെ സ്ത്രീകൾ ഭരണാധികാരികളായി പ്രവർത്തിച്ചിട്ടുണ്ടെങ്കിലും സിംഹാസനത്തിലേക്ക് ഒരു സ്ത്രീയെ നിർദേശിക്കപ്പെടുന്നത് അക്കാലത്തെ സുപ്രധാന മാറ്റം തന്നെയായിരുന്നു.



അലാവുദ്ദീൻ ഖൽജിയുടെ അധീനതയിലുണ്ടായിരുന്ന പ്രദേശം (സൈനിക നീക്കങ്ങളാണ് അമ്പടയാളത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്)

ആധുനികകാലത്ത് സർക്കാരുകളുടെ പൊതുചെലവും ജനങ്ങളുടെ ദൈനംദിന ചെലവുകളും കുറയ്ക്കാൻ ആവശ്യമായ മാർഗങ്ങളെക്കുറിച്ച് ക്ലാസിൽ ഒരു പാനൽ ചർച്ച സംഘടിപ്പിക്കുക.

## സാമൂഹിക-സാമ്പത്തികജീവിതം

ഇന്ത്യയിലെ ഫലഭൂയിഷ്ഠമായ മണ്ണ് കൃഷിക്ക് ഏറെ അനുയോജ്യമായിരുന്നുവെന്ന് പതിനാലാം നൂറ്റാണ്ടിൽ ഇന്ത്യ സന്ദർശിച്ച മൊറോക്കൻ സഞ്ചാരിയായ ഇബനുബത്തൂത്ത അഭിപ്രായപ്പെടുന്നുണ്ട്. വർഷത്തിൽ രണ്ടോ മൂന്നോ തവണ കൃഷിചെയ്തിരുന്നതായി അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. ജനസംഖ്യയുടെ ഭൂരിഭാഗവും കർഷകരായിരുന്നു. എന്നാൽ തുടർച്ചയായ ക്ഷാമങ്ങളും യുദ്ധങ്ങളും കർഷകരെ ബുദ്ധിമുട്ടിലാക്കി. കരിമ്പ്, ഗോതമ്പ്, നീലം, പരുത്തി, എണ്ണക്കുരുക്കൾ, പഴവർഗങ്ങൾ, പൂക്കൾ എന്നിവ കൃഷി ചെയ്തിരുന്നു. ഇവ എണ്ണയാട്ടൽ, ശർക്കരയുണ്ടാക്കൽ, നെയ്ത്ത്, തുണികളിൽ ചായം പിടിപ്പിക്കൽ തുടങ്ങിയ കൈത്തൊഴിലുകളുടെ പുരോഗതിക്ക് കാരണമായി. ജലാശയത്തിൽ നിന്നും കാലികളെ ഉപയോഗിച്ച് ചക്രംകറക്കി വെള്ളമെടുത്ത് ജലസേചനത്തിന് ഉപയോഗിക്കുന്ന 'രഹത് ജലസേചന സമ്പ്രദായം' നിലനിന്നിരുന്നു.


രഹത് ജലസേചന സമ്പ്രദായം

കാർഷികരംഗത്തെ വളർച്ചയ്ക്ക് പുറമെ ഭരണസ്ഥിരത, ഗതാഗത സംവിധാനങ്ങളുടെ പുരോഗതി, ടാങ്ക (വെള്ളി), ദിർഹം (ചെമ്പ്) എന്നീ നാണയങ്ങളെ അടിസ്ഥാനമാക്കി രൂപപ്പെട്ട പണവ്യവസ്ഥ (Monetary System) എന്നിവ വ്യാപാരത്തിന്റെ വളർച്ചയ്ക്ക് കാരണമായി. കയറ്റുമതിയും ഇറക്കുമതിയും ശക്തിപ്പെട്ടു. മിനുസപ്പെട്ടുതുണി, സ്ഫടികം, കുതിരകൾ, ചീനപ്പാത്രങ്ങൾ, ആനക്കൊമ്പ്, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവ വിവിധ രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്തു. ഇന്ത്യയിൽ കയറ്റുമതിയായിരുന്നു ഇറക്കുമതിയെക്കാൾ കൂടുതൽ. അതിനാൽ അക്കാലത്ത് സ്വർണ്ണവും വെള്ളിയും ഇന്ത്യയിലേക്കൊഴുകിയെത്തി.

വ്യാപാരത്തിന്റെ വളർച്ച നഗരങ്ങളും നഗരജീവിതവും സുദൃഢമാകുന്നതിന് കാരണമായി. ഡൽഹിയും ദൗലത്താബാദും അന്നത്തെ കിഴക്കൻ ലോകത്തെ വൻകിട നഗരങ്ങളായിരുന്നു. ബംഗാളും ഗുജറാത്തിലെ നഗരങ്ങളും തുണിത്തരങ്ങൾക്ക് പേരുകേട്ടവയായിരുന്നു. ലാഹോർ, മുൾട്ടാൻ, ലഖ്നൗ എന്നിവ തിരക്കേറിയ നഗരങ്ങളായിരുന്നു. ഇവിടങ്ങളിൽ നിലനിന്ന തുകൽപ്പണി, ലോഹപ്പണി, പരവതാനി നിർമ്മാണം, മരപ്പണി തുടങ്ങിയ കൈത്തൊഴിലുകൾക്കുപുറമെ തുർക്കികൾ പേപ്പർ നിർമ്മാണവും ആരംഭിച്ചു. രാജ്യത്തെ ഭൂമി മുഴുവൻ ഇഖ്തകളായി തിരിച്ച് തുർക്കി പ്രഭുക്കന്മാർക്ക് വീതിച്ച് നൽകിയിരുന്നു. ഈ ഇഖ്തകളിൽ നിന്നുള്ള ഭൂനികുതി വിഹിതം പ്രഭുക്കന്മാർ പിരിച്ച് സുൽത്താന് നൽകി. നികുതി പണമായി പിരിച്ചത് ഒരു പണ സമ്പദ്‌വ്യവസ്ഥയുടെ ആവിർഭാവത്തിനും അതിലൂടെ വൻതോതിലുള്ള സാമ്പത്തികപുരോഗതിക്കും വഴിതെളിച്ചു.

### ഇഖ്ത സമ്പ്രദായം

ഡൽഹിയിലെ സുൽത്താനായിരുന്ന ഇൽത്തുമിഷിന്റെ കാലത്താണ് ഇഖ്തസമ്പ്രദായം നടപ്പിലാക്കിയത്. രാജ്യത്തെ ചെറുതും വലുതുമായ ഭൂപ്രദേശങ്ങളായി തിരിച്ച് അവയെ സൈനികർ, ഉദ്യോഗസ്ഥർ, പ്രഭുക്കന്മാർ എന്നിവർക്ക് വീതിച്ചു നൽകുന്ന ഭൂമിദാന സമ്പ്രദായമായിരുന്നു ഇത്. ദാനം നൽകുന്ന ഭൂപ്രദേശം ഇഖ്തകൾ

സുൽത്താൻ ഭരണകാലത്ത് കാർഷികമേഖലയിലുണ്ടായ പുരോഗതി രാജ്യത്തിന്റെ സാമ്പത്തികരംഗത്തെ എങ്ങനെയെല്ലാം സ്വാധീനിച്ചുവെന്ന് പരിശോധിക്കുക.

ഇനി സുൽത്താൻ ഭരണകാലത്തെ സാമൂഹികജീവിതം എങ്ങനെയായിരുന്നുവെന്ന് നോക്കാം. മധ്യകാല സമൂഹം നിരവധി അസമത്വങ്ങൾ നിറഞ്ഞതായിരുന്നു. സുൽത്താൻ, മുഖ്യപ്രഭുക്കന്മാർ, 'മുഖ്ദം' എന്നറിയപ്പെട്ട ഗ്രാമത്തലവൻ, ചെറുകിട പ്രഭുക്കന്മാർ എന്നിവർ ഉയർന്ന നിലവാരത്തിലുള്ള ജീവിതം നയിച്ചു. നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും ഭൂരിഭാഗം ജനങ്ങളും നിരവധി യാതനകൾ അനുഭവിച്ചിരുന്നു. ജാതിവ്യവസ്ഥയിൽ അധിഷ്ഠിതമായി നിലനിന്ന സാമൂഹിക ഘടനയ്ക്ക് അടിസ്ഥാനപരമായ മാറ്റങ്ങളൊന്നും സംഭവിച്ചില്ല. സ്ത്രീപദവിക്ക് ചെറിയ മാറ്റം വന്നതായി ചിലർ അഭിപ്രായപ്പെടുന്നുണ്ട്. സ്ത്രീകളുടെ സ്വത്തിന്മേലുള്ള അവകാശത്തിലാണ് പുരോഗമനപരമായ ഈ മാറ്റം കാണാൻ കഴിയുന്നത്. എന്നാൽ ജാതിവ്യവസ്ഥ തദ്ദേശീയരും ഇസ്ലാമതവിശ്വാസികളും തമ്മിലുള്ള ഇടപെടലിനെ പരിമിതപ്പെടുത്തിയില്ല. സൈന്യത്തിന്റെയും ഭരണത്തിന്റെയും നേതാക്കൾ പലപ്പോഴും ഹിന്ദുമതവിശ്വാസികളായിരുന്നു.

പ്രാചീന ഇന്ത്യയിലെ സാമൂഹികജീവിതത്തെ ചുവടെ തന്നിട്ടുള്ള സൂചനകളുടെ അടിസ്ഥാനത്തിൽ സുൽത്താൻ ഭരണകാലത്തെ സാമൂഹിക ജീവിതത്തോട് താരതമ്യം ചെയ്യുക.

| | പ്രാചീനഇന്ത്യ | സുൽത്താൻ ഭരണം |
|---|---|---|
| ജാതിവ്യവസ്ഥ | ........................................................ | ........................................................ |
| സ്ത്രീപദവി | ........................................................ | ........................................................ |



## സാംസ്കാരിക ജീവിതം

നിങ്ങൾക്ക് പരിചയമുള്ള ചില സംഗീത ഉപകരണങ്ങളുടെ ചിത്രങ്ങളാണ് നൽകിയിട്ടുള്ളത്. ഇവയുടെ പേര് കണ്ടെത്താമോ? ഡൽഹി സുൽത്താന്മാരുടെ കാലത്താണ് ഈ സംഗീത ഉപകരണങ്ങൾ ഇന്ത്യയിലേക്ക് വന്നത്. ഇത്തരത്തിൽ സുൽത്താൻ ഭരണം ഇന്ത്യയുടെ സാംസ്കാരിക ജീവിതത്തെ ശക്തമായി സ്വാധീനിച്ചിരുന്നു. ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിലും ജനജീവിതത്തിന്റെ വിവിധ മേഖലകളിലും വ്യത്യസ്ത രീതിയിലായിരുന്നു സുൽത്താൻ ഭരണം സ്വാധീനം ചെലുത്തിയത്. മാത്രമല്ല അത് പൊടുന്നനെ സംഭവിച്ചതുമായിരുന്നില്ല, മറിച്ച് ദീർഘനാളത്തെ പരസ്പരബന്ധത്തിലൂടെയാണ് രണ്ട് സംസ്കാരങ്ങളുടെ സമന്വയം രൂപപ്പെട്ടത്. അതിൽ ചിലപ്പോഴൊക്കെ ഉയർച്ച-താഴ്ചകൾ സംഭവിച്ചിട്ടുണ്ട്.

സംഗീതത്തിനു പുറമെ വാസ്തുവിദ്യ, സാഹിത്യം എന്നീ രംഗങ്ങളിലും ഈ സ്വാധീനം കാണാൻ കഴിയും. ഡൽഹിയിൽ സ്ഥിതിചെയ്യുന്ന കുത്തബ്മിനാർ, തുഗ്ലക്കാബാദ് കോട്ട, ഹോസ് ഖാസ് സമുച്ചയം, ലോധി പൂന്തോട്ടം എന്നിവ വാസ്തുവിദ്യാരംഗത്തെ സംഭാവനകൾക്ക് ചില ഉദാഹരണ ങ്ങളാണ്.


കുത്തബ്മിനാർ


തുഗ്ലക്കാബാദ് കോട്ട


ഹോസ് ഖാസ് സമുച്ചയം


ലോധി പൂന്തോട്ടം

അറബിഭാഷയിൽ ഇക്കാലത്ത് നിരവധി കൃതികൾ രചിക്കപ്പെടുകയും ഇന്ത്യ യിൽ നിന്നും ചില ശാസ്ത്രഗ്രന്ഥങ്ങളും ജ്യോതിശാസ്ത്ര ഗ്രന്ഥങ്ങളും അറബി ഭാഷയിലേക്ക് തർജമ ചെയ്യപ്പെടുകയുമുണ്ടായി. തുർക്കികളുടെ വരവോടെ പേർഷ്യൻഭാഷ ഇന്ത്യയിലേക്ക് കടന്നുവന്നു. പേർഷ്യൻ ഭാഷയിൽ മനോഹ രങ്ങളായ കൃതികൾ രചിച്ച സാഹിത്യകാരനായിരുന്നു അമീർഖുസ്രു. ചരിത്ര രചനയും ഇക്കാലത്ത് ഒരു പ്രമുഖ ശാഖയായി വളർന്നുവന്നു. സിയാവുദ്ദീൻ ബറാനി സുൽത്താൻ ഭരണകാലത്ത് ഇന്ത്യയിൽ ജീവിച്ചിരുന്ന പ്രശസ്തനാ യൊരു ചരിത്രകാരനായിരുന്നു.

### ഉർദുഭാഷയും അമീർഖുസ്രുവും.

ഡൽഹിയിലെയും പരിസരപ്രദേശങ്ങളിലെയും ജനങ്ങളുടെ സംസാരഭാഷയായിരുന്ന ഹിന്ദാവിയു ടെയും വിദേശഭാഷയായ പേർഷ്യന്റെയും സംയോജനത്തിലൂടെയാണ് ഉർദുഭാഷ വികാസം പ്രാപി ച്ചത്. ഉർദുഭാഷയുടെ വികാസത്തിൽ മധ്യകാലഇന്ത്യയിൽ ജീവിച്ചിരുന്ന പ്രശസ്ത കവി അമീർഖുസ്രു പ്രധാന പങ്കുവഹിച്ചിരുന്നു. ഒരിക്കൽ അദ്ദേഹം ഇന്ത്യയെക്കുറിച്ച് പറഞ്ഞ വാക്കുകളാണ് ചുവടെ തന്നിട്ടുള്ളത്.

"രണ്ട് കാരണങ്ങളാൽ ഞാൻ ഇന്ത്യയെ സ്നേഹിക്കുന്നു, ഒന്നാമതായി ഇന്ത്യ എന്റെ ജന്മഭൂമിയാണ്. ജന്മനാടിനെ സ്നേഹിക്കുക എന്നത് ഓരോ രുത്തരുടെയും വിശ്വാസത്തിന്റെ ഭാഗമാണ്. രണ്ടാമതായി ഇന്ത്യ ഒരു സുന്ദരലോകമാണ്. ഖുറാസനേക്കാൾ സുന്ദരമാണ് ഇവിടത്തെ കാലാവസ്ഥ. വർഷം മുഴുവൻ പൂക്കളും ഹരിതാഭയും നിറഞ്ഞതാണ് ഇവിടത്തെ ഭൂപ്രകൃതി."

സുൽത്താൻ ഭരണകാലത്തെ സാംസ്കാരികസംഭാവനകൾ ഇന്ത്യയുടെ സംസ്കാരത്തിൽ ഇപ്പോഴും എത്രമാത്രം പ്രതിഫലിക്കുന്നുണ്ട് എന്ന വിഷയത്തിൽ ഒരു ചർച്ച സംഘടിപ്പിക്കുക.

ഗുപ്തഭരണത്തിന്റെ തകർച്ചയ്ക്കു ശേഷം ഇന്ത്യയിൽ ഭരണപരമായി ശ്രദ്ധേയമായ ഇടപെടലുകൾ നടന്നത് ഡക്കാണിലും തെക്കേ ഇന്ത്യയിലുമായിരുന്നു. ഇവിടങ്ങളിൽ ചെറുരാജ്യങ്ങളുടെ സ്ഥാനത്ത് വലിയ ഭരണകൂടങ്ങൾ നിലവിൽ വന്നു. പ്രാദേശിക സംസ്കാരങ്ങൾ ശക്തിപ്പെട്ടു. വ്യക്ത്യാധിഷ്ഠിതമല്ലാത്ത രാജഭരണം ആവിർഭവിച്ചു. എട്ടാം നൂറ്റാണ്ടിൽ അറബികൾ സിന്ധ് കൈവശപ്പെടുത്തിയതിനെ തുടർന്ന് ഇന്ത്യയിലേക്ക് തുർക്കികൾ കടന്നുവരികയും ഏകദേശം മുന്നൂറ് വർഷക്കാലം ഇന്ത്യ ഡൽഹി സുൽത്താന്മാരുടെ ഭരണത്തിൽ കീഴിലാവുകയും ചെയ്തു. ഇക്കാലത്ത് ഏകീകൃതവും സ്ഥിരതയാർന്നതുമായ ഒരു ഭരണക്രമത്തിന് ഇന്ത്യ സാക്ഷ്യം വഹിച്ചു. സാംസ്കാരിക വിനിമയത്തിന്റെയും സമന്വയത്തിന്റെയും കാലഘട്ടം കൂടിയായിരുന്നു ഇത്.

സുൽത്താൻ ഭരണം ഇന്ത്യയുടെ ഭരണക്രമത്തിലും സാംസ്കാരിക ജീവിതത്തിലും ചെലുത്തിയ സ്വാധീനത്തെക്കുറിച്ച് ക്ലാസിൽ ഒരു സെമിനാർ സംഘടിപ്പിക്കുക.

## തുടർപ്രവർത്തനങ്ങൾ

- ഇന്ത്യയിൽ വാസ്തുവിദ്യാരംഗത്തുണ്ടായ മാറ്റങ്ങളും സ്വാധീനവും കാണിക്കുന്ന ഒരു ഡിജിറ്റൽ പതിപ്പ് തയ്യാറാക്കുക.
- ദക്ഷിണേന്ത്യയിലെ പ്രധാന രാജവംശങ്ങളുടെയും ഡൽഹിയിലെ സുൽത്താൻ കാലത്തെയും ഭൂപടങ്ങൾ ഉൾപ്പെടുത്തി ഡിജിറ്റൽ അറ്റ്ലസ് തയ്യാറാക്കുക.
- സുൽത്താൻ ഭരണകാലത്ത് ഇന്ത്യയിൽ സാംസ്കാരിക രംഗത്തുണ്ടായ മാറ്റങ്ങൾ വിശദീകരിക്കുന്ന ഡിജിറ്റൽ പ്രസന്റേഷൻ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുക.



# 7 ജനാധിപത്യത്തിന്റെ വ്യാപനം സ്ഥാപനങ്ങളിലൂടെ



THE CONSTITUTION OF INDIA

PREAMBLE

WE, THE PEOPLE OF INDIA,
having solemnly resolved to constitute India into a
SOVEREIGN SOCIALIST
SECULAR DEMOCRATIC REPUBLIC
and to secure to all its citizens:
JUSTICE, social, economic and political;
LIBERTY of thought, expression,
belief, faith and worship;
EQUALITY of status and of opportunity;
and to promote among them all
FRATERNITY assuring the dignity of the
individual and the unity and
integrity of the Nation;
IN OUR CONSTITUENT ASSEMBLY
this twenty-sixth day of November, 1949, do
HEREBY ADOPT, ENACT AND GIVE TO
OURSELVES THIS CONSTITUTION.



ജനാധിപത്യം ഒരു ഭരണക്രമം എന്നതിലുപരി പൗരരുടെ വിവിധങ്ങളായ ആവശ്യങ്ങളും അഭിലാഷങ്ങളും സഫലീകരിക്കുന്നതും അതിലൂടെ അന്തസ്സുറ്റ ജീവിതം ഉറപ്പുവരുത്തുന്നതുമായ സംവിധാനം കൂടിയാണ്. ഇന്ത്യയിൽ ജനാധിപത്യത്തിന്റെ സംസ്ഥാപനത്തിനും അതിന്റെ സർവതലസ്പർശിയായ വ്യാപനത്തിനും വേണ്ടി ഭരണഘടനാനുസൃതം നിലവിൽ വന്ന പല സ്ഥാപനങ്ങളും പ്രവർത്തിച്ചുവരുന്നു.

## വിദ്യാഭ്യാസ അവകാശം ഉറപ്പുവരുത്തും : ദേശീയ പിന്നാക്കവിഭാഗ കമ്മീഷൻ

മധ്യ പ്രദേശ് : പിന്നാക്ക വിഭാഗങ്ങൾക്കായി കൂടുതൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കാൻ ശുപാർശ ചെയ്യുമെന്ന് ദേശീയ പിന്നാക്ക വിഭാഗ കമ്മീഷൻ പത്രസമ്മേളനത്തിൽ പറഞ്ഞു. ഈ വിഭാഗങ്ങളുടെ സാമ്പത്തിക പിന്നാക്കാവസ്ഥ പരിഹരിക്കാനുള്ള നടപടികളും ഇതിലുണ്ടാകുമെന്ന് കമ്മീഷൻ അറിയിച്ചു.

## പട്ടികജാതി - പട്ടികവർഗ വിഭാഗങ്ങളുടെ സാമ്പത്തിക സാമൂഹിക ഉന്നമനത്തിനായി നടപടി

ന്യൂ ഡൽഹി : രാജ്യത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പുരോഗതിക്കായുള്ള നടപടികൾ സ്വീകരിക്കുമെന്ന് ദേശീയ പട്ടികജാതി കമ്മീഷനും ദേശീയ പട്ടികവർഗ്ഗ കമ്മീഷനും അറിയിച്ചു. ഈ വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനായി പാർപ്പിടങ്ങളുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളും വിദ്യാഭ്യാസ സൗകര്യങ്ങളും സംവരണാനുകൂല്യങ്ങളും സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള ശുപാർശകൾ നൽകുമെന്നും കമ്മീഷനുകൾ അറിയിച്ചു.

## മനുഷ്യാവകാശലംഘനം : കമ്മീഷൻ കേസെടുത്തു

ന്യൂഡൽഹി : തൊഴിൽ മേഖലയിൽ നടക്കുന്ന മനുഷ്യാവകാശലംഘനങ്ങൾക്കെതിരെ ദേശീയമനുഷ്യാവകാശകമ്മീഷൻ സ്വമേധയാ കേസെടുത്തു. വിവിധ മാധ്യമങ്ങളിൽ ഇതുസംബന്ധിച്ചുവന്ന വാർത്തകളുടെ അടിസ്ഥാനത്തിലാണ് കമ്മീഷന്റെ നടപടി.

## സ്ത്രീ സുരക്ഷാ നടപടികൾ അനിവാര്യം

ന്യൂഡൽഹി : സ്ത്രീകൾക്കെതിരെ വർധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിന് നടപടികൾ സ്വീകരിക്കുവാനും സ്ത്രീ സുരക്ഷാ നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിനും സർക്കാരുകൾക്ക് നിർദേശങ്ങൾ നൽകുമെന്ന് ദേശീയ വനിതാകമ്മീഷൻ അറിയിച്ചു.

## ലോകസഭ തിരഞ്ഞെടുപ്പ് വിജ്ഞാപനമായി

ന്യൂഡൽഹി : പതിനെട്ടാം ലോകസഭാ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചു. ഏഴ് ഘട്ടങ്ങളിലായാണ് രാജ്യത്ത് തിരഞ്ഞെടുപ്പ് തീരുമാനിച്ചിരിക്കുന്നതെന്ന് കമ്മീഷൻ അറിയിച്ചു. ഇതിന് മുന്നോടിയായി വോട്ടർപട്ടിക പരിഷ്കരണമുൾപ്പെടെയുള്ള നടപടിക്രമങ്ങളും കമ്മീഷൻ ആരംഭിച്ചു.

## ന്യൂനപക്ഷാവകാശ സംരക്ഷണം : കമ്മീഷൻ ഇടപെട്ടു

ന്യൂഡൽഹി : ന്യൂനപക്ഷങ്ങൾക്കെതിരായ അതിക്രമങ്ങളിൽ ദേശീയ ന്യൂനപക്ഷ കമ്മീഷൻ ആശങ്ക രേഖപ്പെടുത്തി. മത-ഭാഷാ-സാംസ്കാരിക ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായുള്ള നിർദ്ദേശങ്ങളും കമ്മീഷൻ മുന്നോട്ടുവെച്ചു.

മുകളിൽ കൊടുത്തിരിക്കുന്ന വാർത്തകളിൽ ജനാധിപത്യത്തിന്റെ സ്ഥാപനവൽക്കരണത്തിനായി രൂപീകരിച്ചിട്ടുള്ള വ്യത്യസ്ത സംവിധാനങ്ങളെയാണ് സൂചിപ്പിച്ചിട്ടുള്ളത്. അവ ഏതെല്ലാമെന്ന് കണ്ടെത്താമോ?

- ദേശീയ ന്യൂനപക്ഷകമ്മീഷൻ
- 
- 
- 
- 
- 

പ്രസ്തുത സ്ഥാപനങ്ങളെ ഭരണഘടനാസ്ഥാപനങ്ങളെന്നും ഭരണഘടനേതര സ്ഥാപനങ്ങളെന്നും രണ്ടായി തരംതിരിക്കാം. ഭരണഘടന നിലവിൽ വന്നപ്പോൾത്തന്നെ രൂപീകരിക്കപ്പെട്ട സ്വയംഭരണസ്ഥാപനങ്ങളാണ് ഭരണഘടനാസ്ഥാപനങ്ങൾ. ഭരണഘടനാസ്ഥാപനങ്ങളുടെ അധികാരത്തിന്റെ ഉറവിടം ഭരണഘടനയാണ്. ഈ സ്ഥാപനങ്ങളുടെ അധികാരം, ഘടന എന്നിവയിൽ മാറ്റം വരുത്തുന്നതിന് ഭരണഘടനാഭേദഗതി അനിവാര്യവുമാണ്. എന്നാൽ പാർലമെന്റ് പാസാക്കുന്ന നിയമങ്ങളനുസരിച്ച് രൂപം കൊള്ളുന്നവയാണ്

ഭരണഘടനേതര സ്ഥാപനങ്ങൾ. ഇവയ്ക്ക് പിന്നീട് ആവശ്യാനുസരണം ഭരണഘടനാപദവി ലഭിക്കാറുണ്ട്.

ഭരണഘടനയുടെ അടിസ്ഥാനമൂല്യങ്ങളായ സമത്വം, സ്വാതന്ത്ര്യം, സാമൂഹികനീതി, മതേതരത്വം തുടങ്ങിയ ആശയങ്ങൾ നമ്മുടെ രാജ്യത്ത് പ്രായോഗികതലത്തിൽ നടപ്പിലാക്കുന്നതിൽ ഈ സ്ഥാപനങ്ങൾ മുഖ്യ പങ്കുവഹിക്കുന്നു. രാജ്യത്തെ എല്ലാവിഭാഗം ജനങ്ങളെയും ഉൾച്ചേർത്തുകൊണ്ടാണ് ഈ സ്ഥാപനങ്ങൾ ജനാധിപത്യത്തിന്റെ അടിസ്ഥാനലക്ഷ്യങ്ങൾ കൈവരിക്കുന്നത്. അരികുവൽക്കരിക്കപ്പെട്ടവരും ദുർബലരുമായ ജനവിഭാഗങ്ങളുടെ പങ്കാളിത്തത്തിലൂടെ മാത്രമേ ജനാധിപത്യം വിജയം കൈവരിക്കുകയുള്ളൂ. അതിനായി അത്തരം വിഭാഗങ്ങളുടെ ആഗ്രഹങ്ങളും അഭിലാഷങ്ങളും നീതിപൂർവം പരിഗണിക്കപ്പെടേണ്ടതുണ്ട്. ഇന്ത്യയിൽ ഈ ധർമ്മം നിർവഹിക്കുന്നതിൽ ഭരണഘടനാ-ഭരണഘടനേതര സ്ഥാപനങ്ങൾ സുപ്രധാന പങ്കുവഹിക്കുന്നു. മുകളിൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ എങ്ങനെയാണ് ജനാധിപത്യത്തിന്റെ വ്യാപനത്തെ സഹായിക്കുന്നതെന്ന് പരിശോധിക്കാം.

## തിരഞ്ഞെടുപ്പ് കമ്മീഷൻ










തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചില ചിത്രങ്ങളാണ് മുകളിൽ കൊടുത്തിട്ടുള്ളത്. ഈ ചിത്രങ്ങൾ ഏതൊക്കെ പ്രക്രിയകളെയാണ് സൂചിപ്പിക്കുന്നത്?

- വോട്ടുചെയ്യുന്നതിനായി വരിയായി നിൽക്കുന്നു.
-
-



തിരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനം - ന്യൂഡൽഹി

ജനാധിപത്യഭരണക്രമത്തിൽ തിരഞ്ഞെടുപ്പുകൾക്ക് നിർണ്ണായക പങ്കാണുള്ളത് എന്നറിയാമല്ലോ? ജനാധിപത്യ ഭരണസംവിധാനത്തിൽ ജനപ്രതിനിധികളും ഭരണാധികാരികളും അധികാരത്തിലെത്തുന്നത് തിരഞ്ഞെടുപ്പുകളിലൂടെയാണ്. അതുകൊണ്ട് തന്നെ നീതിപൂർവവും നിഷ്പക്ഷവുമായ തിരഞ്ഞെടുപ്പ് ഉറപ്പുവരുത്തുന്നതിന് സ്വതന്ത്രവും ആധികാരികവുമായ ഒരു സംവിധാനം അനിവാര്യമാണ്. ഇന്ത്യയിൽ ഈ ഉത്തരവാദിത്വം നിർവഹിക്കുന്ന ഭരണഘടനാസ്ഥാപനമാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ (Election Commission of India).

ഭരണഘടനയുടെ അനുച്ഛേദം 324 പ്രകാരം 1950 ജനുവരി 25നാണ് ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ നിലവിൽ വന്നത്. മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണറും രണ്ട് കമ്മീഷണർമാരും ചേർന്നതാണ് നിലവിലെ തിരഞ്ഞെടുപ്പ് കമ്മീഷൻ. രാഷ്ട്രപതിയാണ് ഇവരെ നിയമിക്കുന്നത്. ആറുവർഷമോ അല്ലെങ്കിൽ അറുപത്തിയഞ്ച് വയസ്സുവരെയോ ആണ് കമ്മീഷൻ അംഗങ്ങളുടെ ഔദ്യോഗികകാലാവധി. ഇംപീച്ച്മെന്റിലൂടെ മാത്രമേ മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണറെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യാൻ സാധിക്കൂ. കേന്ദ്രഭരണപ്രദേശങ്ങളിലും സംസ്ഥാനങ്ങളിലും തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് ചീഫ് ഇലക്ടറൽ ഓഫീസർമാരാണ്.

### ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ (EVM)

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ പ്രക്രിയയാണ് ഇന്ത്യയിലെ തിരഞ്ഞെടുപ്പ്. തിരഞ്ഞെടുപ്പ് പ്രക്രിയ കൂടുതൽ സുതാര്യമാക്കുന്നതിനും തിരഞ്ഞെടുപ്പ് കുറ്റകൃത്യങ്ങൾ തടയുന്നതിനും തിരഞ്ഞെടുപ്പ് കമ്മീഷൻ നടപ്പിലാക്കിയ സംവിധാനമാണ് ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ (EVM). 1982-ൽ കേരളത്തിലെ പറവൂർ നിയമസഭാമണ്ഡലത്തിലേക്കുള്ള ഉപതിരഞ്ഞെടുപ്പിലാണ് ആദ്യമായി ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ പരീക്ഷിച്ചത്. 2004-ലെ പാർലമെന്റ് തിരഞ്ഞെടുപ്പിൽ 543 മണ്ഡലങ്ങളിലും ഇ.വി.എം. ഉപയോഗിച്ചു. ഇലക്ട്രോണിക് വോട്ടിംഗ് മെഷീനിൽ കൺട്രോൾ യൂണിറ്റ്, ബാലറ്റ് യൂണിറ്റ് എന്നീ രണ്ട് യൂണിറ്റുകളാണുള്ളത്. സുതാര്യത ഉറപ്പു വരുത്തുന്നതിനായി വോട്ടർ വെരിഫൈഡ് പേപ്പർ ഓഡിറ്റ് ട്രയൽ (VVPAT) സംവിധാനവും ഉൾപ്പെടുത്തിയിട്ടുണ്ട്. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ വേഗത വർധിപ്പിക്കുന്നതിനും ഫലപ്രഖ്യാപനം വേഗത്തിലാക്കാനും തിരഞ്ഞെടുപ്പ് ചിലവുകൾ കുറയ്ക്കാനും ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ സഹായിക്കുന്നു.

ജനാധിപത്യത്തിന്റെ സംസ്ഥാപനത്തിനായി രൂപംകൊണ്ട ഭരണഘടനാസ്ഥാപനമെന്ന നിലയിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ വളരെ സുപ്രധാനമായ ചുമതലകളാണ് നിർവഹിക്കുന്നത്. താഴെക്കൊടുത്തിരിക്കുന്ന സംഭാഷണം ശ്രദ്ധിക്കൂ.




### ഇംപീച്ച്മെന്റ് (Impeachment)

ഭരണഘടനാപദവികളിൽ ഇരിക്കുന്ന വ്യക്തികളെ പ്രസ്തുത സ്ഥാനങ്ങളിൽ നിന്നും പാർലമെന്ററി നടപടിക്രമങ്ങളിലൂടെ പുറത്താക്കുന്ന പ്രക്രിയയാണ് ഇംപീച്ച്മെന്റ്.

നമ്മുടെ രാജ്യത്ത് വോട്ടർപട്ടിക തയ്യാറാക്കുന്നതും വോട്ടർമാർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതും തിരഞ്ഞെടുപ്പ് കമ്മീഷനാണെന്ന് സംഭാഷണത്തിൽ നിന്നും വ്യക്തമായല്ലോ?മറ്റെന്തൊക്കെ ചുമതലകളാണ് തിരഞ്ഞെടുപ്പ് കമ്മീഷന് നിർവഹിക്കാനുള്ളതെന്ന് നമുക്ക് പരിശോധിക്കാം.

## തിരഞ്ഞെടുപ്പ് കമ്മീഷൻ - ചുമതലകൾ

- വോട്ടർ പട്ടിക തയ്യാറാക്കൽ, തിരിച്ചറിയൽ കാർഡ് ലഭ്യമാക്കൽ
- രാഷ്ട്രപതി, ഉപരാഷ്ട്രപതി, ലോകസഭ - രാജ്യസഭ - സംസ്ഥാന നിയമസഭാംഗങ്ങൾ എന്നിവരുടെ തിരഞ്ഞെടുപ്പിനുള്ള മേൽനോട്ടം, നടത്തിപ്പ്, നിയന്ത്രണം.
- പെരുമാറ്റച്ചട്ടങ്ങളുടെ പ്രഖ്യാപനവും നടപ്പിലാക്കലും.
- രാഷ്ട്രീയപ്പാർട്ടികൾക്ക് അംഗീകാരം നൽകലും ചിഹ്നം അനുവദിക്കലും.
- തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കൽ, നാമനിർദേശപത്രിക സ്വീകരിക്കൽ, സൂക്ഷ്മ പരിശോധന, നാമനിർദേശപത്രിക അംഗീകരിക്കൽ, സ്ഥാനാർഥിപട്ടിക പ്രസിദ്ധീകരിക്കൽ.
- വോട്ടെടുപ്പ്, വോട്ടെണ്ണൽ തീയതികൾ നിശ്ചയിക്കൽ, ഫലപ്രഖ്യാപനവും തർക്കങ്ങൾ പരിഹരിക്കലും
- തിരഞ്ഞെടുപ്പ് ചെലവ് പരിശോധിക്കലും തുടർ നടപടികൾ സ്വീകരിക്കലും

തിരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതലകൾ, ഉത്തരവാദിത്വങ്ങൾ, തുടങ്ങിയവ നിർവചിക്കുന്നതിനും വിപുലവും സങ്കീർണവുമായ തിരഞ്ഞെടുപ്പ് സംവിധാനം കാര്യക്ഷമവും ബഹുജനപങ്കാളിത്തമുള്ളതുമാക്കി മാറ്റുന്നതിനും സുസംഘടിതമായ നിയമങ്ങളാണ് നമ്മുടെ രാജ്യത്തുള്ളത്. 1950-ലെയും 1951-ലെയും ജനപ്രാതിനിധ്യനിയമങ്ങൾ ഈ ധർമ്മങ്ങളാണ് നിർവഹിക്കുന്നത്. ഇന്ത്യൻ ഭരണഘടനയിലെ 327-ാം വകുപ്പ് അനുസരിച്ചാണ് ഈ നിയമങ്ങൾ പാർലമെന്റ് പാസാക്കിയിട്ടുള്ളത്. തിരഞ്ഞെടുപ്പ് പ്രക്രിയ വിശദമായിത്തന്നെ ഈ നിയമങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. നാമനിർദേശപത്രിക സ്വീകരിക്കുന്നതുമുതൽ ഫലപ്രഖ്യാപനം വരെയുള്ള എല്ലാ ഘട്ടങ്ങളും ഇതിൽ വ്യവസ്ഥ ചെയ്യുന്നു. നമുക്ക് ഈ നിയമങ്ങൾ പരിചയപ്പെടാം.

## ജനപ്രാതിനിധ്യനിയമം - 1950 (Representation of People Act - 1950)

### ദേശീയ സമ്മതിദായക ദിനം (National Voters Day)

ജനുവരി 25 ആണ് ദേശീയ സമ്മതിദായകദിനമായി ആചരിക്കുന്നത്. 2011 മുതലാണ് ഈ ദിനം ആചരിച്ച് തുടങ്ങിയത്. 1950 ജനുവരി 25ന് ആയിരുന്നു തിരഞ്ഞെടുപ്പ് കമ്മീഷൻ നിലവിൽ വന്നത്. തിരഞ്ഞെടുപ്പ് കമ്മീഷന്റെ സ്ഥാപകദിനം എന്ന നിലയിലാണ് ജനുവരി 25 ദേശീയ സമ്മതിദായകദിനമായി ആചരിക്കാൻ തീരുമാനിച്ചത്. രാജ്യത്തെ എല്ലാ വോട്ടർമാരെയും തിരഞ്ഞെടുപ്പ് പ്രക്രിയയിൽ സജീവ പങ്കാളിയാക്കുന്നതിനും സമ്മതിദാനാവകാശം വിനിയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുമായാണ് ദേശീയ സമ്മതിദായകദിനം ആചരിക്കുന്നത്.

പാർലമെന്റിലെയും സംസ്ഥാന നിയമസഭകളിലെയും തിരഞ്ഞെടുപ്പുകളിലേക്കുള്ള നിയോജക മണ്ഡലങ്ങൾ നിശ്ചയിക്കുന്നതിനും അവയുടെ അതിർത്തി പുനർനിർണ്ണയിക്കുന്നതിനും വോട്ടർപട്ടിക തയ്യാറാക്കുന്നതിനുമുള്ള വ്യവസ്ഥകൾ ക്രോഡീകരിക്കുന്ന നിയമമാണ് 1950-ലെ ജനപ്രാതിനിധ്യനിയമം. എല്ലാ പാർലമെന്റ് മണ്ഡലങ്ങളും ഏകാംഗ മണ്ഡലങ്ങളാണെന്ന് ഈ നിയമം അനുശാസിക്കുന്നു. നിയോജകമണ്ഡലങ്ങളുടെ വിഭജനം, പുനർനിർണ്ണയം, മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ, ജില്ലാതിരഞ്ഞെടുപ്പ് ഓഫീസർമാർ, വോട്ടർപട്ടിക തയ്യാറാക്കുന്നതിനുള്ള ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ എന്നിവരുടെ നിയമനം, വോട്ടർപട്ടിക തയ്യാറാക്കൽ തുടങ്ങിയ കാര്യങ്ങൾ ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

## ജനപ്രാതിനിധ്യനിയമം - 1951 (Representation of People Act - 1951)

ഇന്ത്യൻ പാർലമെന്റിലേക്കും സംസ്ഥാന നിയമസഭകളിലേക്കും തിരഞ്ഞെടുപ്പ് നടത്തുന്നതിനും തിരഞ്ഞെടുക്കപ്പെട്ടവരുടെ യോഗ്യതയും അയോഗ്യതയും നിർണ്ണയിക്കുന്നതിനും തിരഞ്ഞെടുപ്പ് തർക്കങ്ങൾക്കുള്ള പരിഹാരങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനുമുള്ള നിയമമാണ് 1951-ലെ ജനപ്രാതിനിധ്യ നിയമം. ഈ നിയമത്തിൽ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ, പാർലമെന്റ് അംഗങ്ങളുടെ യോഗ്യതകൾ, അയോഗ്യതകൾ എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്നു. പാർലമെന്റിലെയും സംസ്ഥാന നിയമസഭകളിലെയും അംഗങ്ങളെ അയോഗ്യരാക്കുന്നതിനെക്കുറിച്ചും തിരഞ്ഞെടുപ്പ് സംവിധാനത്തെക്കുറിച്ചും മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണർ, ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ, തിരഞ്ഞെടുപ്പ് നിരീക്ഷകർ, റിട്ടേണിംഗ് ഓഫീസർമാർ എന്നിവരുടെ ചുമതലകളും യോഗ്യതകളും ഈ നിയമത്തിൽ നിർവചിച്ചിരിക്കുന്നു. രാഷ്ട്രീയപാർട്ടികളുടെ രജിസ്ട്രേഷനെക്കുറിച്ചും ഈ നിയമത്തിൽ പ്രതിപാദിക്കുന്നു. ഈ നിയമപ്രകാരം ഏത് സംഘടനയ്ക്കും രാഷ്ട്രീയപാർട്ടിയായി മാറണമെങ്കിൽ തിരഞ്ഞെടുപ്പ് കമ്മീഷനിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ദേശീയ പാർട്ടി, പ്രാദേശിക പാർട്ടി എന്നീ പദവികൾക്കുള്ള മാനദണ്ഡങ്ങളും തിരഞ്ഞെടുപ്പുചിഹ്നങ്ങൾ ലഭിക്കാനുള്ള മാനദണ്ഡങ്ങളും ഈ നിയമത്തിൽ വ്യവസ്ഥചെയ്യുന്നു.

- ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷണർമാരുടെ പേരും കാലഘട്ടവും ഉൾപ്പെടുന്ന ഡിജിറ്റൽ ആൽബം തയ്യാറാക്കുക.
- തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ശേഖരിക്കുക.
- പൗരരുടെ വോട്ടവകാശം വിനിയോഗിക്കുവാൻ ബൂത്തുകളിലെത്തി മാത്രമാണോ വോട്ടു ചെയ്യാൻ സാധിക്കുക? മറ്റെന്തെങ്കിലും സംവിധാനം തിരഞ്ഞെടുപ്പ് കമ്മീഷൻ നടപ്പിലാക്കിയിട്ടുണ്ടോ? ക്ലാസിൽ ഒരു ചർച്ച സംഘടിപ്പിക്കുക.

### സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷനെ കൂടാതെ ഓരോ സംസ്ഥാനങ്ങളിലും സംസ്ഥാനതല തിരഞ്ഞെടുപ്പ് കമ്മീഷനുകളുണ്ട്. 73, 74 ഭരണഘടനാഭേദഗതികളിലൂടെ സംസ്ഥാനങ്ങളിൽ തിരഞ്ഞെടുപ്പ് കമ്മീഷനുകൾ നിലവിൽ വന്നു. ഭരണഘടനയുടെ 243 (K) / 243 (Z A), എന്നീ അനുഛേദങ്ങൾ പ്രകാരമാണിത് രൂപീകരിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള വോട്ടർ പട്ടിക തയ്യാറാക്കൽ, തിരഞ്ഞെടുപ്പിനുള്ള മേൽനോട്ടവും നിയന്ത്രണവും തുടങ്ങിയ ചുമതലകൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനുകൾ നിർവ്വഹിക്കുന്നു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ അംഗങ്ങളുടെ സംവരണസ്ഥാനങ്ങൾ നിശ്ചയിക്കുന്നതും കമ്മീഷനാണ്. കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിലവിൽ വന്നത് 1993 ഡിസംബർ 3നാണ്.

ഇന്ത്യയെപ്പോലെ വൈവിധ്യങ്ങളാൽ സമ്പന്നമായതും ഉയർന്ന ജനസംഖ്യയുള്ളതുമായ രാജ്യത്ത് ജനാധിപത്യഭരണക്രമം രൂപപ്പെടുത്തുന്നതിൽ തിരഞ്ഞെടുപ്പ് കമ്മീഷന് സുപ്രധാന പങ്കാണുള്ളത്. സാമൂഹികം, സാമ്പത്തികം, ലിംഗപരം തുടങ്ങിയ അസമത്വങ്ങളാൽ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും മാറ്റിനിർത്തപ്പെട്ട നിരവധി ജനവിഭാഗങ്ങൾ നമ്മുടെ സമൂഹത്തിൽ ഉണ്ടായിരുന്നു. ഇത്തരം ജനവിഭാഗങ്ങളെ തിരഞ്ഞെടുപ്പ് എന്ന പ്രക്രിയയുടെ ഭാഗമാക്കുക വഴി ഇന്ത്യൻ ജനാധിപത്യത്തിന്റെ രാഷ്ട്രീയ അടിത്തറയുറപ്പിക്കുക എന്ന കർത്തവ്യമാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ നിർവഹിച്ചിട്ടുള്ളത്. രാജ്യത്തിലെ വിവിധ തലങ്ങളിലുള്ള തിരഞ്ഞെടുപ്പുകളുടെ സുതാര്യവും നീതിയുക്തവുമായ നിർവഹണത്തിലൂടെ ഈ ഭരണഘടനാസ്ഥാപനത്തെ ജനാധിപത്യപരമായി കൂടുതൽ ശക്തവും അർഥപൂർണ്ണവുമാക്കുന്നു.



സുകുമാർ സെൻ ആയിരുന്നു ഇന്ത്യയിലെ ആദ്യത്തെ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ.

### ദേശീയ മനുഷ്യാവകാശകമ്മീഷൻ




തന്നിരിക്കുന്ന കലണ്ടറിലെ തീയതി ശ്രദ്ധിച്ചുവല്ലോ? ഈ ദിവസത്തിന്റെ പ്രത്യേകതയെന്തെന്ന് കണ്ടെത്താമോ?

സ്കൂളിൽ സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ അന്തർ ദേശീയ മനുഷ്യാവകാശദിനം ആചരിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തുമല്ലോ?എന്തൊക്കെ പരിപാടികളായിരിക്കും അതുമായി ബന്ധപ്പെട്ട് ആസൂത്രണം ചെയ്യുക?

- പോസ്റ്റർ പ്രദർശനം
- സെമിനാർ
- 
- 
- 

യുദ്ധങ്ങൾ, ആഭ്യന്തര കലാപങ്ങൾ, ഭീകരാക്രമണങ്ങൾ തുടങ്ങിയ സാഹചര്യങ്ങളിൽ മനുഷ്യന്റെ അന്തസ്സുറ്റ ജീവിതം ദു:സഹമാകുന്ന നിരവധി വാർത്തകൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും മാധ്യമങ്ങളിലൂടെ നമ്മൾ അറിയാറുണ്ടല്ലോ. നമുക്കുചുറ്റും ഇത്തരം മനുഷ്യാവകാശലംഘനങ്ങൾ നടക്കുന്നതായി നിങ്ങൾക്കറിയാമോ? അത്തരം സംഭവങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ പട്ടികപ്പെടുത്തുക.

- കുട്ടികൾക്കെതിരായ വിവേചനം
- സ്ത്രീകൾക്കെതിരായ വിവേചനം.
- 
- 
- 

മനുഷ്യാവകാശലംഘനങ്ങൾ നമ്മുടെ ഭരണഘടന ഉറപ്പുനൽകുന്ന പൗരാവകാശങ്ങളുടെയും മൂല്യങ്ങളുടെയും നിഷേധമാണ്. നമ്മുടെ രാജ്യത്ത് മനുഷ്യാവകാശലംഘനങ്ങൾ ഇല്ലാതാക്കി പൗരാവകാശ സംരക്ഷണം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ രൂപീകരിക്കപ്പെട്ട സ്ഥാപനമാണ് ദേശീയ മനുഷ്യാവകാശ കമ്മീഷൻ. 1993 ഒക്ടോബർ 12ന് ആണ് ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിലവിൽ വന്നത്. ന്യൂഡൽഹിയാണ് കമ്മീഷന്റെ ആസ്ഥാനം. ചെയർപേഴ്സൺ ഉൾപ്പെടെ ആറ് അംഗങ്ങളാണ് കമ്മീഷനുള്ളത്. വിരമിച്ച സുപ്രീം കോടതി ചീഫ് ജസ്റ്റിസ്/സുപ്രീംകോടതി ജഡ്ജി ആയിരിക്കും അധ്യക്ഷൻ. രാഷ്ട്രപതിയാണ് കമ്മീഷൻ അംഗങ്ങളെ നിയമിക്കുന്നത്. മൂന്നു വർഷം അല്ലെങ്കിൽ എഴുപതുവയസ്സ് വരെയാണ് കമ്മീഷൻ അംഗങ്ങളുടെ ഔദ്യോഗിക കാലാവധി.

## മനുഷ്യാവകാശ സംരക്ഷണ നിയമം - 1993

മനുഷ്യാവകാശ സംരക്ഷണത്തിനും അനുബന്ധകാര്യങ്ങൾക്കുമായി ദേശീയ-സംസ്ഥാന തലങ്ങളിൽ മനുഷ്യാവകാശ കമ്മീഷനുകളും കോടതികളും സ്ഥാപിക്കാൻ നിർദേശിച്ചുകൊണ്ട് നിലവിൽ വന്ന നിയമമാണ് മനുഷ്യാവകാശ സംരക്ഷണ നിയമം. 1993 സെപ്റ്റംബർ 28ന് ആണ് നിയമം പ്രാബല്യത്തിൽ വന്നത്. ഇത് പ്രകാരമാണ് ദേശീയ സംസ്ഥാനതലങ്ങളിൽ മനുഷ്യാവകാശ കമ്മീഷനുകൾ പ്രവർത്തിക്കുന്നത്. ഈ നിയമത്തിൽ മനുഷ്യാവകാശകോടതി, ദേശീയ ന്യൂനപക്ഷ കമ്മീഷൻ, ദേശീയ പട്ടികജാതി കമ്മീഷൻ, ദേശീയ വനിതാ കമ്മീഷൻ, സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ എന്നിവ നിർവചിച്ചിരിക്കുന്നു. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ രൂപീകരണം, ചെയർപേഴ്സൺ ഉൾപ്പെടെയുള്ള അംഗങ്ങളുടെ നിയമനം, നീക്കംചെയ്യൽ, കാലാവധി, കമ്മീഷന്റെ പ്രവർത്തനങ്ങൾ, അധികാരങ്ങൾ തുടങ്ങിയവ ഈ നിയമത്തിൽ പ്രതിപാദിക്കുന്നു.

കമ്മീഷന്റെ അന്വേഷണ നടപടിക്രമം, റിപ്പോർട്ട് സമർപ്പിക്കൽ, സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ രൂപീകരണം, പ്രവർത്തന അന്വേഷണ നടപടിക്രമങ്ങൾ എന്നിവയും ഈ നിയമത്തിൽ നിഷ്കർഷിക്കുന്നു. ജീവനും സ്വാതന്ത്ര്യത്തിനും തുല്യപരിഗണനയ്ക്കും അന്തസ്സിനും വേണ്ടി ഭരണഘടന ഉറപ്പാക്കിയിട്ടുള്ളതോ ഇന്ത്യ അംഗീകരിച്ച അന്തർദേശീയ ഉടമ്പടികൾ പ്രകാരം നടപ്പിൽ വരുത്താവുന്നതോ ആയ അവകാശങ്ങളാണ് മനുഷ്യാവകാശങ്ങൾ.




ദേശീയ മനുഷ്യാവകാശ കമ്മീഷൻ ആസ്ഥാനം - ന്യൂഡൽഹി

### ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ചുമതലകൾ

**മനുഷ്യാവകാശലംഘനം സംബന്ധിച്ച പരാതികളിൽ അന്വേഷണം നടത്തുക.**

**മനുഷ്യാവകാശലംഘനം സംബന്ധിച്ച കോടതി നടപടികളിൽ കക്ഷിചേരുക.**

**ജയിലുകൾ, പുനരധിവാസകേന്ദ്രങ്ങൾ മുതലായവ സന്ദർശിച്ച് പരിഷ്കരണ നിർദേശങ്ങൾ സമർപ്പിക്കുക.**

**മനുഷ്യാവകാശ പരിരക്ഷാസംവിധാനങ്ങളുടെ നിർവഹണവും ഫലപ്രാപ്തിയും വിലയിരുത്തി നിർദേശങ്ങൾ നൽകുക.**

**മനുഷ്യാവകാശത്തെ സംബന്ധിച്ച അന്തർദേശീയ കരാറുകൾ, പ്രഖ്യാപനങ്ങൾ തുടങ്ങിയവ വിശകലനം ചെയ്ത് നടപടികൾ സ്വീകരിക്കുക.**

**നിയമപാലകർ ഉൾപ്പെടെയുള്ള പൊതുസേവകരുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്ന മനുഷ്യാവകാശ ലംഘനങ്ങളും ഇവ തടയുന്നതിൽ വരുത്തുന്ന വീഴ്ചകളും പരിശോധിച്ച് നടപടികൾ സ്വീകരിക്കുക.**

- ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ പ്രധാന ചുമതലകളിൽ ചിലതാണ് മുകളിൽ നൽകിയിരിക്കുന്നത്. കമ്മീഷന്റെ ചുമതലകളുടെ നിർവഹണവുമായി ബന്ധപ്പെട്ട പത്രവാർത്തകൾ ശേഖരിക്കുക.
- ശേഖരിച്ച വാർത്തകൾ ചേർത്ത് ഒരു ഡിജിറ്റൽ ആൽബം തയ്യാറാക്കുക.

## സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

ദേശീയ മനുഷ്യാവകാശ കമ്മീഷന് സമാനമായി സംസ്ഥാനങ്ങളിലും മനുഷ്യാവകാശ കമ്മീഷനുകൾ നിലവിലുണ്ട്. 1998 ഡിസംബർ 11 നാണ് കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നിലവിൽ വന്നത്. ചെയർപേഴ്സൺ ഉൾപ്പെടെ മൂന്ന് അംഗങ്ങളാണ് കമ്മീഷനിലുള്ളത്. വിരമിച്ച ഹൈക്കോടതി ചീഫ് ജസ്റ്റിസ്/ഹൈക്കോടതി ജഡ്ജി ആയിരിക്കും മനുഷ്യാവകാശ കമ്മീഷന്റെ അധ്യക്ഷൻ. ഗവർണറാണ് കമ്മീഷൻ അംഗങ്ങളെ നിയമിക്കുന്നത്.

- ദേശീയ മനുഷ്യാവകാശ കമ്മീഷൻ സമീപകാലത്ത് ഇടപെട്ടിട്ടുള്ള പ്രശ്നങ്ങൾ കണ്ടെത്തുക.
- അന്തർദേശീയതലത്തിൽ മനുഷ്യാവകാശലംഘനങ്ങൾക്കെതിരെ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനയാണ് ആംനെസ്റ്റി ഇന്റർനാഷണൽ. നമ്മുടെ രാജ്യത്ത് ഇത്തരം സന്നദ്ധസംഘടനകൾ പ്രവർത്തിക്കുന്നുണ്ടോ? കണ്ടെത്തൂ.

ജനാധിപത്യവ്യവസ്ഥയിൽ മനുഷ്യാവകാശങ്ങൾക്ക് നിസ്തുലമായ സ്ഥാനമാണുള്ളത്. മനുഷ്യനെന്ന നിലയിൽ അന്തസ്സോടെയും അഭിമാനത്തോടെയും സ്വന്തം അവകാശങ്ങൾ വിനിയോഗിക്കാൻ സാധിക്കുമ്പോഴാണ് ജനാധിപത്യ സംവിധാനം പൂർണ്ണവും അർഥവത്തുമാകുന്നത്. പൗരരുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിച്ച് അതിലൂടെ ജനാധിപത്യത്തിന്റെ വ്യാപനം ഉറപ്പാക്കുന്നതിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ സുപ്രധാന പങ്കുവഹിക്കുന്നു.

### ദേശീയ വനിതാ കമ്മീഷൻ



മുകളിൽ കൊടുത്തിട്ടുള്ള ചിത്രം ശ്രദ്ധിച്ചുവല്ലോ? ഏതെല്ലാം പ്രശ്നങ്ങളാണ് വനിതാപ്രക്ഷോഭകർ ഉന്നയിക്കുന്നത്? സ്ത്രീകൾ അനുഭവിക്കുന്ന മറ്റ് പ്രശ്നങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അവ ഏതെല്ലാമാണെന്ന് ചർച്ചചെയ്യുക?

- തൊഴിലിടങ്ങളിലെ വിവേചനം
- 
- 
- 
- 

സമൂഹത്തിൽ സ്ത്രീകൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളിൽ ഇടപെട്ട് നിയമപരമായ പരിഹാരങ്ങൾ നിർദേശിക്കുകയും നടപടികൾ ശുപാർശ ചെയ്യുകയുമാണ് ദേശീയ വനിതാ കമ്മീഷന്റെ പ്രധാന ചുമതല. 1992 ജനുവരി 31നാണ് ദേശീയ വനിതാ ക്കമ്മീഷൻ സ്ഥാപിതമായത്. ചെയർപേഴ്സണും അഞ്ച് അംഗങ്ങളും ഒരു മെമ്പർ സെക്രട്ടറിയും ഉൾപ്പെടുന്നതാണ് കമ്മീഷൻ. ഈ അംഗങ്ങളെ നിയമിക്കുന്നത് കേന്ദ്രസർക്കാരാണ്. മൂന്ന് വർഷമാണ് അംഗങ്ങളുടെ ഔദ്യോഗിക കാലാവധി. സ്ത്രീകളുടെ സുരക്ഷയ്ക്കും തുല്യതയ്ക്കും അവകാശസംരക്ഷണത്തിനുമായി വിപുലമായ അധികാരങ്ങളും ചുമതലകളുമാണ് ദേശീയ വനിതാ കമ്മീഷനുള്ളത്.



ദേശീയ വനിതാ കമ്മീഷൻ ആസ്ഥാനം - ന്യൂഡൽഹി

### അന്താരാഷ്ട്ര വനിതാദിനം
### (Inter National Women's Day)

സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുക, സ്ത്രീകൾക്കെതിരായ അക്രമങ്ങളും വിവേചനങ്ങളും തടയുക. സാമൂഹിക മുന്നേറ്റത്തിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക തുടങ്ങിയ ഉദ്ദേശ്യലക്ഷ്യങ്ങളോടെയാണ് അന്താരാഷ്ട്ര വനിതാദിനം ആചരിക്കുന്നത്. മാർച്ച് 8 നാണ് അന്താരാഷ്ട്ര വനിതാദിനം. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുക, രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക രംഗങ്ങളിലെ എല്ലാതരം വിവേചനങ്ങൾക്കും അതീതമായി സ്ത്രീകളുടെ ശാക്തീകരണം ഉറപ്പുവരുത്തുക തുടങ്ങിയവ ഈ ദിനാചരണത്തിലൂടെ ഐക്യരാഷ്ട്ര സംഘടന ലക്ഷ്യം വയ്ക്കുന്നു.

## ചുമതലകൾ




- ദേശീയ വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വാർത്ത കളും ചിത്രങ്ങളും ശേഖരിക്കുക.
- ശേഖരിച്ച വിവരങ്ങൾ സാമൂഹ്യശാസ്ത്ര ആൽബത്തിൽ ചേർക്കുക.
- സ്ത്രീകളുടെ അവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട് ദേശീയ വനിതാ കമ്മീഷൻ ഇടപ്പെട്ടിട്ടുള്ള കേസുകൾ/സംഭവങ്ങൾ അധ്യാപകരുടെ സഹായത്തോടുകൂടി കണ്ടെ ത്തുക.

സ്ത്രീകളുടെ അവകാശങ്ങളും സുരക്ഷയും ഉറപ്പുവരുത്തുന്നതിനായിട്ടുള്ള നിയമങ്ങൾ രാജ്യത്ത് നിലവിലുണ്ട്. അവയിൽ ചിലത് നമുക്ക് പരിചയപ്പെടാം.

### സ്ത്രീധന നിരോധന നിയമം - 1961

സ്ത്രീധനമെന്ന ദുരാചാരം സമൂഹത്തിൽ നിന്നും തുടച്ചുനീക്കുന്നതിനും സ്ത്രീധന ത്തിന്റെ പേരിലുള്ള അതിക്രമങ്ങൾ തടയുന്നതിനും വേണ്ടി 1961ൽ പാർലമെന്റ് പാസ്സാക്കിയ നിയമമാണ് സ്ത്രീധന നിരോധന നിയമം. വിവാഹവുമായി ബന്ധ പ്പെട്ട് നിർബന്ധിതമായോ മുൻധാരണകൾ പ്രകാരമോ നൽകുന്ന ധനമാണ് സ്ത്രീധനം. ഒരു നിശ്ചിത തുകയോ ആഭരണങ്ങളോ സ്വത്തോ കൊടുക്കാമെന്നുള്ള വാഗ്ദാനമാണ് ഒരാളെ വിവാഹത്തിന് സമ്മതിപ്പിക്കുന്നതെങ്കിൽ അതും സ്ത്രീധനമാണ്. ഈ നിയമപ്രകാരം സ്ത്രീധനം സ്വീകരിക്കുന്നതും നൽകുന്നതും കുറ്റകരമാണ്.

### ഗാർഹികപീഡന നിരോധന നിയമം - 2005

നമ്മുടെ രാജ്യത്ത് 2006 ഒക്ടോബർ 26നാണ് ഗാർഹികപീഡന നിരോധന നിയമം പ്രാബല്യത്തിൽ വന്നത്. ജീവിതപങ്കാളിയിൽ നിന്നോ, ബന്ധുക്കളിൽ നിന്നോ സ്ത്രീകൾക്ക് നേരിടേണ്ടി വരുന്ന പീഡനങ്ങളിൽ നിന്ന് സംരക്ഷണം നൽകുന്നതാണ് ഈ നിയമം. സ്ത്രീത്വത്തെ അപമാനിക്കുന്നതും അപകടപ്പെടുത്തുന്നതുമായ എല്ലാ അതിക്രമങ്ങളും ഗാർഹികപീഡനത്തിന്റെ വിശാല നിർവചനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗാർഹിക

പീഡനത്തിന് ഇരയാകുന്ന സ്ത്രീകൾക്ക് സംരക്ഷണവും താമസവും സാമ്പത്തിക സമാശ്വാസ നടപടികളും ഈ നിയമം ഉറപ്പുവരുത്തുന്നു.

- സ്കൂളിൽ ദേശീയ വനിതാദിനം ആചരിക്കുന്നതിനായുള്ള മുന്നൊരുക്കങ്ങൾ നടത്തുക.
- ഇതുമായി ബന്ധപ്പെട്ട് ഒരു ക്ഷണക്കത്ത് തയ്യാറാക്കുക.
- സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെയും വനിതാ കമ്മീഷന്റെ ഇടപെടലുകളെയും കുറിച്ചുള്ള പത്രവാർത്തകൾ ശേഖരിച്ച് വാർത്താ ആൽബം തയ്യാറാക്കുക.

### സംസ്ഥാന വനിതാ കമ്മീഷൻ



1996 മാർച്ച് 14 നാണ് കേരള സംസ്ഥാന വനിതാ കമ്മീഷൻ നിലവിൽ വന്നത്. തിരുവനന്തപുരമാണ് ആസ്ഥാനം. കമ്മീഷന്റെ ആദ്യത്തെ ചെയർ പേഴ്സൺ കവയിത്രി സുഗതകുമാരി ആയിരുന്നു. ചെയർപേഴ്സണെ കൂടാതെ നാല് അംഗങ്ങൾ ചേർന്നതാണ് സംസ്ഥാന വനിതാ കമ്മീഷൻ. അഞ്ച് വർഷ മാണ് അംഗങ്ങളുടെ ഔദ്യോഗിക കാലാവധി. സ്ത്രീകൾ അഭിമുഖീകരിക്കുന്ന നീതിനിഷേധങ്ങൾ ഉൾപ്പെടെയുള്ള വിവിധങ്ങളായ പ്രശ്നങ്ങളിൽ ഇടപെടു കയും ഉചിതമായ തീരുമാനങ്ങൾ നിർദേശിക്കുകയും ചെയ്യുക, അതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ സർക്കാരിന് റിപ്പോർട്ട് നൽകുക തുടങ്ങിയവ കമ്മീഷന്റെ ചുമതലകളിൽപ്പെടുന്നു.

ജനാധിപത്യവ്യവസ്ഥയിൽ എല്ലാ പൗരരുടെയും അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ട തുണ്ട്. ലിംഗനീതി അതിൽ ഏറ്റവും പ്രധാനമാണ്. സ്ത്രീകളുടെ അവകാശങ്ങളും അന്തസ്സും സംരക്ഷിക്കപ്പെടുന്നതിലൂടെ മാത്രമേ അത് പൂർണ്ണമാകുകയുള്ളൂ. സമൂഹത്തിൽ നില നിൽക്കുന്ന സ്ത്രീവിരുദ്ധമായ പ്രവണതകളെ നിയമപരമായി മറികടക്കുന്നതിന് വേണ്ട നടപടികൾ വനിതാ കമ്മീഷൻ കാലാകാലങ്ങളിൽ സ്വീകരിച്ചുപോന്നിട്ടുണ്ട്.

ലിംഗനീതി ഉറപ്പുവരുത്തുന്ന ഇത്തരം ഇടപെടലുകളിലൂടെ സ്ത്രീകൾക്ക് തുല്യാവ കാശവും അവസരവും ഉറപ്പാക്കി ജനാധിപത്യം ശക്തിപ്പെടുത്തുന്നതിൽ വനിതാ കമ്മീഷൻ സുപ്രധാന പങ്കാണ് വഹിക്കുന്നത്.

## ദേശീയ ന്യൂനപക്ഷ കമ്മീഷൻ






മുകളിൽ കൊടുത്തിരിക്കുന്ന ടെലിവിഷൻ വാർത്തകൾ ശ്രദ്ധിക്കൂ. ന്യൂന പക്ഷങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് ന്യൂനപക്ഷ സംഘട നകൾ ഉന്നയിച്ച ആവശ്യങ്ങളാണ് വാർത്തയിൽ. എന്തൊക്കെ പ്രശ്നങ്ങ ളാണ് ഇവിടെ ഉന്നയിക്കപ്പെടുന്നത്?

- സാമ്പത്തിക പിന്നാക്കാവസ്ഥ
-
-
-
-
-

NATIONAL COMMISSION FOR MINORITIES

രാജ്യത്തെ ന്യൂനപക്ഷങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിച്ച് അവരുടെ ക്ഷേമത്തിനായുള്ള നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി രൂപീകരിക്കപ്പെട്ട സ്ഥാപനമാണ് ദേശീയ ന്യൂനപക്ഷ കമ്മീഷൻ. മത-ഭാഷ-സാംസ്കാരിക ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിച്ച് ആ വിഭാഗങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുക എന്നതാണ് കമ്മീഷന്റെ സുപ്രധാന ചുമതല. 1993 മെയ് 17 നാണ് ദേശീയ ന്യൂനപക്ഷ കമ്മീഷൻ നിലവിൽ വന്നത്. ചെയർപേഴ്സണും, വൈസ് ചെയർപേഴ്സണും അഞ്ച് അംഗങ്ങളും ഉൾപ്പെടുന്നതാണ് കമ്മീഷൻ. കേന്ദ്രഗവൺമെന്റാണ് ഇവരെ നാമനിർദേശം ചെയ്യുന്നത്. രാഷ്ട്രപതിയാണ് കമ്മീഷൻ അംഗങ്ങളെ നിയമിക്കുന്നത്. മൂന്ന് വർഷമാണ് അംഗങ്ങളുടെ ഔദ്യോഗിക കാലാവധി. ദേശീയ ന്യൂനപക്ഷ കമ്മീഷന് വിപുലമായ അധികാരങ്ങളും ചുമതലകളുമാണ് നിർവഹിക്കാനുള്ളത്.

**ചുമതലകൾ**

- ന്യൂനപക്ഷങ്ങളുടെ സാമൂഹിക വികസന പുരോഗതി വിലയിരുത്തുക.
- ന്യൂനപക്ഷങ്ങളുടെ സംരക്ഷണാർഥമുള്ള ഭരണഘടനാ വ്യവസ്ഥകളുടെയും നിയമങ്ങളുടെയും പ്രവർത്തനം വിലയിരുത്തുക.
- ന്യൂനപക്ഷങ്ങൾ നേരിടുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും സംബന്ധിച്ച റിപ്പോർട്ടുകൾ കാലാകാലങ്ങളിൽ സമർപ്പിക്കുക.
- ന്യൂനപക്ഷങ്ങളുടെ അവകാശലംഘനവുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കുകയും തുടർ നടപടികൾക്കായി ശിപാർശകൾ നടത്തുകയും ചെയ്യുക.
- ന്യൂനപക്ഷങ്ങൾക്കായുള്ള പരിരക്ഷകളുടെ കൃത്യമായ പരിപാലനത്തിന് വേണ്ട നിർദേശങ്ങൾ സമർപ്പിക്കുക.

## സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ

2013ൽ ആണ് കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ നിലവിൽ വന്നത്. ചെയർ പേഴ്സണും വൈസ് ചെയർപേഴ്സണും ഉൾപ്പെടെ നാല് അംഗങ്ങളാണ് കമ്മീഷനിലുള്ളത്. ഇവരെ നാമനിർദേശം ചെയ്യുന്നത് സംസ്ഥാന ഗവൺമെന്റാണ്. മൂന്ന് വർഷമാണ് അംഗങ്ങളുടെ ഔദ്യോഗിക കാലാവധി. ഭരണഘടനാനുസൃതമായി മത-ഭാഷാ ന്യൂനപക്ഷങ്ങൾക്ക് അനുവദിക്കപ്പെട്ട അവകാശങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നത് ന്യൂനപക്ഷ കമ്മീഷന്റെ ചുമതലയാണ്. ഈ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും നടത്തുന്നതിനുമായി നടപടികൾ ശിപാർശ ചെയ്യുന്നത് കമ്മീഷനാണ്.

- ദേശീയ ന്യൂനപക്ഷ കമ്മീഷന്റെ ഇടപെടലുമായി ബന്ധപ്പെട്ട പത്രവാർത്തകൾ ശേഖരിക്കുക.
- നിങ്ങളുടെ പ്രദേശത്ത് ഭാഷാന്യൂനപക്ഷങ്ങൾ ഉണ്ടോയെന്ന് കണ്ടെത്താമോ?
- ഭാഷാന്യൂനപക്ഷങ്ങൾ നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക.

എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തവും ഉൾച്ചേരലും ജനാധിപത്യവ്യവസ്ഥയിൽ പ്രധാനമാണ്. ന്യൂനപക്ഷ ഭാഷാവിഭാഗങ്ങൾ, മതവിഭാഗങ്ങൾ, സാംസ്കാരികവിഭാഗങ്ങൾ തുടങ്ങിയവരുടെ ഉന്നമനവും പുരോഗതിയും ഇതിന് അത്യന്താപേക്ഷിതമാണ്. ഇതോടൊപ്പം ന്യൂനപക്ഷ ക്ഷേമം ഭൂരിപക്ഷത്തിന്റെയും ചുമതലയാണെന്ന പൊതുബോധം സൃഷ്ടിക്കേണ്ടതുണ്ട്. ഈ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് ന്യൂനപക്ഷ കമ്മീഷൻ നടത്തുന്ന ശ്രമങ്ങൾ ജനാധിപത്യത്തിന്റെ വ്യാപനത്തിൽ മുഖ്യ പങ്കുവഹിക്കുന്നു.

## ദേശീയ പട്ടികജാതി - പട്ടികവർഗ കമ്മീഷനുകൾ

പട്ടികജാതി പട്ടികവർഗ പ്രദേശങ്ങളിൽ ഏറ്റവും മുൻഗണന നൽകേണ്ടത് റോഡുകൾക്കും വാർത്താവിനിമയത്തിനുമാണ്. അവയില്ലെങ്കിൽ നാം ചെയ്യുന്ന മറ്റൊന്നും ഫലപ്രദമാകില്ല. സ്കൂളുകൾ, ആരോഗ്യരക്ഷാ പ്രവർത്തനങ്ങൾ, കുടിൽ വ്യവസായങ്ങൾ എന്നിങ്ങനെ പലതും ആവശ്യമാണ് എന്നത് സുവ്യക്തമാണ്. എന്നാൽ നാം അവരുടെ ജീവിതരീതിയിൽ ഇടപെടുകയില്ല എന്നും സ്വന്തം രീതി അനുസരിച്ച് ജീവിക്കാൻ അവരെ സഹായിക്കുക മാത്രമേ ചെയ്യൂ എന്നും നാം എപ്പോഴും ഓർമ്മിക്കണം.

ജവഹർലാൽ നെഹ്റു (ജൂൺ 7,1952)

ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ വാക്കുകളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. പട്ടികജാതി-പട്ടികവർഗ വിഭാഗത്തിലുള്ള ജനങ്ങൾക്കായി എന്തൊക്കെ വികസനപ്രവർത്തനങ്ങൾ നടത്തണമെന്നാണ് നെഹ്റു അഭിപ്രായപ്പെടുന്നത്? ചർച്ചചെയ്യുക.

- റോഡുകൾ, വാർത്താവിനിമയ സൗകര്യങ്ങൾ.
- 
- 




വിവേചനങ്ങളിൽ നിന്നും ചൂഷണങ്ങളിൽ നിന്നും പട്ടികജാതി-പട്ടികവർഗ ജനവിഭാഗങ്ങളെ സംരക്ഷിക്കുകയും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയും ചെയ്യുക എന്ന ലക്ഷ്യത്തോടെ രൂപീകരിക്കപ്പെട്ട സ്ഥാപനങ്ങളാണ് പട്ടികജാതി കമ്മീഷനും പട്ടികവർഗ കമ്മീഷനും. ഇതിനോടൊപ്പം അവരുടെ സാംസ്കാരിക വൈവിധ്യങ്ങളും സവിശേഷതകളും സംരക്ഷിക്കുകയെന്നതും പ്രധാനമാണ്. 2004 ലാണ് രണ്ട് കമ്മീഷനുകളും നിലവിൽ വന്നത്. ചെയർപേഴ്സണും വൈസ് ചെയർപേഴ്സണും മറ്റ് മൂന്ന് അംഗങ്ങളും ഉൾപ്പെടുന്നതാണ് കമ്മീഷൻ. രാഷ്ട്രപതിയാണ് കമ്മീഷൻ അംഗങ്ങളെ നിയമിക്കുന്നത്. മൂന്നുവർഷമാണ് അംഗങ്ങളുടെ ഔദ്യോഗിക കാലാവധി.







ദേശീയ പട്ടികജാതി - പട്ടികവർഗ്ഗ കമ്മീഷനുകളുടെ ആസ്ഥാനം - ന്യൂഡൽഹി

### പട്ടികജാതി-പട്ടികവർഗ (അതിക്രമങ്ങൾ തടയൽ) നിയമം-1989

പട്ടികജാതി-പട്ടികവർഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുക, ഇത്തരം കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക കോടതികൾ സ്ഥാപിക്കുക, ഇവരുടെ സ്വാസ്ഥ്യത്തിനും പുനരധിവാസത്തിനും നടപടികൾ സ്വീകരിക്കുക തുടങ്ങിയ ഉദ്ദേശ്യങ്ങളോടെ നിലവിൽ വന്ന നിയമമാണ് പട്ടികജാതി-പട്ടികവർഗ (അതിക്രമങ്ങൾ തടയൽ) നിയമം. 1989 ലാണ് ഈ നിയമം നിലവിൽ വന്നത്. ഈ നിയമം പട്ടികവിഭാഗങ്ങൾക്കു നേരെയുള്ള

അതിക്രമങ്ങളും നിയമലംഘനങ്ങളും എന്തെന്നും കുറ്റക്കാർക്കുള്ള ശിക്ഷാ നടപടികൾ എന്തെല്ലാമെന്നും ഇവരുടെ പുനരധിവാസം എങ്ങനെയായിരിക്കണമെന്നും വ്യവസ്ഥചെയ്യുന്നു.

**പട്ടികജാതി-പട്ടികവർഗ കമ്മീഷനുകൾ- ചുമതലകൾ**

- പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട പരാതികൾ അന്വേഷിക്കുക.
- പട്ടികജാതി - പട്ടികവർഗ വിഭാഗങ്ങളുടെ ക്ഷേമം, സംരക്ഷണം, ഉന്നമനം എന്നിവ ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
- പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾ നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ സർക്കാരുകൾക്ക് സമർപ്പിക്കുക.
- പട്ടികജാതി-പട്ടികവർഗ ക്ഷേമത്തിനായുള്ള ഭരണഘടനാവ്യവസ്ഥകളും നിയമങ്ങളും കാര്യക്ഷമമായി നടപ്പിലാക്കുന്നുവെന്ന് വിലയിരുത്തുക.

ചരിത്രഗതിയിൽ സാമൂഹികമായി പാർശ്വവൽക്കരിക്കപ്പെട്ടുപോയ ജനവിഭാഗങ്ങളുടെ സജീവമായ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിലൂടെ മാത്രമേ ജനാധിപത്യം പൂർണ്ണമാകുകയുള്ളൂ. അവരുടെ സവിശേഷമായ പാരമ്പര്യ അറിവുകളും സംസ്കാരവും തനിമ നഷ്ടപ്പെടാതെ സംരക്ഷിക്കപ്പെടുന്നതോടൊപ്പം ആധുനിക സമൂഹത്തിൽ ഈ ജനതയുടെ ഉൾച്ചേരലും ഉറപ്പാക്കേണ്ടതുണ്ട്. ദേശീയ പട്ടികജാതി കമ്മീഷൻ, പട്ടികവർഗ കമ്മീഷൻ എന്നിവയുടെ പ്രവർത്തനങ്ങൾ ഈ പ്രക്രിയയുടെ ആക്കം കൂട്ടുകയും ജനാധിപത്യത്തെ കൂടുതൽ കരുത്തുറ്റതാക്കുകയും ചെയ്യുന്നു.

- പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കായി സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ ക്ഷേമപദ്ധതികൾ ഏതൊക്കെയാണെന്ന് കണ്ടെത്തി പട്ടികപ്പെടുത്തുക.
- ദേശീയ പട്ടികജാതി-പട്ടികവർഗ കമ്മീഷനുകളുടെ ഇടപെടലുകൾ സൂചിപ്പിക്കുന്ന പത്രവാർത്തകൾ ശേഖരിക്കുക.

### സംസ്ഥാന പട്ടിക ജാതി-പട്ടിക ഗോത്ര വർഗകമ്മീഷൻ

കേരളത്തിലെ പട്ടികജാതി - പട്ടിക ഗോത്രവർഗ വിഭാഗങ്ങളിൽപ്പെട്ടവരുടെ ക്ഷേമവും സംരക്ഷണവും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ രൂപവൽക്കരിക്കപ്പെട്ട സ്ഥാപനമാണ് കേരള പട്ടികജാതി-പട്ടിക ഗോത്ര വർഗകമ്മീഷൻ. ചെയർപേഴ്സണും മറ്റു രണ്ട് അംഗങ്ങളും ഉൾപ്പെടുന്നതാണ് കമ്മീഷൻ. ഗവർണറാണ് ഇവരെ നിയമിക്കുന്നത്. മൂന്ന് വർഷമാണ് അംഗങ്ങളുടെ ഔദ്യോഗിക കാലാവധി. പട്ടികജാതി-പട്ടികവർഗവിഭാഗങ്ങളുടെ അവകാശങ്ങൾ നിഷേധിക്കപ്പെടുന്നതുമായി ബന്ധപ്പെട്ട പരാതികളിൽ അന്വേഷണം നടത്തുകയും അനന്തരനടപടികൾ ശിപാർശ ചെയ്യുകയുമാണ് പ്രധാന ചുമതല. കൂടാതെ പ്രസ്തുത വിഭാഗങ്ങളുടെ സാമൂഹിക – സാമ്പത്തിക സ്ഥിതി വിലയിരുത്തുകയും അവരുടെ പുരോഗതി ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട നിർദേശങ്ങൾ നൽകുന്നതും കമ്മീഷന്റെ ചുമതലകളിൽപ്പെടുന്നു.

## ദേശീയ പിന്നാക്കവിഭാഗ കമ്മീഷൻ

വിദ്യാഭ്യാസം എല്ലാവർക്കും പ്രാപ്യമായ ഒരു നിലയിലേക്ക് കൊണ്ടുവന്നേ മതിയാകൂ. പിന്നാക്ക വിഭാഗം ജനങ്ങൾക്ക് ഉന്നത വിദ്യാഭ്യാസം എത്രയും ചെലവ് കുറഞ്ഞതായിരിക്കുകയെന്ന താവണം വിദ്യാഭ്യാസവകുപ്പിന്റെ നയം. ഈ സമുദായങ്ങളെ യെല്ലാം സമത്വത്തിലേക്ക് ഉയർത്തുവാനാണെങ്കിൽ അതിന് ഒരേ ഒരു പോംവഴി താണ നിലയിലുള്ളവർക്ക് പ്രത്യേക പരിഗണന നൽകുക മാത്രമാണ്.

ഡോ.ബി.ആർ.അബേദ്കർ -
1927 ഫെബ്രുവരി 24 ലജിസ്ലേറ്റീവ് കൗസിൽ ബജറ്റ് പ്രസംഗം

ഡോ. ബി.ആർ.അംബേദ്കറുടെ പ്രസംഗം ശ്രദ്ധിക്കൂ. എന്തൊക്കെ കാര്യങ്ങ ളാണ് പിന്നാക്കവിഭാഗങ്ങളുടെ ഉന്നമനത്തിനായി അംബേദ്കർ നിർദേശി ക്കുന്നത്?

- ഉന്നതവിദ്യാഭ്യാസം ചെലവ് കുറഞ്ഞതാക്കുക.
- 
- 
- 

രാജ്യത്തെ സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കിയാണ് പിന്നാക്ക വിഭാഗങ്ങൾക്കായുള്ള ദേശീയ കമ്മീഷൻ സ്ഥാപിച്ചിട്ടുള്ളത്. സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗ ങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള നിർദേശങ്ങൾ സമർപ്പിക്കുക എന്നതും കമ്മീഷന്റെ ചുമതലകളിൽ ഉൾപ്പെടുന്നതാണ്. 1993 ലാണ് കമ്മീ ഷൻ നിലവിൽ വന്നത്. ചെയർപേഴ്സണും വൈസ് ചെയർപേഴ്സണും മൂന്ന് അംഗങ്ങളും ചേർന്നതാണ് കമ്മീഷൻ. രാഷ്ട്രപതിയാണ് കമ്മീഷൻ അംഗങ്ങളെ നിയമിക്കുന്നത്. മൂന്നുവർഷമാണ് അംഗങ്ങളുടെ ഔദ്യോഗിക കാലാവധി. 2018ൽ കമ്മീഷന് ഭരണഘടനാ പദവി ലഭ്യമായി.

### ദേശീയ പിന്നാക്കവിഭാഗ കമ്മീഷൻ- ചുമതലകൾ

- പിന്നാക്കവിഭാഗങ്ങളുടെ ക്ഷേമത്തിനായുള്ള വിവിധ സംവിധാനങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് റിപ്പോർട്ടുകൾ സർക്കാരുകൾക്ക് സമർപ്പിക്കുക.
- പിന്നാക്കവിഭാഗങ്ങൾക്കായുള്ള ഭരണഘടനാ വ്യവസ്ഥകളും നിയമങ്ങളും കാര്യക്ഷമമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പാക്കുക.
- പിന്നാക്കവിഭാഗങ്ങൾ നേരിടുന്ന അതിക്രമങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനും നീതി ഉറപ്പാക്കുന്നതിനുമുള്ള ശിപാർശകൾ നൽകുക.
- പിന്നാക്കപദവി സംബന്ധിച്ച ആവശ്യങ്ങൾ പരിശോധിച്ച് വേണ്ട നിർദേശങ്ങൾ സർക്കാരുകൾക്ക് സമർപ്പിക്കുക.

### കേരളസംസ്ഥാന പിന്നാക്കവിഭാഗ കമ്മീഷൻ

കേരളസംസ്ഥാന പിന്നാക്കവിഭാഗ കമ്മീഷൻ നിലവിൽ വന്നത് 1993 ലാണ്. മൂന്നു വർഷമാണ് കമ്മീഷന്റെ ഔദ്യോഗിക കാലാവധി. പിന്നാക്ക വിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക അവസ്ഥ പരിഗണിച്ച് പ്രസ്തുത ജനവിഭാഗങ്ങളെ സംവരണ ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകുന്നതിന് വേണ്ടുന്ന നിർദേശങ്ങൾ സമർപ്പിക്കുകയെന്നതും കമ്മീഷന്റെ ചുമതലയിൽപ്പെടുന്നു.




ദേശീയ പിന്നാക്കവിഭാഗ കമ്മീഷൻ ആസ്ഥാനം - ന്യൂഡൽഹി

- ദേശീയ പിന്നാക്കവിഭാഗ കമ്മീഷന്റെയും സംസ്ഥാന പിന്നാക്കവിഭാഗ കമ്മീഷന്റെയും നിലവിലെ അധ്യക്ഷർ ആരാണെന്ന് കണ്ടെത്തുക.
- ദേശീയ പിന്നാക്കവിഭാഗ കമ്മീഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

## ജനാധിപത്യത്തിന്റെ വ്യാപനം: സ്ഥാപനങ്ങളുടെ പങ്ക്

വിശാലമായ ഭൂവിസ്തൃതിയും ഉയർന്ന ജനസംഖ്യയും സാംസ്കാരികവൈവിധ്യവുമുള്ള നമ്മുടെ രാജ്യത്ത് വിവിധ ജനവിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക പിന്നാക്കാവസ്ഥ പരിഹരിക്കേണ്ടത് അനിവാര്യമാണ്. ഭരണഘടന വിഭാവനം ചെയ്യുന്ന അവസരസമത്വവും സാമൂഹികനീതിയും പങ്കാളിത്തവും ഉറപ്പുവരുത്തുന്നതിലൂടെ മാത്രമേ ഈ പിന്നാക്കാവസ്ഥയ്ക്ക് പരിഹാരം കാണാൻ കഴിയുകയുള്ളൂ. സാമൂഹിക-സാമ്പത്തിക പിന്നാക്കാവസ്ഥയിലുള്ള ജനവിഭാഗങ്ങളെ കൂടി സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിലൂടെ മാത്രമേ ജനാധിപത്യം പൂർണ്ണമാകുകയുള്ളൂ.

## യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ (UPSC)

ഭാരതസർക്കാർ നിയമനങ്ങൾക്കായി സ്ഥാപിതമായ ഭരണഘടനാസ്ഥാപനമാണ് യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ (UPSC). ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 320 പ്രകാരമാണ് കമ്മീഷൻ നിലവിൽ വന്നിട്ടുള്ളത്. ചെയർപേഴ്സണും പത്ത് അംഗങ്ങളുമാണ് കമ്മീഷനിലുള്ളത്. രാഷ്ട്രപതിയാണ് ഇവരെ നിയമിക്കുന്നത്. ആറ് വർഷമോ 65 വയസോ ആണ് അംഗങ്ങളുടെ ഔദ്യോഗിക കാലാവധി. അഖിലേന്ത്യാസർവീസിലേക്കും (All India Service) കേന്ദ്രസർവീസിലേക്കും (Central Civil Service) ഉള്ള നിയമനങ്ങൾ നടത്തുന്നത് യു.പി.എസ്.സി. ആണ്. കേന്ദ്ര സർക്കാരിന്റെ സേവനങ്ങളിലേക്ക് നിയമനത്തിനായി പരീക്ഷകളിലൂടെയും അഭിമുഖങ്ങളിലൂടെയും തിരഞ്ഞെടുപ്പ് നടത്തുക എന്നതാണ് കമ്മീഷന്റെ മുഖ്യചുമതല. സംസ്ഥാനങ്ങളിൽ സർക്കാർ സേവനങ്ങൾക്കായി നിയമനങ്ങൾ നടത്തുന്നത് അതാത് സംസ്ഥാനങ്ങളിലെ പബ്ലിക് സർവീസ് കമ്മീഷൻ (PSC) ആണ്. കേരളത്തിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ (KPSC) ആണ് സംസ്ഥാന സർക്കാർ നിയമനങ്ങൾ നടത്തുന്നത്.

ജനാധിപത്യ ഭരണസംവിധാനത്തിന്റെ വിജയവും പരാജയവും ജനപങ്കാളിത്തത്തിൽ അധിഷ്ഠിതമാണ്. വിവിധ ജനവിഭാഗങ്ങളുടെ പങ്കാളിത്തം രാഷ്ട്രീയപ്രക്രിയയിൽ ഉറപ്പാക്കുന്നതിൽ മുകളിൽ പ്രതിപാദിച്ചിട്ടുള്ള ഭരണഘടനാ- ഭരണഘടനേതര സ്ഥാപനങ്ങൾക്ക് സുപ്രധാന സ്ഥാനമാണുള്ളത്. ഉദാഹരണമായി തിരഞ്ഞെടുപ്പ് കമ്മീഷൻ പൗരരുടെ രാഷ്ട്രീയാവകാശങ്ങൾ സ്വതന്ത്രമായും നിർഭയമായും വിനിയോഗിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിലൂടെ രാഷ്ട്രീയജനാധിപത്യത്തിന്റെ അടിത്തറ വിപുലമാക്കുന്നു. 1951-52 കാലഘട്ടം മുതൽ തന്നെ തിരഞ്ഞെടുപ്പ് ജനാധിപത്യം ശാക്തീകരിക്കുന്നതിനും സ്വതന്ത്രവും നീതിപൂർവവുമായ തിരഞ്ഞെടുപ്പ് ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ തിരഞ്ഞെടുപ്പ് കമ്മീഷൻ സ്വീകരിച്ചിട്ടുണ്ട്. മണ്ഡലങ്ങൾ നിർണ്ണയിക്കൽ, വോട്ടർപട്ടിക തയ്യാറാക്കൽ, സാർവത്രിക പ്രായപൂർത്തിവോട്ടവകാശം നടപ്പിലാക്കൽ, രാഷ്ട്രീയപാർട്ടികൾക്ക് അംഗീകാരം നൽകൽ, തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങൾ നടപ്പിലാക്കൽ, തിരഞ്ഞെടുപ്പ് സാക്ഷരത കൈവരിക്കൽ തുടങ്ങിയ കമ്മീഷൻ നിർവഹിച്ചുവരുന്ന ധർമ്മങ്ങൾ ഇന്ത്യൻ ജനാധിപത്യത്തെ ശക്തിപ്പെടുത്തിയിട്ടുണ്ട്.

ചരിത്രപരമായ കാരണങ്ങളാൽ പാർശ്വവൽക്കരിക്കപ്പെട്ട വിവിധ വിഭാഗങ്ങളെ ജനാധിപത്യ പ്രക്രിയയുടെ ഭാഗമാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ, ദേശീയ വനിതാ കമ്മീഷൻ, ദേശീയ ന്യൂനപക്ഷ കമ്മീഷൻ, ദേശീയ പട്ടികജാതി കമ്മീഷൻ, ദേശീയ പട്ടികവർഗ കമ്മീഷൻ, ദേശീയ പിന്നാക്കവിഭാഗ കമ്മീഷൻ തുടങ്ങിയ സ്ഥാപനങ്ങൾ സുപ്രധാന പങ്കുവഹിക്കുന്നു. തിരഞ്ഞെടുപ്പ് ജനാധിപത്യത്തിനപ്പുറം അരികുവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ വിഷമതകൾ പ്രത്യേകമായി തന്നെ പരിഹരിക്കപ്പെടേണ്ടതുണ്ട്. ഈ ധർമ്മമാണ് മേൽ സൂചിപ്പിച്ച കമ്മീഷനുകൾ നിർവഹിക്കുന്നത്. സാമൂഹിക പിന്നോക്കാവസ്ഥയുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനൊപ്പം വ്യക്തിപരമായി നേരിടുന്ന പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിന് ഈ കമ്മീഷനുകൾ ശ്രമിക്കുന്നുണ്ട്.

പൗരാവകാശസംരക്ഷണത്തോടൊപ്പം മനുഷ്യരിൽ അന്തർലീനമായ അന്തസ്സിൽ നിന്ന് ഉരുത്തിരിഞ്ഞുവന്ന അവകാശങ്ങളുടെ സംരക്ഷണവും ഉറപ്പുവരുത്തേണ്ടത് ജനാധിപത്യത്തിന്റെ വ്യാപനത്തിന് അനിവാര്യമാണ്.

ഇത്തരം അവകാശങ്ങൾ ഉറപ്പുവരുത്തി ജനാധിപത്യപ്രക്രിയയെ ദൃഢമാക്കുന്നതിൽ മനുഷ്യാവകാശ കമ്മീഷൻ സ്തുത്യർഹമായ പങ്കുവഹിക്കുന്നു. വനിതകളുടെ സാമൂഹികമായ മുന്നേറ്റം ഉറപ്പുവരുത്തുന്നതിനും സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും അവരുടെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്നതിനും സഹായകമായ നടപടികൾ സ്വീകരിക്കുന്നതിലൂടെ വനിതാ കമ്മീഷൻ ജനാധിപത്യത്തെ കൂടുതൽ അർഥപൂർണ്ണമാക്കുന്നു.

### ദേശീയ ബാലാവകാശ സംരക്ഷണ കമ്മീഷൻ

കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ സ്ഥാപിക്കപ്പെട്ട കമ്മീഷനാണ് ദേശീയ ബാലാവകാശ സംരക്ഷണ കമ്മീഷൻ. വനിതാശിശുവികസന മന്ത്രാലയത്തിന്റെ കീഴിലാണ് കമ്മീഷൻ പ്രവർത്തിക്കുന്നത്. 2007 മാർച്ച് 5 നാണ് കമ്മീഷൻ നിലവിൽ വന്നത്. ഒരു ചെയർപേഴ്സണും 6 അംഗങ്ങളുമാണ് കമ്മീഷനിലുള്ളത്. കുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യം, പരിചരണം, ക്ഷേമം, നീതി തുടങ്ങിയവ കമ്മീഷന്റെ ലക്ഷ്യങ്ങളാണ്. കേരളത്തിൽ കുട്ടികളുടെ അവകാശ സംരക്ഷണത്തിനായി കേരളസംസ്ഥാന ബാലാവകാശ കമ്മീഷൻ പ്രവർത്തിച്ചുവരുന്നു.

ന്യൂനപക്ഷങ്ങളുടെ സംരക്ഷണവും തുല്യപരിഗണനയും ഉറപ്പുവരുത്തേണ്ടത് ഒരു ജനാധിപത്യരാഷ്ട്രത്തിന്റെ ഉത്തരവാദിത്വമാണ്. ന്യൂനപക്ഷവിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിലൂടെയും ന്യൂനപക്ഷ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിലൂടെയും ന്യൂനപക്ഷ കമ്മീഷൻ ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നു. പട്ടികജാതി-പട്ടികവർഗവിഭാഗങ്ങൾ നേരിടുന്ന വിവിധങ്ങളായ സാമൂഹിക-സാമ്പത്തിക പ്രശ്നങ്ങളെ പരിഹരിക്കുന്നതിനും അവരെ മുഖ്യധാരയിൽ എത്തിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലൂടെ പട്ടികജാതി-പട്ടികവർഗ കമ്മീഷനുകൾ വലിയ ഉത്തരവാദിത്വമാണ് നിറവേറ്റുന്നത്. മറ്റു പിന്നാക്ക വിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നാക്കാവസ്ഥകൾ പരിഹരിച്ചുകൊണ്ട് അവരെയും സമൂഹത്തിന്റെ മുഖ്യധാരയുടെ ഭാഗമാക്കുകയെന്ന ജനാധിപത്യവത്ക്കരണമാണ് പിന്നാക്കവിഭാഗ കമ്മീഷൻ നിർവഹിക്കുന്നത്.

ഇപ്രകാരം പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ ഉൾച്ചേർക്കുകയും രാഷ്ട്രീയ അവകാശങ്ങളുടെ വിനിയോഗം സാധ്യമാക്കുകയും ചെയ്യുന്നതിലൂടെ മേല്പറഞ്ഞ സ്ഥാപനങ്ങൾ ഇന്ത്യൻ ജനാധിപത്യത്തെ സാമൂഹിക-സാമ്പത്തിക തലങ്ങളിലേക്കുകൂടി വ്യാപിപ്പിക്കുന്നു.

ജനാധിപത്യത്തിന്റെ വ്യാപനത്തിൽ സ്ഥാപനങ്ങളുടെ പങ്ക് എന്ന വിഷയത്തിൽ ക്ലാസിൽ ഒരു പാനൽ ചർച്ച സംഘടിപ്പിക്കുക.

## തുടർ പ്രവർത്തനങ്ങൾ

1. അന്തർദേശീയ വനിതാദിനവുമായി ബന്ധപ്പെട്ട് "സ്ത്രീസുരക്ഷ"എന്ന വിഷയത്തിൽ ഒരു സെമിനാർ സംഘടിപ്പിക്കുക.

2. നമ്മുടെ വിദ്യാലയത്തിൽ നടക്കാറുള്ള സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പിന്റെ നിർവഹണം ശ്രദ്ധിച്ചിട്ടുണ്ടാവുമല്ലോ? തിരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതലകൾ വിലയിരുത്തി ക്ലാസിൽ ഒരു മാതൃകാ തിരഞ്ഞെടുപ്പ് സംഘടിപ്പിച്ചാലോ? എന്തൊക്കെ തയ്യാറെടുപ്പുകൾ അതിനായി ചെയ്യേണ്ടതുണ്ട്?

-
-
-

3. മനുഷ്യാവകാശ ലംഘനങ്ങൾ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനും അതിനുള്ള പരിഹാരം നിർദേശിക്കുന്നതിനും ബോർഡുകളും ചിത്രങ്ങളും ശേഖരിച്ച് ഒരു എക്സിബിഷൻ സംഘടിപ്പിക്കുക.

4. സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഒരു നാടകം തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുക.

5. പട്ടിക പൂർത്തിയാക്കുക.

ജനാധിപത്യത്തിന്റെ സംസ്ഥാപനത്തിനായി രൂപീകരിക്കപ്പെട്ട വിവിധ കമ്മീഷനുകളുടെ പേരും രൂപീകരിച്ച വർഷവും താഴെ തന്നിരിക്കുന്ന പട്ടികയിൽ രേഖപ്പെടുത്തുക.

| | കമ്മീഷന്റെ പേര് | രൂപീകരിച്ച വർഷം |
|---|---|---|
| 1 | തിരഞ്ഞെടുപ്പ് കമ്മീഷൻ | 1950 |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |

# 8 ലിംഗവിവേചനമില്ലാത്ത സമൂഹത്തിലേക്ക്

**ലിംഗപദവിയും ലിംഗഭേദവും വ്യത്യസ്തമായ ആശയങ്ങളാണ്; ലിംഗപദവി തിരഞ്ഞെടുക്കാനുള്ള അവകാശം വ്യക്തിയിൽ നിക്ഷിപ്തമാണ്.**

**ബഹു. കേരള ഹൈക്കോടതി**

**ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 2023 ആഗസ്റ്റ് 8 ന് പുറപ്പെടുവിച്ച ഒരു നിരീക്ഷണത്തെപ്പറ്റിയുള്ള വാർത്തയാണിത്.**

ഈ വാർത്തയിൽ നിന്ന് എന്തെല്ലാമാണ് നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടത്?

- 
- 

ഈ വാർത്തയിൽ ഉൾക്കൊണ്ടിട്ടുള്ള ലിംഗപദവി (Gender), ലിംഗഭേദം (Sex) എന്നീ പദങ്ങൾ നിങ്ങൾ ഇതിനു മുമ്പ് പരിചയപ്പെട്ടിട്ടുണ്ടോ? ഏതെല്ലാം ഔദ്യോഗിക രേഖകളിലാണ് ഇവ സൂചിപ്പിച്ചിട്ടുള്ളത്?

ചുവടെ നൽകിയിരിക്കുന്ന പട്ടിക പൂർത്തിയാക്കൂ...

- ആധാർ കാർഡ്
- സ്കൂൾ അഡ്മിഷൻ രേഖകൾ
- ജനനസർട്ടിഫിക്കറ്റ്
- റേഷൻ കാർഡ്
-
-

വിവിധ തിരിച്ചറിയൽ രേഖകളിൽ ലിംഗപദവി, ലിംഗഭേദം എന്നീ വാക്കുകൾ മാറി മാറി ഉപയോഗിച്ചിരിക്കുന്നത് കാണാൻ കഴിയും. എന്നാൽ മറ്റു ചില തിരിച്ചറിയൽ രേഖകളിലും അപേക്ഷാഫാറങ്ങളിലും ഇതിനുപകരമായി ആൺ/പെൺ/മറ്റുള്ളവർ എന്നാണ് പ്രയോഗിച്ചുവരുന്നത്.

## ലിംഗഭേദവും ലിംഗപദവിയും (Sex and Gender)

പാഠത്തിന്റെ ആദ്യഭാഗത്ത് നല്കിയിരിക്കുന്ന വാർത്തയിലെ ബഹു. കേരള ഹൈക്കോടതിയുടെ നിരീക്ഷണത്തിൽ ലിംഗഭേദവും (Sex) ലിംഗപദവിയും (Gender) വ്യത്യസ്തമായ ആശയങ്ങളായാണ് സൂചിപ്പിച്ചിരിക്കുന്നത്.

ആണെന്നും പെണ്ണെന്നും വേർതിരിക്കുന്ന ജീവശാസ്ത്രപരമായ സവിശേഷതകളെ സൂചിപ്പിക്കുന്നതാണ് ലിംഗഭേദം. ക്രോമസോമുകൾ, ശരീരഘടന, ഹോർമോണുകൾ, പ്രത്യുൽപാദനവ്യവസ്ഥ മറ്റു ശാരീരികഘടകങ്ങൾ എന്നിവയിൽ ആണിനും പെണ്ണിനുമുള്ള വ്യത്യാസങ്ങളാണ് ലിംഗഭേദം എന്ന പദം സൂചിപ്പിക്കുന്നത്.

ലിംഗപദവി എന്നത് പ്രത്യേക സാമൂഹിക സന്ദർഭങ്ങളിലൂടെ പുരുഷൻ, സ്ത്രീ എന്നീ വിഭാഗങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്ന സാമൂഹികവും സാംസ്കാരികവും മാനസികവുമായ സവിശേഷതകളെ സൂചിപ്പിക്കുന്നു. ഉദാഹരണമായി ചില സമൂഹങ്ങളിൽ പിങ്ക് നിറം സ്ത്രീകൾക്കുള്ള നിറമെന്നും നീലനിറം പുരുഷന്മാർക്കുള്ള നിറമെന്നും പരിഗണിക്കുന്നു. ഇതിന് യാതൊരു ജൈവിക കാരണങ്ങളുമില്ല. ഇത് കാലങ്ങളായുള്ള സാമൂഹിക സമ്പ്രദായമായി നിലനിൽക്കുന്നതാണ്. ഇത്തരം മറ്റു സന്ദർഭങ്ങൾ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ?

ലിംഗപദവി ജീവശാസ്ത്രപരമോ സ്ഥിരതയോ ഉള്ളതല്ല. സാമൂഹിക ഇടപെടലുകളിലൂടെ ആർജിക്കുകയും ശക്തിപ്പെടുകയും ചെയ്യുന്നതാണ്. അതായത് ലിംഗപദവി ഒരു സാമൂഹിക നിർമ്മിതിയാണ്. ലിംഗപദവി എന്നത് ലിംഗഭേദത്തിനപ്പുറമുള്ള ഒരാശയമാണ്. ഓരോ സമൂഹവും പുരുഷൻ, സ്ത്രീ എന്നീ ലിംഗപദവികളുമായി ബന്ധപ്പെട്ട ചില പ്രതീക്ഷകളും പെരുമാറ്റങ്ങളും നിർമ്മിച്ചിട്ടുണ്ട്. ഉദാഹരണമായി ആൺകുട്ടികൾക്ക് കളിത്തോക്കുകളും

പെൺകുട്ടികൾക്ക് പാവകളുമാണ് അനുയോജ്യമായ കളിപ്പാട്ടങ്ങളെന്ന ധാരണ പൊതുവിൽ നിലനിൽക്കുന്നതായി നിരീക്ഷിക്കാം. ഇതുപോലെ വ്യക്തികൾ സമൂഹത്തിൽ നിന്ന് ലിംഗപദവിയെക്കുറിച്ചുള്ള പ്രതീക്ഷകളും പെരുമാറ്റങ്ങളും സാമൂഹീകരണത്തിലൂടെ ആർജിച്ചെടുക്കുന്നു. ഇവ വ്യത്യസ്ത സംസ്കാരങ്ങളിൽ വ്യത്യസ്തരീതിയിലായിരിക്കും. അതോടൊപ്പം ഇവയ്ക്ക് കാലത്തിനനുസരിച്ച് മാറ്റങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു.

ലിംഗഭേദമനുസരിച്ച് സമൂഹം പ്രതീക്ഷിക്കുന്ന ലിംഗപദവി ആയിരിക്കില്ല എല്ലാ വ്യക്തികൾക്കും ഉണ്ടാവുക. ചിലർ ലിംഗഭേദവുമായി പൊരുത്തപ്പെടാത്ത ലിംഗപദവിയുള്ള മനുഷ്യർ ആയിരിക്കും. അത്തരത്തിൽ സമൂഹം പ്രതീക്ഷിക്കുന്നതിൽ നിന്ന് വ്യത്യസ്തമായ ലിംഗപദവി ഉള്ളവരാണ് ട്രാൻസ്ജെൻഡർ (Transgender)വ്യക്തികൾ.

### സാമൂഹീകരണം (Socialisation)

ജനനം മുതൽ ജീവിതകാലം മുഴുവനും തുടരുന്ന ഒരു പ്രക്രിയയാണ് സാമൂഹീകരണം. കുഞ്ഞുങ്ങൾക്ക് അവർ ജനിക്കുന്ന സമയത്ത് സമൂഹത്തെക്കുറിച്ചോ സാമൂഹികപെരുമാറ്റത്തെക്കുറിച്ചോ അറിവുണ്ടാവുകയില്ല. വളർച്ചയുടെ വിവിധഘട്ടങ്ങളിൽ സമൂഹത്തിന്റെ ഭാഗമായി മാറുന്നതിനായി ആ സമൂഹത്തിന്റെ മൂല്യങ്ങളും വഴക്കങ്ങളും അവർ പഠിച്ചെടുക്കുന്നു. ഈ പഠിച്ചെടുക്കൽ പ്രക്രിയ (learning process) യാണ് സാമൂഹീകരണം.

### ട്രാൻസ്ജെൻഡർ (Transgender)

ട്രാൻസ്ജെൻഡർ വ്യക്തി എന്നാൽ ജനനസമയത്ത് ആ വ്യക്തിക്ക് നൽകിയിട്ടുള്ള ലിംഗപദവിയുമായി പൊരുത്തപ്പെടാത്ത വ്യക്തി എന്നാണ് അർഥമാക്കുന്നത്. ഇതിൽ ട്രാൻസ് പുരുഷനും (Transman) ട്രാൻസ് സ്ത്രീയും (Transwoman) ഉൾപ്പെടും.

Clause (K) of Section 2, TPPR Act, 2019)

ലിംഗഭേദം നമ്മെ ജീവശാസ്ത്രപരമായി ആണെന്നോ പെണ്ണെന്നോ തരംതിരിക്കുന്നു. ലിംഗപദവി നമ്മളിൽ പുരുഷത്വം (Masculinity) അല്ലെങ്കിൽ സ്ത്രീത്വം (Femininity) നിർമ്മിച്ചെടുക്കുന്നു. പുരുഷൻ, സ്ത്രീ എന്നിവരിൽ നിന്നും സമൂഹം പ്രതീക്ഷിക്കുന്ന പെരുമാറ്റങ്ങളെയാണ് പുരുഷത്വം, സ്ത്രീത്വം എന്നീ പദങ്ങൾ സൂചിപ്പിക്കുന്നത്. പുരുഷൻ കരുത്തിന്റെ പ്രതീകമാണെന്നും സ്ത്രീ വാത്സല്യത്തിന്റെ പ്രതീകമാണെന്നും കരുതുന്നത് ഇതിനുദാഹരണമാണ്. പുരുഷന്മാർ കരയാൻ പാടില്ലായെന്നും സ്ത്രീകൾ കൂടുതൽ വൈകാരികതയുള്ളവരുമാണെന്നും കരുതുന്നത് മറ്റൊരു ഉദാഹരണമാണ്. കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തൂ.

ലിംഗഭേദം ജനിക്കുമ്പോൾ തന്നെ ലഭിക്കുന്നതിനാൽ അത് ആരോപിത പദവിയാണ്. ലിംഗപദവി ഒരു ആർജിതപദവിയാണ്. അത് നമ്മൾ ജീവിക്കുന്ന സംസ്കാരത്തിൽ നിന്ന് പഠിച്ച് രൂപപ്പെടുത്തുന്നതാണ്.

## ആരോപിതപദവിയും ആർജിതപദവിയും (Ascribed Status and Achieved Status)

ജനനത്താൽ തന്നെ ഒരു വ്യക്തിക്ക് ലഭിക്കുന്ന സാമൂഹിക പദവിയാണ് ആരോപിത പദവി. പ്രായം, വംശം, ലിംഗഭേദം തുടങ്ങി ഒരു വ്യക്തിക്ക് തിരഞ്ഞെടുക്കാനാവാത്ത കാര്യങ്ങൾ ആരോപിതപദവികൾക്ക് ഉദാഹരണങ്ങളാണ്.

വ്യക്തികൾ സ്വന്തം കഴിവിലൂടെയും തിരഞ്ഞെടുപ്പുകളിലൂടെയും നേടിയെടുക്കുന്ന സാമൂഹിക പദവിയാണ് ആർജിതപദവി. വിദ്യാഭ്യാസയോഗ്യത, വരുമാനം, തൊഴിൽ വൈദഗ്ധ്യം തുടങ്ങിയവ ആർജിതപദവിക്കുദാഹരങ്ങളാണ്. കാലക്രമേണ സമൂഹത്തിൽ നിന്ന് പഠിച്ചെടുക്കുന്നവയാണിവ. ലിംഗപദവി സാമൂഹിക ഇടപെടലുകളിലൂടെ പഠിച്ചെടുത്ത് ശക്തിപ്പെടുന്നതുകൊണ്ടാണ് അതൊരു ആർജിതപദവിയാകുന്നത്.

**പട്ടിക വിപുലീകരിക്കൂ.**

| ലിംഗഭേദം (Sex) | ലിംഗപദവി (Gender) |
|---|---|
| • ജീവശാസ്ത്രപരമായ സവിശേഷതകളെ സൂചിപ്പിക്കുന്നു. | • സാമൂഹികവും സാംസ്കാരികവും മാനസികവുമായ സവിശേഷതകളെ സൂചിപ്പിക്കുന്നു. |
| • | • |
| • | • |

ലിംഗപദവിയും ലിംഗഭേദവും തമ്മിലുള്ള വ്യത്യാസം ക്ലാസിൽ ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക.

ലിംഗഭേദത്തിൽ നിന്ന് ലിംഗപദവി എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് നാം ചർച്ചചെയ്തല്ലോ. ജനനത്തെയോ ശരീരത്തെയോ ആശ്രയിച്ചല്ല, മറിച്ച് സാമൂഹിക ഇടപെടലിലൂടെയും സാമൂഹിക വഴക്കങ്ങളിലൂടെയും ഉണ്ടാകുന്ന ശീലങ്ങളിലൂടെയാണ് ലിംഗപദവി നിശ്ചയിക്കപ്പെടുന്നത്.

സാമൂഹികവ്യവസ്ഥക്കുള്ളിലെ ഒരു വ്യക്തിയുടെ സ്ഥാനമാണ് പദവി (Status). സാമൂഹികവ്യവസ്ഥക്കുള്ളിൽ വ്യക്തികൾ എങ്ങനെ പരിഗണിക്കപ്പെടുന്നുവെന്നും അല്ലെങ്കിൽ നിർവചിക്കപ്പെടുന്നുവെന്നും ഉള്ളതിന്റെ നിർണ്ണായക ഘടകമാണ് പദവി. എല്ലാ സമൂഹങ്ങളും അതിനുള്ളിലെ അംഗങ്ങളെ പദവിക്കനുസരിച്ച് വർഗീകരിച്ചിട്ടുണ്ട്. അതിലൂടെ സാമൂഹികശ്രേണീകരണം സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. അങ്ങനെ സമൂഹത്തിൽ വ്യക്തികൾ ഉയർന്ന പദവിയുള്ളവരെന്നും താഴ്ന്ന പദവിയുള്ളവരെന്നും നിശ്ചയിക്കപ്പെടുന്നു.

### സാമൂഹിക ശ്രേണീകരണം (Social Stratification)

സമൂഹത്തിലെ വ്യക്തികളെ തുല്യതയില്ലാത്ത തരത്തിൽ വിവിധ തട്ടുകളിലായോ ശ്രേണികളിലായോ സാമൂഹികമായി സ്ഥാനപ്പെടുത്തുന്നതാണ് സാമൂഹിക ശ്രേണീകരണം. ഉയർന്ന തട്ടിലായി സ്ഥാനപ്പെടുത്തപ്പെട്ടവർക്ക് സമൂഹത്തിൽ ഉന്നതപദവികളും താഴ്ന്ന തട്ടിലായി സ്ഥാനപ്പെടുത്തപ്പെട്ടവർക്ക് സമൂഹത്തിൽ താഴ്ന്നതരം പദവിയും ലഭിക്കുന്ന രീതിയിലാണ് ഇത് പ്രവർത്തിക്കുന്നത്. അടിമത്തവ്യവസ്ഥ, ജാതിവ്യവസ്ഥ തുടങ്ങിയവ സമൂഹത്തിൽ നിലനിന്നിരുന്ന ചില സാമൂഹിക ശ്രേണികൾക്ക് ഉദാഹരണങ്ങളാണ്.

നമ്മുടെ സമൂഹത്തിൽ പുരുഷന്മാരുടെയും സ്ത്രീകളുടെയും പദവി തുല്യ ശ്രേണിയിലാണോ? വ്യത്യാസങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ?



### ക്ലോഡിയ ഗോൾഡിൻ

2023ലെ സാമ്പത്തികശാസ്ത്രത്തിനുള്ള നോബൽസമ്മാനം നേടി. തൊഴിൽരംഗത്തെ സ്ത്രീകളെക്കുറിച്ചായിരുന്നു പഠനം. തൊഴിൽ പങ്കാളിത്തത്തിലും വരുമാനത്തിലുമുള്ള ലിംഗപദവിവ്യത്യാസങ്ങളുടെ (Gender Difference) കാരണങ്ങളെക്കുറിച്ചായിരുന്നു ഗവേഷണം. സാമ്പത്തിക ശാസ്ത്രത്തിൽ സമ്മാനം നേടുന്ന മൂന്നാമത്തെ വനിതയാണ് ക്ലോഡിയ ഗോൾഡിൻ.

## ലിംഗപദവിപരമായ പങ്കുകൾ (Gender Roles)



മൂന്നു കൂട്ടുകാർ തമ്മിലുള്ള സംഭാഷണം നിങ്ങൾ ശ്രദ്ധിച്ചില്ലേ. ഈ സംഭാഷണത്തോട് നിങ്ങളുടെ പ്രതികരണമെന്താണ്? ചില ജോലികൾ ചില ലിംഗ പദവിയിലുള്ളവർ മാത്രമേ ചെയ്യാവൂ എന്ന പ്രസ്താവന നിങ്ങൾ കേട്ടിട്ടുണ്ടോ? വാസ്തവത്തിൽ ജോലികൾക്ക് ഇത്തരത്തിൽ ആൺ-പെൺ ഭേദമുണ്ടോ?

ഒരു പദവിയുമായി ബന്ധപ്പെട്ട് പ്രതീക്ഷിക്കുന്ന പെരുമാറ്റമാണ് പങ്ക് (Role). ഒരു സമൂഹത്തിൽ പുരുഷനും സ്ത്രീയും എങ്ങനെയൊക്കെ സംസാരിക്കണം, ചിന്തിക്കണം, വസ്ത്രം ധരിക്കണം, പെരുമാറണം എന്നും എന്തൊക്കെ ജോലികൾ ചെയ്യണമെന്നുമുള്ള പ്രതീക്ഷകളാണ് ലിംഗപദവിപരമായ പങ്ക് (Gender Role) എന്ന പദം സൂചിപ്പിക്കുന്നത്. ഒരു സമൂഹം പുരുഷത്വത്തോടും സ്ത്രീത്വത്തോടും ബന്ധപ്പെടുത്തുന്ന പ്രത്യേക സ്വഭാവങ്ങളും മനോഭാവങ്ങളും പ്രവർത്തനങ്ങളുമാണ് ലിംഗപദവിപരമായ പങ്ക് എന്നതുകൊണ്ടർഥമാക്കുന്നത്. ഉദാഹരണത്തിന് ഒരു കുടുംബത്തിൽ വരുമാനമുണ്ടാക്കേണ്ടത് പുരുഷനും വീട്ടുജോലികൾ ചെയ്യേണ്ടത് സ്ത്രീകളുമാണ് എന്ന ധാരണ ചില സമൂഹത്തിൽ നിലനിൽക്കുന്നു. ഈ പങ്കുകൾ വ്യക്തികളുടെ തിരഞ്ഞെടുപ്പുകൾ പരിമിതപ്പെടുത്തുന്നു. ലിംഗപദവിപരമായ പങ്കുകളുടെ അടിസ്ഥാനത്തിൽ നമ്മുടെ സമൂഹത്തിൽ നിരവധി വഴക്കങ്ങളും ശീലങ്ങളും പ്രകടമാണ്.

ലിംഗഭേദമനുസരിച്ചാണോ നിങ്ങളുടെ വിദ്യാലയത്തിൽ ചുമതലകൾ നൽകുന്നത്? നിങ്ങളുടെ വിദ്യാലയത്തിൽ താഴെക്കൊടുത്തിരിക്കുന്ന ചുമതലകൾ കൂടുതലും ചെയ്യുന്നത് ആരാണ്?

**ചെക്ക് ലിസ്റ്റ് പൂർത്തിയാക്കൂ.**

| ചുമതലകൾ | ആൺകുട്ടികൾ | പെൺകുട്ടികൾ |
|---|---|---|
| • സ്കൂൾ അസംബ്ലിയിൽ പ്രാർഥനാ ഗാനം ആലപിക്കുന്നത് | | |
| • ബെഞ്ച്, ഡസ്ക് എന്നിവ ക്രമീകരിക്കുന്നത് | | |
| • ക്ലാസ്റൂമിലെ ഡിജിറ്റൽ ഉപകരണങ്ങൾ ക്രമീകരിക്കുന്നത് | | |
| • ക്ലാസിന് പുറത്തുള്ള ആവശ്യങ്ങൾക്കായി പോകുന്നത് | | |

ഇന്ന് സ്കൂളുകളിൽ ഇത്തരം പ്രവർത്തനങ്ങൾ ആൺകുട്ടികളും പെൺകുട്ടികളും ഒരുമിച്ച് പങ്കിട്ട് ചെയ്യുന്നതായി നമുക്ക് ഇതിൽ നിന്ന് മനസ്സിലാക്കാം.

പുരുഷനും സ്ത്രീക്കും പരമ്പരാഗതമായി വീതംവച്ചുകൊടുത്തിരിക്കുന്ന/നിശ്ചയിച്ചു നൽകിയിരുന്ന ജോലികൾ, ഉത്തരവാദിത്വങ്ങൾ എന്നിവ എല്ലാവരും ഒരുമിച്ച് പങ്കിട്ടു ചെയ്യുന്ന രീതിയിലുള്ള സന്ദർഭങ്ങൾ കോർത്തിണക്കി ക്ലാസിൽ ഒരു റോൾപ്ലേ അവതരിപ്പിക്കൂ.

## ലിംഗപദവിയും സാമൂഹികവഴക്കങ്ങളും (Gender and Social norms)



ഇന്ത്യയിൽ മുൻകാലങ്ങളിൽ നിലനിന്നിരുന്ന 'സതി' എന്ന സാമൂഹിക അനാചാരത്തെ സൂചിപ്പിക്കുന്ന ചിത്രമാണിത്. ഭർത്താവ് മരിച്ചാൽ ഭാര്യ അയാളുടെ ചിതയിൽ ചാടി ജീവൻ വെടിയണം എന്ന അനാചാരമായിരുന്നു സതി. ഇന്ത്യയിൽ നിലനിന്നിരുന്ന മറ്റൊരു സാമൂഹിക അനാചാരമായിരുന്നു 'തൊട്ടുകൂടായ്മ'. വ്യക്തികളെ വ്യത്യസ്ത ജാതിയിൽ ഉൾപ്പെടുത്തി, അതിൽ താഴ്ന്ന ജാതിയായി കരുതപ്പെട്ടവർ, ഉയർന്ന ജാതിയായി കരുതപ്പെട്ടവരിൽ നിന്ന് നിശ്ചിത അകലം പാലിച്ചു മാത്രമേ സമൂഹത്തിൽ ഇടപെടാൻ പാടുള്ളൂ എന്ന അനാചാരമായിരുന്നു തൊട്ടുകൂടായ്മ. സതിയും തൊട്ടുകൂടായ്മയും പണ്ടുകാലങ്ങളിൽ നിയമം പോലെ പാലിച്ചിരുന്നവയാണ്. എന്നാൽ പിന്നീട് സാമൂഹിക പരിഷ്കരണങ്ങളുടെ ഭാഗമായി നിയമനിർമ്മാണത്തിലൂടെ അവ നിരോധിക്കപ്പെട്ടു.

1987-ലെ സതി നിരോധനനിയമത്തിലൂടെയാണ് ഇന്ത്യൻ പാർലമെന്റ് സതി നിരോധിച്ചത്. സ്വമേധയാലോ നിർബന്ധപൂർവമോ സതി ആചരിക്കുന്നതും സതി സമ്പ്രദായത്തെ അനുകൂലിച്ച് പ്രസ്താവന നടത്തുന്നതും ഈ നിയമം നിരോധിക്കുന്നു.

ഭരണഘടനയുടെ അനുച്ഛേദം 17 ലൂടെയും 1955ലെ പൗരവകാശ സംരക്ഷണ നിയമത്തിലൂടെയുമാണ് ഇന്ത്യയിൽ തൊട്ടുകൂടായ്മ എന്ന അനാചാരം നിരോധിക്കപ്പെട്ടത്.

എഴുതപ്പെടാത്തതും എന്നാൽ ഒരു സമൂഹത്തിൽ കാലാകാലങ്ങളായി നിലനിൽക്കുന്നതുമായ ചില വഴക്കങ്ങൾ നമുക്ക് ചുറ്റുമുണ്ട്. ഇവയാണ് സാമൂഹികവഴക്കങ്ങൾ (Social Norms). ഒരു പ്രത്യേക സാമൂഹിക സംഘത്തിലോ സംസ്കാരത്തിലോ സ്വീകാര്യമായി കണക്കാക്കപ്പെടുന്ന വിശ്വാസങ്ങൾ, പെരുമാറ്റങ്ങൾ, മനോഭാവങ്ങൾ എന്നിവയുടെ അലിഖിത നിയമങ്ങളാണ് സാമൂഹിക വഴക്കങ്ങൾ. ഒരു വ്യക്തിയെ കാണുമ്പോൾ അഭിവാദനം ചെയ്യുന്നതും നന്ദി പറയുന്നതും ഒക്കെ വഴക്കങ്ങളാണ്.

ചുവടെ നൽകിയിരിക്കുന്ന പ്രസ്താവനകൾ ശ്രദ്ധിക്കൂ.

- കുടിവെള്ളം പാഴാക്കരുത്.
- ഒരു വ്യക്തിയെയും ശാരീരികമായി ഉപദ്രവിക്കരുത്.
- മുതിർന്ന പൗരരെ ബഹുമാനിക്കണം.
- ഇരുചക്ര വാഹനങ്ങളിൽ സഞ്ചരിക്കുന്നവർ നിർബന്ധമായും ഹെൽമറ്റ് ധരിക്കണം.
- ശാരീരിക പ്രത്യേകതകളുടെ പേരിൽ ആരെയും മാറ്റി നിർത്തരുത്.
- നിയമാനുസൃതമായ തിരഞ്ഞെടുപ്പുകൾക്ക് ഏതൊരു വ്യക്തിക്കും അവകാശമുണ്ട്.
- മുതിർന്ന പൗരരെ സംരക്ഷിക്കണം.
- സ്ത്രീധനം വാങ്ങുന്നതും നൽകുന്നതും കുറ്റകരമാണ്.

ഈ പ്രസ്താവനകളെ 'നിയമങ്ങൾ' എന്നും 'വഴക്കങ്ങൾ' എന്നും വർഗീകരിച്ചു നോക്കൂ.

| നിയമങ്ങൾ | വഴക്കങ്ങൾ |
|---|---|
| • ഒരു വ്യക്തിയെയും ശാരീരികമായി ഉപദ്രവിക്കരുത് | • മുതിർന്ന പൗരരെ ബഹുമാനിക്കണം |
| • | • |
| • | • |
| • | • |
| • | • |

ഇതുപോലുള്ള കൂടുതൽ നിയമങ്ങളും വഴക്കങ്ങളും കണ്ടെത്തി പട്ടികയിൽ ഉൾപ്പെടുത്തുക.

നിയമപരമല്ലാത്ത വഴക്കങ്ങൾ എന്തുകൊണ്ടാവാം സമൂഹത്തിൽ ഇന്നും നിലനിൽക്കുന്നത്? നിങ്ങളുടെ അഭിപ്രായങ്ങൾ പ്രവർത്തനപുസ്തകത്തിൽ എഴുതിച്ചേർക്കുക.

## ലിംഗപദവി വാർപ്പുമാതൃകകൾ (Gender Stereotypes)

ചുവടെ നൽകിയിരിക്കുന്ന പ്രസ്താവനകൾ ശ്രദ്ധിക്കൂ.




നൽകിയിരിക്കുന്ന പ്രസ്താവനകൾ ശരിയാണെന്ന് നിങ്ങൾക്ക് അഭിപ്രായമുണ്ടോ? ഇവ പരമ്പരാഗതമായി സമൂഹം തെറ്റിദ്ധരിച്ചുവച്ചിരിക്കുന്ന ചില കാര്യങ്ങൾ മാത്രമല്ലേ?

സ്ത്രീയുടെയും പുരുഷന്റെയും ഗുണങ്ങൾ എന്ന രീതിയിൽ സമൂഹം തെറ്റിദ്ധരിച്ചു വച്ചിരിക്കുന്ന ഇത്തരം കാര്യങ്ങളെ അവരുടെ അടിസ്ഥാനഗുണങ്ങൾ എന്ന രീതിയിൽ പൊതുവേ പലരും കാണുന്നു. ഇത്തരത്തിൽ വസ്തുതയില്ലാത്തതോ ഭാഗികമായി മാത്രം ശരിയാവുന്നതോ ആയ ചില കാര്യങ്ങളെ സ്ത്രീയുടെയോ പുരുഷന്റെയോ അടിസ്ഥാന ഗുണങ്ങളാക്കി വളരെ ലളിതമായ രീതിയിൽ അവതരിപ്പിക്കുന്നതിലൂടെ വാർപ്പുമാതൃക (Stereotype) സൃഷ്ടിക്കപ്പെടുന്നു.

### വാർപ്പുമാതൃക (Stereotype)

സാമാന്യവൽക്കൃതമായ അടയാളങ്ങളുടെ അടിസ്ഥാനത്തിൽ ചില സവിശേഷവിഭാഗ ങ്ങളെയും ജനതകളെയും സാമൂഹികമായി വർഗീകരിക്കുന്ന രീതിയാണ് വാർപ്പുമാതൃക (Stereotype). വർഗം, ജാതി, മതം, തൊഴിൽ, ഭാഷ, ലിംഗപദവി എന്നിവയുടെ അടിസ്ഥാന ത്തിൽ വാർപ്പുമാതൃകകൾ രൂപവൽക്കരിക്കാറുണ്ട്.

ലിംഗപദവി വാർപ്പുമാതൃകകളുടെ ഉദാഹരണങ്ങൾ നിങ്ങൾക്ക് കണ്ടെത്താനാകുമോ? താഴെ കൂട്ടിച്ചേർക്കൂ.

- നഴ്സ് ആവാൻ നല്ലത് സ്ത്രീകളാണ്. പുരുഷന്മാർ അതിനു അനുയോജ്യരല്ല.
- 
- 

ലിംഗപദവിപരമായ പങ്കുകൾ, വഴക്കങ്ങൾ, വാർപ്പുമാതൃകകൾ എന്നിവയാണ് ലിംഗ പദവി വ്യത്യാസത്തിന് കാരണം.

## മാധ്യമങ്ങളും ലിംഗപദവി വാർപ്പുമാതൃകകളും (Media and Gender Stereotypes)

ടെലിവിഷനിലും ഓൺലൈൻ സ്ട്രീമിങ് ഇടങ്ങളിലും വരുന്ന പരസ്യങ്ങൾ നിങ്ങൾ ശ്രദ്ധിച്ചിട്ടില്ലേ? താഴെക്കൊടുക്കുന്ന ഉൽപന്നങ്ങൾ അവതരിപ്പിക്കാനും ഉപയോഗിച്ചു കാണിച്ച് അഭിനയിക്കാനും സ്ക്രീനിൽ വരുന്നത് കൂടുതലും സ്ത്രീയാണോ പുരുഷനാണോ എന്ന് നിരീക്ഷിച്ചശേഷം എഴുതൂ.

- കറിപ്പൊടികൾ
- പാത്രം കഴുകുന്ന സാമഗ്രികൾ
- ബൈക്കുകളും കാറുകളും
- സൗന്ദര്യവർധകവസ്തുക്കൾ
- കായിക ഉൽപന്നങ്ങൾ
- പാത്രങ്ങൾ, സ്റ്റൗ മുതലായ അടുക്കളസാമഗ്രികൾ
- സാമ്പത്തികസ്ഥാപനങ്ങൾ
- സിമന്റ്

| കൂടുതലും സ്ത്രീകൾ | കൂടുതലും പുരുഷന്മാർ |
|---|---|
| | |

കൂടുതൽ പരസ്യങ്ങൾ നിരീക്ഷിക്കൂ. ഏതു ലിംഗപദവിയിലുള്ള വ്യക്തിയെയാണ് കൂടുതലായും ഇവയിൽ കാണപ്പെടുന്നത്?

പരസ്യങ്ങൾ ലിംഗപദവി വാർപ്പുമാതൃകകളെ പലരീതിയിൽ ബലപ്പെടുത്തുന്നതായി കാണാം.

## ഭാഷയും ലിംഗപദവി വാർപ്പുമാതൃകയും (Language and Gender Stereotype)

നാം ഉപയോഗിക്കുന്ന ഭാഷകളിലും ലിംഗപദവി വ്യത്യാസം നിലനിൽക്കുന്നുണ്ട്. ഭാഷകളിൽ നാമപദങ്ങളെ ആൺ/പെൺ എന്നിങ്ങനെ തരംതിരിക്കുന്നുണ്ട്. പൗരൻ, മനുഷ്യൻ തുടങ്ങി പുരുഷനെയാണ് എന്ന് തോന്നിപ്പിക്കുന്ന വാക്കുകൾ എങ്ങനെയാവും എല്ലാവരെയും സൂചിപ്പിക്കുന്ന പൊതുവാക്കുകളായി മാറിയത്? ഉദാഹരണത്തിനു പുരുഷഡോക്ടർ എന്ന് പറയാതിരിക്കുകയും ലേഡി ഡോക്ടർ എന്ന് ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. എന്തുകൊണ്ടാണ് ഡോക്ടർ എന്ന വാക്ക് മാത്രം പറഞ്ഞാൽ അത് കൂടുതലും പുരുഷനെ മാത്രം അഭിസംബോധന ചെയ്യുന്ന വാക്കായി തോന്നുന്നത്? പുരുഷൻ മാത്രം കൈകാര്യം ചെയ്തിരുന്ന കാര്യങ്ങൾ സംബന്ധിച്ച വാക്കുകളും പ്രയോഗങ്ങളും എല്ലാംതന്നെ ഇത്തരത്തിലാണ് ഇപ്പോഴും പ്രയോഗിച്ചുവരുന്നത്.

ഇത്തരം പ്രയോഗങ്ങൾ ആവർത്തിച്ചുപയോഗിക്കുന്നതിലൂടെ വാർപ്പുമാതൃകകൾ ഉറപ്പിക്കപ്പെടുന്നു. ഭാഷ വഴിയുള്ള ഇത്തരം വാർപ്പുമാതൃക ഉറപ്പിക്കലിനെ (Stereotype reinforcing) എങ്ങനെയൊക്കെ പ്രതിരോധിക്കാം? ലിംഗപദവി ഉൾച്ചേർന്ന (Gender Inclusive) പദങ്ങളും പ്രയോഗങ്ങളും ഇതിനെ ചെറുക്കാനുള്ള മാർഗങ്ങളാണ്. ചുവടെ നൽകിയിരിക്കുന്ന പദങ്ങൾ ശ്രദ്ധിക്കൂ.

- ടീച്ചർ
- എഞ്ചിനീയർ
- നഴ്സ്

ഈ പദങ്ങൾ പുരുഷനെന്നോ സ്ത്രീയെന്നോ തിരിച്ചറിയാൻ കഴിയുന്നവയാണോ? ഭാഷയിൽ പ്രയോഗിക്കുന്ന ലിംഗപദവി ഉൾച്ചേർന്ന പദങ്ങൾക്ക് ഉദാഹരണങ്ങളാണിവ.

ഭാഷയിൽ പ്രയോഗിക്കുന്ന ലിംഗപദവി ഉൾച്ചേർന്ന പദങ്ങൾ കണ്ടെത്തി ലിസ്റ്റ് ചെയ്ത് ക്ലാസിൽ പ്രദർശിപ്പിക്കൂ.

ലിംഗപദവി വാർപ്പുമാതൃകകളെ ബലപ്പെടുത്തുന്ന ഘടകങ്ങളാണ് മാധ്യമങ്ങളും ഭാഷയുമെന്ന് നിങ്ങൾ ശ്രദ്ധിച്ചില്ലേ. കുടുംബം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കല, സാഹിത്യം മുതലായവയും ലിംഗപദവി വാർപ്പുമാതൃകകളെ ബലപ്പെടുത്തുന്നു.

"ഭാഷ, കുടുംബം, കല, സാഹിത്യം, വിദ്യാഭ്യാസസ്ഥാപനങ്ങൾ മുതലായവ ലിംഗപദവി വാർപ്പുമാതൃകകളെ ബലപ്പെടുത്തുന്നു." എന്ന വിഷയത്തിൽ സംവാദം സംഘടിപ്പിച്ച് കുറിപ്പ് തയ്യാറാക്കുക.

ലിംഗപദവിപരമായ പങ്കുകളും വഴക്കങ്ങളും വാർപ്പുമാതൃകകളും ലിംഗപദവി വ്യത്യാസത്തിലേക്ക് നയിക്കുന്നതായി നിങ്ങൾ ശ്രദ്ധിച്ചില്ലേ. ഇവ സമൂഹത്തിൽ ലിംഗപദവി അധിഷ്ഠിതമായ അതിക്രമങ്ങൾക്കും ലിംഗവിവേചനങ്ങൾക്കും കാരണമാകുന്നു. ഇങ്ങനെ സമൂഹത്തിൽ പുരുഷനും സ്ത്രീക്കും മറ്റ് ലിംഗപദവിയിലുള്ളവർക്കും തുല്യമല്ലാത്ത അവസ്ഥ ഉണ്ടാകുന്നു.

## ലിംഗപദവി അധിഷ്ഠിതമായ അതിക്രമങ്ങൾ (Gender based Violences)




ഏതൊക്കെ സാമൂഹിക പ്രശ്നങ്ങളാണ് ഈ വാർത്താതലക്കെട്ടുകളിൽ സൂചിപ്പിച്ചിട്ടുള്ളത്?

- 
- 
- 
- 
- 

ഇവയൊക്കെ ലിംഗപദവി അധിഷ്ഠിതമായ അതിക്രമങ്ങളാണോ?

നമ്മുടെ സമൂഹത്തിൽ തുല്യലിംഗപദവി ലഭ്യമാകുന്നുണ്ടോ?

ഇത്തരത്തിലുള്ള അതിക്രമങ്ങൾ നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്നത് ന്യായസമൂഹത്തിന് (Just Society) യോജിച്ചതാണോ?

### ന്യായസമൂഹം (Just Society)

ജാതി, മതം, ലിംഗപദവി എന്നീ ഭേദങ്ങളില്ലാതെ എല്ലാ അംഗങ്ങൾക്കും സമൂഹിക-സാമ്പത്തിക-രാഷ്ട്രീയ നീതി ലഭ്യമാകുന്ന ഒരു സമൂഹമാണ് ന്യായസമൂഹം.

*"എല്ലാ അംഗങ്ങളും സന്തോഷവും ക്ഷേമവും ആസ്വദിക്കുന്ന ഒരു സമൂഹത്തെ ന്യായസമൂഹമെന്ന് പറയാം."*

-ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ

ലിംഗപദവിയിൽ അധിഷ്ഠിതമായ അതിക്രമങ്ങളെക്കുറിച്ചുള്ള വാർത്തകളും ചിത്രങ്ങളും ശേഖരിച്ച് കൊളാഷ് തയ്യാറാക്കുക. ഇതിനോടൊപ്പം ലിംഗപദവിയിൽ അധിഷ്ഠിതമായ അതിക്രമങ്ങൾക്കെതിരെയുള്ള നിങ്ങളുടെ പ്രതികരണം മുദ്രാഗീതങ്ങളാക്കി വിദ്യാലയത്തിൽ പ്രദർശിപ്പിക്കൂ. ഈ പ്രദർശനത്തിൽ അവതരിപ്പിക്കാനായി ഒരു ലഘു പ്രസംഗവും തയ്യാറാക്കൂ.

## ലിംഗവിവേചനമില്ലാത്ത ലോകം

താഴെക്കൊടുത്തിരിക്കുന്ന കുറിപ്പ് വായിക്കൂ.

### മേൽമുണ്ട് സമരം

വസ്ത്രധാരണാവകാശത്തിനുവേണ്ടി തെക്കൻ തിരുവിതാംകൂറിലെ സ്ത്രീകൾ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യം മുതൽ നടത്തിവന്ന സമരമാണ് മേൽമുണ്ട് സമരം. ദീർഘകാലത്തെ സമരത്തിനുശേഷം ജാതി-മത വ്യത്യാസമില്ലാതെ എല്ലാവർക്കും ഇഷ്ടപ്പെട്ട വസ്ത്രം ധരിക്കാനുള്ള അവകാശം നൽകിക്കൊണ്ട് തിരുവിതാംകൂർ സർക്കാർ വിളംബരം പ്രസിദ്ധപ്പെടുത്തി. എങ്കിലും ജാത്യാചാരത്തിന്റെ പേരിൽ പിന്നീടും ഇഷ്ടപ്പെട്ട വസ്ത്രം ധരിക്കാൻ പലർക്കും കഴിഞ്ഞിരുന്നില്ല.

### കല്ലുമാല സമരം

അധഃസ്ഥിത വിഭാഗമായി കണക്കാക്കിയിരുന്ന പുലയവിഭാഗത്തിലെ സ്ത്രീകൾ ജാതീയതയുടെ അടയാളമായി കല്ല്, കുപ്പിച്ചില്ല് തുടങ്ങിയവകൊണ്ടുള്ള മാലകൾ നിർബന്ധിതമായി അണിയേണ്ടിയിരുന്നു. ഇതിനെതിരെ അയ്യങ്കാളിയുടെ നേതൃത്വത്തിൽ കൊല്ലത്തെ പെരിനാട്ടിൽ നടന്ന സമരമാണ് കല്ലുമാല സമരം. ഇതിന് പെരിനാട് ലഹള എന്നും പേരുണ്ട്.

ജാതിവിവേചനത്തോടൊപ്പം അധികമായി ലിംഗവിവേചനം കൂടി നേരിട്ട സ്ത്രീകൾ ചരിത്രത്തിൽ നടത്തിയ പോരാട്ടങ്ങളിൽ നിന്നുള്ള ഉദാഹരണങ്ങളാണിവ. നിലനിന്നിരുന്ന വാർപ്പുമാതൃകകൾ, വഴക്കങ്ങൾ എന്നിവയെ വെല്ലുവിളിച്ചുകൊണ്ടാണ് ഇവർ വിവേചനങ്ങളെ അതിജീവിച്ചത്.




ലിംഗവിവേചനവുമായി ബന്ധപ്പെട്ട് മുകളിൽ നൽകിയിരിക്കുന്ന വാർത്തകൾ ശ്രദ്ധിക്കൂ. ഈ വാർത്തകളിൽ നിന്ന് നിങ്ങൾക്ക് എന്തൊക്കെ വിവരങ്ങളാണ് ലഭിക്കുന്നത്?

വിവിധ ലിംഗപദവിയിൽ ഉള്ളവർക്ക് തുല്യമായ അവസരങ്ങൾ ലഭിക്കുന്നുണ്ടോ? ഏതെങ്കിലും സവിശേഷമായ ലിംഗപദവിയിൽ ഉള്ളവർക്ക് കൂടുതൽ അവസരങ്ങൾ ചില മേഖലകളിൽ ലഭിക്കുന്നുണ്ടോ?

ലിംഗപദവികൾക്കിടയിലെ തുല്യതയ്ക്ക് തടസ്സം നിൽക്കുന്ന ഒരു പ്രധാന കാരണമാണ് ലിംഗപദവി വിവേചനം. ഒരു ലിംഗപദവിയുടെ ആധിപത്യത്തിനുവേണ്ടി മറ്റു ലിംഗപദവികളെ അടിച്ചമർത്തുന്ന പ്രക്രിയയാണ് ലിംഗപദവി വിവേചനം (Gender Discrimination).

## ഭരണഘടനയിലെ ലിംഗപദവി

ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 14 എല്ലാവരും നിയമത്തിനു മുന്നിൽ തുല്യരാണെന്ന് വ്യക്തമാക്കുന്നുണ്ട്. ഒരു വ്യക്തിയും ലിംഗഭേദത്തിന്റെ അടിസ്ഥാനത്തിൽ വിവേചനം നേരിടരുതെന്ന് അനുച്ഛേദം 15ഉം പ്രസ്താവിക്കുന്നു. ലിംഗഭേദത്തോടൊപ്പം ലിംഗപദവിയും വ്യക്തികളുടെ സാമൂഹിക നിലയുടെ അടിസ്ഥാനമാണെന്ന് 2014-ൽ സുപ്രീം കോടതി പറയുകയുണ്ടായി.

ഇന്ത്യൻ ഭരണഘടനയുടെ വിവിധ അനുച്ഛേദങ്ങൾ ലിംഗപദവിയുമായി ബന്ധപ്പെട്ട സ്വാതന്ത്ര്യങ്ങൾ വ്യക്തമാക്കുന്നുണ്ട് എന്ന് 2014ൽ *നൽസ v/s യൂണിയൻ ഓഫ് ഇന്ത്യ* വിധിന്യായത്തിൽ സുപ്രീംകോടതി വ്യാഖ്യാനിച്ചു.

ഇന്ത്യൻ ഭരണഘടനയിലെ ലിംഗപദവിയുമായി ബന്ധപ്പെട്ട ചില അനുച്ഛേദങ്ങൾ പരിചയപ്പെടാം. പട്ടിക ശ്രദ്ധിക്കൂ.

| | |
|---|---|
| അനുച്ഛേദം 14 | എല്ലാ ലിംഗപദവികളുടെയും തുല്യാവകാശം |
| അനുച്ഛേദം 15 | ഒരു വ്യക്തിക്കും ലിംഗപദവിയുടെ അടിസ്ഥാനത്തിൽ വിവേചനം ഉണ്ടാവാൻ പാടില്ല. |
| അനുച്ഛേദം 16 | എല്ലാ ലിംഗപദവികൾക്കും അവസരസമത്വം |
| അനുച്ഛേദം 19 (1) (a) | എല്ലാ ലിംഗപദവികൾക്കും സ്വതന്ത്രമായി വേഷം, പെരുമാറ്റം, പ്രവൃത്തികൾ എന്നിവയിലൂടെ ലിംഗപദവി പ്രകടിപ്പിക്കാൻ അവകാശമുണ്ട്. |
| അനുച്ഛേദം 21 | എല്ലാ ലിംഗപദവികൾക്കും അന്തസ്സിനും വ്യക്തിസ്വാതന്ത്ര്യത്തിനും സ്വകാര്യതയ്ക്കും അവകാശമുണ്ട്. |
| അനുച്ഛേദം 51A (e) | സ്ത്രീകളുടെ അന്തസിന് കുറവ് വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കേണ്ടത് ഇന്ത്യൻ പൗരരുടെ മൗലികകർത്തവ്യമാണ്. |

ഇതെല്ലാം ഉറപ്പായും നിലനിൽക്കേണ്ട ഒരു ന്യായസമൂഹ (Just society) മാണ് രാജ്യത്തുണ്ടാകേണ്ടത് എന്ന നിലപാടാണ് നമ്മുടെ ഭരണഘടന സ്വീകരിച്ചിട്ടുള്ളത്. എന്നാൽ ഇത്തരമൊരു ന്യായസമൂഹത്തിൽ ലഭിക്കേണ്ട എല്ലാ ആനുകൂല്യങ്ങളും തുല്യമായി എല്ലാ ലിംഗപദവികൾക്കും ലഭിക്കുന്നുണ്ടോ?



ലിംഗവിവേചനം ഇല്ലായ്മ ചെയ്യാനും ഭരണഘടനാപരമായ തുല്യതയും സ്വാതന്ത്ര്യവും എല്ലാ ലിംഗപദവിയിലുള്ള വ്യക്തികൾക്കും ലഭിക്കാനും എന്താണ് ചെയ്യാൻ കഴിയുക? ക്ലാസിൽ ചർച്ചചെയ്യൂ.

ചർച്ചാസൂചകങ്ങൾ:

- ലിംഗപദവി തുല്യത പ്രോത്സാഹിപ്പിക്കുന്ന വിദ്യാഭ്യാസം
- ലിംഗപദവി വാർപ്പുമാതൃകകളോടുള്ള വെല്ലുവിളി
- ലിംഗപദവി വാർപ്പുമാതൃകകളെ പ്രോത്സാഹിപ്പിക്കുന്ന വഴക്കങ്ങളോടുള്ള വെല്ലുവിളി
- ലിംഗപദവി ഉൾച്ചേർന്നതും തുല്യതയും ഉറപ്പാക്കുന്ന തൊഴിലിടങ്ങൾ

അസമത്വങ്ങൾ നിലനിൽക്കാത്ത ഒരു ന്യായസമൂഹത്തെയാണ് നമ്മുടെ ഭരണഘടന വിഭാവനം ചെയ്യുന്നത്. തുല്യനീതിയുള്ള ഒരു സമൂഹത്തിന്റെ നിലനിൽപ്പിനുവേണ്ടി എല്ലാ ലിംഗപദവിയിലുള്ളവരെയും തുല്യമായി പരിഗണിക്കുന്നതിനുവേണ്ടിയുള്ള ഉദ്യമങ്ങൾ നടക്കേണ്ടതുണ്ട്. ഈ ഉൾച്ചേർക്കൽ (Inclusion) പ്രക്രിയയിൽ സമൂഹത്തിലെ ഓരോ അംഗവും പങ്കാളിയാവേണ്ടത് ഒരു സാമൂഹിക ഉത്തരവാദിത്വമാണ്.

## തുടർപ്രവർത്തനങ്ങൾ

- ലിംഗവിവേചനത്തിനെതിരെ പോരാടിയ സ്ത്രീകളുടെ അനുഭവകഥകൾ ശേഖരിച്ച് ഒരു ഡിജിറ്റൽ ആൽബം തയാറാക്കുക.
- ലിംഗവിവേചനത്തിനെതിരെയുള്ള അതിജീവനവാർത്തകൾ ശേഖരിച്ച് ക്ലാസിൽ പ്രദർശിപ്പിക്കുക.

# കുറിപ്പുകൾ

## ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

# മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽക്കൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹികനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽനിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

## നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.

*ബന്ധപ്പെടേണ്ട വിലാസം:*

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംങ്ഷൻ,
കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34
ഫോൺ 0471 – 2326603
ഇ- മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in
വെബ്സൈറ്റ് : www.kescpcr.kerala.gov.in

ചൈൽഡ് ഹെൽപ്പ് ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ – 1800 425 1400
കേരള പൊലീസ് ഹെൽപ്പ് ലൈൻ - 0471 – 3243000/44000/45000

*online **R.T.E Monitoring : www.nireekshana.org.in***